**KOTTAYAM PUBLIC LIBRARY**

Call No. RM 954.83 MAN-J Acc.No. 35745

Author: മണി, ജെ. ജെ.

Title: ജനാധിപത്യം തിരു-കൊച്ചിയിൽ

# ജനാധിപത്യം
# തിരു-കൊച്ചിയിൽ

KOTTAYAM PUBLIC LIBRARY
KOTTAYAM.
KOTTAYAM

# ജനാധിപത്യം തിരു-കൊച്ചിയിൽ

A FACTUAL AND CRITICAL STUDY OF TRAVANCORE-COCHIN POLITICS SINCE INDEPENDENCE.

35745

ഗ്രന്ഥകർത്താ:
എം. എസ്. മണി

KOTTAYAM PUBLIC LIBRARY
KOTTAYAM.

DISTRIBUTORS
നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം
വില 1 ക. 4 ണ.

ഒന്നാംപതിപ്പ് കോപ്പി 1000
മാർച്ച് 1954
പകർപ്പവകാശം: പ്രസാധകന്

M954.83
Man-J

പ്രസാധകൻ:
**വള്ളംകുളം പി. ജി. പിള്ള**

അച്ചടി:
**ഇൻഡ്യാ പ്രസ്സ്, കോട്ടയം**

# ഈ ഗ്രന്ഥത്തെപ്പററി

ചുരുക്കത്തിൽ ഇതൊരു രാഷ്ട്രീയകഥയാണ്. തിരു-കൊച്ചിയുടെ ഇക്കഴിഞ്ഞ ഏഴു കൊല്ലത്തെ ഹൃദയസ്പൃശിയായ കഥ!

ഇതിലെ കഥാപാത്രങ്ങൾ ഇന്നാട്ടിലെ രാഷ്ട്രീയജീവിതത്തിൽ നമുക്കു നിത്യപരിചിതരാണ്. രാഷ്ട്രീയമായി ഉന്നതതലങ്ങളിൽ ജീവിക്കുന്നവരും, സമകാലികരുമായ വ്യക്തികളെപ്പററിയും, നാം ഓരോരുത്തരും, ഓരോ നിലയിൽ അടുത്തു് അറിഞ്ഞിട്ടുള്ള സംഭവഗതികളെപ്പററിയും, വിമർശനപരമായ ഒരു പ്രതിപാദനം, അപകടം പിടിച്ച ഒരു സാഹസസംരംഭമാണെന്നു്, ഇവിടെ വിസ്മരിക്കുന്നില്ല. "കഴിഞ്ഞതെല്ലാം മറക്കണമെന്നു്" രാഷ്ട്രീയനേതാക്കന്മാർ, സൗകര്യം പോലെ അഭ്യർത്ഥിക്കാറുണ്ടെങ്കിലും, കഴിഞ്ഞതൊന്നും മറക്കരുതെന്നും, മറയ്ക്കരുതെന്നും—അല്ല, കൂടെക്കൂടെ ഓർമ്മിക്കേണ്ടതാണെന്നും തുറന്നു പറയേണ്ടിയിരിക്കുന്ന ഒരു അടിയന്തിരഘട്ടമാണ് ഇന്നു് ഈ രാജ്യത്തു സംജാതമായിരിക്കുന്നതു്. അങ്ങനെ പറയുന്നതു് രാജ്യസേവനമാണെന്നും ഞാൻ വിശ്വസിക്കുന്നു.

ഏതെങ്കിലും ഒരു കക്ഷിയുടെ താല്പര്യങ്ങൾക്കു വേണ്ടിയോ ഏതെങ്കിലും പ്രത്യേക കക്ഷിയെ ഉയർത്തുകയോ, താഴ്ത്തുകയോ ചെയ്യണമെന്നുള്ള ഉദ്ദേശ

ത്തോടു കൂടിയോ അല്ല, ഈ ഗ്രന്ഥം രചിച്ചിട്ടുള്ള
ത്. ഇതിനെ ആ നിലയിൽ വായനക്കാരും സമീ
പിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. വസ്തുനി
ഷ്ഠവും, സത്യനിഷ്ഠവുമായ പ്രതിപാദനഗതിയിൽ,
ആർക്കെങ്കിലും, വേദനയുണ്ടാക്കുന്ന വിമർശനങ്ങൾ
വന്നുപോയിട്ടുണ്ടെങ്കിൽ, സത്യത്തോടു നീതികാണി
ക്കുക മാത്രമാണെന്നു സമാധാനിക്കുവാൻ, സംസ്കാ
രസമ്പന്നരായ വായനക്കാരോടു വിശേഷിച്ച് അഭ്യ
ർത്ഥിക്കേണ്ടതില്ലല്ലോ.

ഈ ഗ്രന്ഥത്തിൻെറ രചനയിൽ എനിക്കു ഹൃ
ദയപൂർവ്വം പ്രോത്സാഹനം നല്കുകയും, ഇതിൻെറ
പ്രസിദ്ധീകരണച്ചുമതല ഏറെറടുത്തു സഹായിക്കു
കയും ചെയ്ത ഇൻഡ്യാ പ്രസ്സ് മാനേജർ, ശ്രീമാൻ
വള്ളംകുളം പി. ജി. പിള്ളയോട് എനിക്കുള്ള സ
ഹോദരനിർവിശേഷമായ കടപ്പാട് രേഖപ്പെടുത്തി
ക്കൊള്ളുന്നു.

കൊല്ലം,
17. 3. '54.

ഗ്രന്ഥകർത്താ.

# പ്രസാധകക്കുറിപ്പ്

ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ സംഭവവികാസങ്ങൾ, നമ്മുടെ ശ്രദ്ധയേയും, ചിന്തയേയും അപഹരിച്ചിരിക്കുന്ന ഒരു കാലഘട്ടത്തിൽ, പ്രത്യേകിച്ചും, ഒരു തെരഞ്ഞെടുപ്പിനു ശേഷം 19 അംഗങ്ങളുള്ള ഒരു ന്യൂനപക്ഷപാർട്ടി അധികാരമേറെറടുത്തിരിക്കുന്ന ഈ ഘട്ടത്തിൽ, നമ്മുടെ ജനാധിപത്യഭരണചരിത്രത്തിലെ കഴിഞ്ഞകാലഏടുകൾ ഒന്നു മറിച്ചുനോക്കുവാൻ സന്ദർഭം ലഭിക്കുന്നതു് പ്രയോജനപ്രദമായിരിക്കുമല്ലോ. വ്യക്തികളുടെ, അധികാരരാഷ്ട്രതന്ത്രവും, വർഗ്ഗീയതയുടെ അഴിഞ്ഞാട്ടവും, എല്ലാം കൂടി നമ്മുടെ രാഷ്ട്രീയജീവിതത്തിൽ അവിശുദ്ധമായ ഒരു പാരമ്പര്യം തന്നെ സൃഷ്ടിച്ചിരിക്കുകയാണു്. ഈ തെരഞ്ഞെടുപ്പു കഴിഞ്ഞു് രണ്ടാമതും ശ്രീ. പട്ടം സത്യപ്രതിജ്ഞ ചെയ്തു മുഖ്യമന്ത്രി പദം ഏറെറടുത്തതുവരെയുള്ള സംഭവബഹുലമായ കഴിഞ്ഞ ഏഴു വർഷത്തെ തിരു-കൊച്ചിയുടെ രാഷ്ട്രീയ ചരിത്രം—വിമർശപരമായി, എന്നാൽ സത്യനിഷ്ഠമായി പ്രതിപാദിച്ചിരിക്കുന്ന ഈ രാഷ്ട്രീയ ഗ്രന്ഥം, രാഷ്ട്രീയവിദ്യാർത്ഥികൾക്കും, നേതാക്കന്മാർക്കും, വോട്ടറന്മാരായ ജനസാമാന്യത്തിനും ഒരുപോലെ പ്രയോജനപ്രദമായിരിക്കുമെന്നു പ്രസ്താവിക്കുവാൻ സന്തോഷമുണ്ടു്.

'പ്രഭാതം' ദിനപ്പത്രത്തിന്റെ പ്രധാന പത്രാധിപരായും മററും പ്രവത്തിച്ചു് പ്രസിദ്ധിയാജ്ജിച്ചിട്ടുള്ള, പ്രത്യേകിച്ചും ഇവിടത്തെ രാഷ്ട്രീയകാര്യങ്ങളുമായി സമ്പക്കം പുലത്തുവാൻ കഴിഞ്ഞിട്ടുള്ള, മി. എം. എസ്. മണി, ഒരു ചലച്ചിത്രത്തിലെന്നപോലെ നമ്മുടെ ഹൃദയത്തിൽ കൂടി കടത്തിവിടുന്ന ഈ രാഷ്ട്രീയസംഭവപരമ്പരകൾ, നമ്മെ ഇരുത്തി ചിന്തിപ്പിക്കുവാനും, രാഷ്ട്രീയ ഉണർവ്വും ഉന്മേഷവും നമ്മിൽ പകത്തുവാനും തികച്ചും പര്യാപ്തങ്ങളാണു്.

നിഷ്പക്ഷമതികളുടെ പ്രശംസയും, അനുഗ്രഹവും ഈ ഗ്രന്ഥത്തിനു നിർഭലാഭം ലഭിക്കുമെന്നു വിശ്വസിക്കുന്നു.

കോട്ടയം,
17. 3. '54.

# 1

# ഇൻഡ്യയിലെ രാഷ്ട്രീയരോഗി

# 1

**ഏഴുകൊല്ലത്തെ** കോൺഗ്രസ് ഭരണത്തിനു ശേഷം തിരു-കൊച്ചിയിലെ ജനങ്ങൾ ഇന്ന് ഏററവും നിരാശാഭരിതരായിത്തീർന്നിരിക്കുന്നു. ജനാധിപത്യം അവരുടെ പ്രതീക്ഷകളെ വഞ്ചിച്ചു. ഭാവിയെ അവർ ഭയപ്പെടുന്നു.

കന്യാകുമാരി മുനമ്പിൽ ചെന്നവസാനിക്കുന്ന ഇൻഡ്യൻ ഉപദ്വീപിൻെറ കൃത്ത അററത്തു കിടക്കുന്ന ഈ ദക്ഷിണപാശ്ചാസംസ്ഥാനത്തിൽ മനുഷ്യജീവിതം സൂചിമുനയിൽ നില്ക്കുകയാണ്. പ്രകൃതിലാവണ്യംകൊണ്ടു വിദേശികളായ സഞ്ചാരികളുടെ ഹൃദയം കവരുന്ന ഈ ഭൂഭാഗങ്ങളിൽ, സദാ പ്രതികൂലസാഹചര്യങ്ങളുമായി പടവെട്ടുന്ന ഒരു മനുഷ്യരാശിയുടെ വിയർപ്പും, കണ്ണീരും, രക്തവും കട്ടപിടിച്ചു കിടക്കുന്നു. ജീവിതമത്സരം ഇത്രയേറെ കൊടുമ്പിരിക്കൊണ്ടിട്ടുള്ള പ്രദേശങ്ങൾ ഇൻഡ്യയിൽ, എന്നല്ല, ലോകത്തിൽ തന്നെ മററെവിടെയെങ്കിലുമുണ്ടോ എന്നു സംശയമാണ്.

തിരു-കൊച്ചി ഒരൊററ സംസ്ഥാനമല്ല. ചരിത്രകാലങ്ങളിൽ പല നാട്ടുവാഴിസംസ്ഥാനങ്ങളേയും പടവെട്ടിപ്പിടിച്ച് ഒരൊററ രാജ്യമാക്കിത്തീർത്ത പഴയ തിരുവിതാംകൂറും, പഴയ കൊച്ചിയും സംയോജിപ്പിച്ച് ഇൻഡ്യൻ യൂണിയനിൽ ലയിപ്പിച്ചതിൻെറ ഫലമായുണ്ടായ ഇന്നത്തെ തിരു-കൊച്ചി സംസ്ഥാനം കോൺഗ്രസ്സിൻെറ ഒരു രാഷ്ട്രീയസൃഷ്ടിയാണ്. സാമുദായികമായ ചേരിതിരിവുകളും, പ്രാദേശികമായ വിഭിന്ന താല്പര്യങ്ങളും, സാമ്പത്തികവും, തൊഴിൽപരവുമായ ജീവിതത്തിൻെറ വ്യത്യസ്തനിലകളും, ഭാഷ, വേഷം, ആചാരം, വിശ്വാസം ഇത്യാദി കാര്യങ്ങളിൽ ഒരിക്കലും യോജിക്കാത്ത വൈരുദ്ധ്യങ്ങളും, തലമുറ തലമുറയായി നിലനിൽക്കുന്ന മാത്സര്യങ്ങളും മലനാട്ടിലെ സാമൂഹ്യബന്ധങ്ങളേയും ഒരു ജനതയെന്ന നിലയിലുള്ള ഈ നാട്ടുകാരുടെ ഐക്യത്തേയും എത്രമാത്രം ശിഥിലമാക്കിത്തീർത്തിട്ടുണ്ടെന്നും, മുകൾപരപ്പിൽ കാണുന്ന പ്രശാന്തതയുടെ അഗാധതലങ്ങളിൽ എത്ര ശക്തിമത്തായ അടിയൊഴുക്കുകൾ ഉണ്ടാക്കിയിട്ടുണ്ടെന്നും പുറമേ നിന്നു വരുന്ന ഒരു നിരീക്ഷകന് ഒററനോട്ടത്തിൽ മനസ്സിലാക്കാൻ സാധിക്കയില്ല. മലയാളികൾ, അല്ലെങ്കിൽ കേരളീയർ എന്നുള്ള വിശാലമായ സങ്കല്പം ഒന്നു മാത്രമാണ് ഈ മനുഷ്യവിഭാഗങ്ങളെ ഐക്യത്തിൽ അണിനിരത്തുന്ന യഥാർത്ഥരേഖ.

എന്നാൽ ആ സങ്കല്പം ഒരു സങ്കല്പം മാത്രമായിത്തന്നെ ഇന്നും അവശേഷിക്കുന്നു.

"ഇൻഡ്യ നില്ക്കുന്നതു് ഈ യൂണിയനാകുന്ന പാദത്തിന്മേലാണ്. പാദം ദുർബ്ബലമായി കാലുകൾ വിറച്ചു തുടങ്ങിയാൽ ഗാത്രത്തിനു ബലമുണ്ടാവുകയില്ല. ഇന്ത്യൻ

യൂണിയന് ഉറച്ചു നില്ക്കാൻ തക്കവണ്ണം ഈ പാദത്തിന്ന ശക്തിയുണ്ടാകണം—" എന്ന് 1950 മേയ് മാസത്തിൽ തിരു-കൊച്ചി സന്ദശിച്ച സർദാർ വല്ലഭായി പട്ടേൽ ഈ സംയുക്തസംസ്ഥാനത്തിലെ ജനങ്ങളെ ഉൽബോധിപ്പിക്കയുണ്ടായി. നിർഭാഗ്യവശാൽ ഈ പാദം ഇന്നും വിറയ്ക്കുകയാണ്; ഉണ്ണിക്കിടാവിൻെറ ഉറയ്ക്കാത്ത പിഞ്ചുകാൽ പോലെ പതറുകയാണ്. കാരണം തിരു-കൊച്ചി, പൂണ്ണ വളർച്ച പ്രാപിക്കാത്ത ഒരു രാഷ്ട്രീയസത്തയാണ്.

തിരുവിതാംകൂർ തിരുവിതാംകൂറായും, കൊച്ചി കൊച്ചിയായും നിലനിന്നിരുന്ന കാലത്ത് യഥാക്രമം അതാതു രാജസ്ഥാനങ്ങളോടുള്ള കൂറും, ഭക്തിയും (അതെത്ര ആത്മാത്ഥമായിരുന്നാലും, അല്ലെങ്കിലും) ഒരു സ്വരാജ്യസ്നേഹവും, ഐക്യബോധവും പൗരന്മാരുടെ ഇടയിൽ വളത്താൻ പയ്യാപ്തമായിരുന്നു. ഇന്ന് തിരുവിതാംകൂറെന്നും, കൊച്ചിയെന്നുമുള്ള പഴയ പരിഗണനകളെല്ലാം പരിത്യജിക്കുവാനും, ഇന്ത്യയോടു ഭക്തി പുലത്തുവാനും, ഇന്ത്യൻ യൂണിയനിൽ ഐക്യം കണ്ടെത്തുവാനും തിരു-കൊച്ചിയിലെ ജനങ്ങൾ കടപ്പെട്ടിരിക്കുകയാണ്. നൂററാണ്ടുകാലത്തെ പഴക്കമുള്ള പാരമ്പയ്യങ്ങൾ ഒരു രാത്രിയിട കൊണ്ടു മറക്കുവാനും, ഒരു തൂലികാചലനം കൊണ്ടു ചരിത്രഗതിയെ പാടേ മാററുവാനും രാഷ്ട്രതന്ത്രജ്ഞന്മാക്ക കഴിഞ്ഞേക്കും. പക്ഷേ, രാഷ്ട്രീയമാററങ്ങളുടേയും, ഭരണമാററങ്ങളുടേയും ഭാരം താങ്ങേണ്ട ജനാവലി ചരിത്രത്തിൻെറ അത്തരം പ്രതിസന്ധിനിമിഷങ്ങളിൽ അനുഭവിക്കുന്ന മനഃക്ലേശവും, ഹൃദയശൈഥില്യവും അവണ്ണനീയമാണ്. വിശാലമായ സങ്കല്പവിഹായസ്സിൽ വിഹരിക്കുക, മ

ധുരമായ പ്രതീക്ഷകളിൽ മുഴുകുക, കാലഗതിക്കതീതമായി ഭരണചക്രങ്ങൾ തിരിക്കുക, ആദർശങ്ങൾകൊണ്ടു കോട്ടകെട്ടുക—ഇതെല്ലാം രാഷ്ട്രീയകലാനിപുണന്മാർക്കു ക്ഷിപ്രസാദ്ധ്യമായ കാര്യങ്ങളാണു്. ജനങ്ങളുടെ ഹിതം സ്വന്തം ഹിതാഹിതങ്ങൾക്കു വിധേയമായിരിക്കുമെന്നുള്ള മുൻ വിധിയോടു കൂടി രാഷ്ട്രീയഭാഗധേയങ്ങൾ നിർണ്ണയിക്കുന്ന ഭരണാധികാരികൾ നിയമം ശാസിക്കുന്ന യുഗത്തിലാണു നാം ഇന്നു ജീവിക്കുന്നതു്. "നിയമത്തെപ്പററി എന്തെങ്കിലും പറയാൻ ജനങ്ങൾക്കെന്തധികാരം? നിയമത്തെ അനുസരിക്കുക മാത്രമല്ലേ അവരുടെ കടമ?" എന്നു സ്വേച്ഛാധിപത്യം അതിൻെറ പ്രാകൃതവും, പരുഷവും, നിഷ്ഠുരവുമായ ഭാഷയിൽ ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ടിരുന്ന സ്ഥാനത്തു്, ജനാധിപത്യം ഒരു ഭീരുവിനെപ്പോലെ പതുങ്ങി നിന്നുകൊണ്ടു് അതേ വെല്ലുവിളിതന്നെ കപടഭാഷയിൽ ആവർത്തിക്കുകയാണു്. തിരുവിതാംകൂർ-കൊച്ചി സംയോജനം ഐക്യകേരളത്തിൻെറ മുന്നോടിയാണെന്നുള്ള പച്ചക്കള്ളം പ്രചരിപ്പിച്ചു മലയാളികൾക്കു് അവരുടേതായ ഒരു നാടിനെപ്പററി അഭിമാനം കൊള്ളാനുള്ള അവകാശം പോലും നഷ്ടപ്പെടുത്തിയ തിരുവിതാംകൂറിലേയും കൊച്ചിയിലേയും കോൺഗ്രസ്സ് സ്വേച്ഛാധികാരികൾ സ്വയം കുഴിച്ച കുഴിയിൽ തന്നെ ഇന്നു സ്വയം ചാടിയിരിക്കുകയാണു്.

രണ്ടു രാജവാഴ്ചകളെ നശിപ്പിക്കുക എന്നതുമാത്രമായിരുന്നു അവരുടെ രാഷ്ട്രീയലക്ഷ്യം. ആ ലക്ഷ്യം അവർ നേടുകയും ചെയ്തു. പഴയ തിരുവിതാംകൂറിനേയും, പഴയ കൊച്ചിയേയും രാഷ്ട്രീയഭൂപടത്തിൽനിന്നു തുടച്ചുമാററാൻ

അവക്കു കഴിഞ്ഞു. പക്ഷേ, ജനങ്ങളുടെ ഹൃദയഭൂപടത്തിൽനിന്നു് ആ രാജ്യങ്ങൾ ഇനിയും മാഞ്ഞുപോയിട്ടില്ല. പുതിയ സംയുക്തസംസ്ഥാനം ഇന്നും ജീവിച്ചിരിക്കുന്ന പഴയ തിരുവിതാംകൂറുകാരൻേറയോ, പഴയ കൊച്ചീക്കാരൻേറയോ ഭാവനയെ ആകർഷിക്കുവാനോ, അവനിൽ ഒരു പുതിയ ദേശീയബോധം വളർത്തുവാനോ പര്യാപ്തമാകുന്നില്ലെന്നുള്ളതു് പരിതാപകരമായ ഒരു പരമാർത്ഥം മാത്രമാണു്. ഈ പ്രദേശങ്ങളിലെ അഭിമാനമുള്ള പൗരന്മാർ കഴിഞ്ഞുപോയ ആ പഴയ കാലങ്ങളെ ഓർത്തോർത്തു്, ഇന്നത്തെ ദുഷ്കാലവൈഭവത്തെ ശപിക്കുന്നു. "നാം നാടില്ലാത്ത പരിഷകളായിത്തീർന്നിരിക്കുന്നു." എന്ന പരാജയബോധത്തിൽ ജനഹൃദയങ്ങൾ ഇന്നു വെന്തുനീറുകയാണു്.

ഇൻഡ്യൻപൗരത്വത്തിൽ അവക്കെങ്ങനെ അഭിമാനം കൊള്ളാൻ കഴിയും?

സ്വന്തമായി ഒരു വീടില്ലാത്തവനു്, സ്വന്തം നാടിനെയോ; സ്വന്തമായി ഒരു നാടില്ലാത്തവനു് സ്വന്തം രാജ്യത്തേയോ സ്നേഹിക്കുവാൻ കഴിയുമോ?

കേവലം മനഃശാസ്ത്രപരമായ ഒരു പ്രശ്നമാണതു്. യഥാർത്ഥത്തിൽ, തിരു-കൊച്ചി എന്നൊരു നാടിനെപ്പററി തിരുവിതാംകൂറുകാരനോ, കൊച്ചീക്കാരനോ സങ്കല്പിക്കുവാൻ സാദ്ധ്യമല്ല. തിരുവിതാംകൂറും കൊച്ചിയുമാണു് അവൻെറ ഭാവനയിലുള്ള രാജ്യങ്ങൾ. ആ രാജ്യങ്ങൾ ഇന്നില്ലാതായിരിക്കുന്നു. എന്നാൽ ഗോകർണ്ണംമുതൽ കന്യാകുമാരി വരെയുള്ള ഭൂഭാഗം പരശുരാമൻ കടലിൽ മഴുവെറിഞ്ഞു് കരയാക്കിയെടുത്തതാണെന്നും, മലയാളികൾ മ

ഹാബലിയുടെ പ്രജകളാണെന്നും മററുമുള്ള ഐതിഹ്യ
ങ്ങളിൽ പ്രമോദനം കൊള്ളുകയും, ഭൂമിശാസ്ത്രപരവും,
ചരിത്രപരവുമായ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ പ്ര
കൃത്യാതന്നെ ഈ പ്രദേശം ഒരു പ്രത്യേക സംസ്ഥാനമാ
യിത്തീരാൻ അർഹതയുള്ളതാണെന്നു വിശ്വസിക്കുകയും
ചെയ്യുന്ന മലയാളികൾ ഒരു ഐക്യകേരളത്തെ അഭിമാ
നപൂർവ്വം വിഭാവനം ചെയ്യുന്നുണ്ടു്. കേരളസംസ്ഥാനത്തി
ലെ ജനങ്ങളെന്നുള്ള അഭിമാനത്തോടുകൂടി ഇൻഡ്യയെ
സ്നേഹിക്കുവാനും, ഇൻഡ്യയുടെ ഐക്യത്തിനും ഭദ്രത
യ്ക്കുംവേണ്ടി പരമാവധി സംഭാവന ചെയ്യുവാനും മലയാ
ളികൾക്കു കഴിയും. ചരിത്രമാകുന്ന നാഴികമണിയിലെ സൂ
ചികളെ പിന്നോട്ടു തിരിക്കുവാനോ, പഴയ തിരുവിതാം
കൂറും, പഴയ കൊച്ചിയും പുനഃസ്ഥാപിക്കുവാനോ, രാജ
വാഴ്ചയും, ദിവാൻഭരണവും, അഞ്ചലേപ്പാടും, പഴയ സ
ക്കാർ നാണയങ്ങളും, സാംസ്ഥാനികവിരുന്നുകളും, സ്ഥാ
നമാനങ്ങളും മററും വീണ്ടും നടപ്പാക്കാനോ ഇനിയുള്ള
കാലം സാദ്ധ്യമല്ല. ഇത്തരം സമ്പ്രദായങ്ങളുമായി ഇടപ
ഴകുകയും, അവയിൽ സ്വന്തം നാടിന്റെ ഗാംഭീര്യവും ഹൃ
ദയൈക്യവും ദർശിക്കുകയും ചെയ്ത ഈ നാട്ടുരാജ്യപ്രജകൾ
ക്കു ശീമയിലെ രാജസ്ഥാനത്തോടുപോലും കൂറു പ്രഖ്യാ
പിക്കുവാൻ ഒരു കാലത്തു കഴിഞ്ഞിരുന്നു. അതേ ജനങ്ങൾ
ക്കു സ്വതന്ത്രേൻഡ്യാ റിപ്പബ്ലിക്കിനേയും, ഈ റിപ്പബ്ലി
ക്കിന്റെ ചട്ടവട്ടങ്ങളേയും വേണ്ടവണ്ണം ആദരിക്കുവാനോ,
സ്നേഹിക്കുവാനോ ഇന്നു കഴിയുന്നില്ലെന്നുള്ളതു് ഒരു ദുഃഖ
സത്യമാണു്. സാമ്രാജ്യവാഴ്ചയും, രാജാധിപത്യവും, ദി
വാൻഭരണവും ജനഹൃദയങ്ങളിൽ വളത്തിയ ദേശീയവി

കാരംപോലും, ഒരു ദേശീയഗവണ്മെൻറിന് അവരുടെ ഇടയിൽ ഉളവാക്കാൻ കഴിയുന്നില്ലെന്നുള്ളതു് കോൺഗ്രസ്സ്ഭരണത്തിൻെറ ലജ്ജാകരമായ ഒരു പരാജയമാണ്. തിരുവിതാംകൂറിലേയും, കൊച്ചിയിലേയും ജനങ്ങളുടെ പ്രാഥമികമായ ദേശീയസത്തയുടെ കഴുത്തു ഞെരിച്ചശേഷം അവരെക്കൊണ്ടു്, "ജെയ് ജെയ് ഭാരതമാതാ" എന്നു വിളിപ്പിക്കാൻ ശ്രമിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. തിരു-കൊച്ചിയിലെ ജനങ്ങൾ ഇൻഡ്യൻ പൗരത്വത്തിലേയ്ക്കു് മാനസികമായി ഉയരുകയും, "ഇൻഡ്യൻയൂണിയന് ഉറച്ചുനില്ക്കാൻ തക്കവണ്ണം ശക്തി പ്രാപിക്കുക"യും ചെയ്യുന്നമെങ്കിൽ, തങ്ങൾക്കു് തങ്ങളുടേതാണെന്നു് അഭിമാനിക്കത്തക്ക ഒരു നാടുണ്ടെന്നും, അതു കേരളമാണെന്നുമുള്ള ദൃഢമായ ബോധ്യം അവരിൽ ഉളവാക്കുകയാണു് ഇനിയത്തെ അടിയന്തിരമായ ആവശ്യം.

തിരു-കൊച്ചി സംസ്ഥാനം ഇന്നു് ഇൻഡ്യയിലെ ഒരു രാഷ്ട്രീയരോഗിയാണു്. ദേശീയവികാരങ്ങൾക്കോ, അഭിമാനകരമായ പൗരത്വത്തെക്കുറിച്ചുള്ള മധുരസ്മരണകൾക്കോ യാതൊരു സ്ഥാനവുമില്ലാത്ത ശൂന്യതയിലാണു് ഇവിടത്തെ ജനങ്ങൾ കഴിഞ്ഞുകൂടുന്നതു്. അവരുടെ ആത്മവീര്യം ഉലഞ്ഞിരിക്കുന്നു. മദ്ധ്യകാലങ്ങളിലെ കിടമത്സരങ്ങൾ പുതിയ രൂപത്തിൽ ആവത്തിക്കപ്പെടുന്നു. പ്രാദേശികവും, വർഗ്ഗീയവും, വിഭാഗീയവുമായ ഛിദ്രവാസനകൾ സർവ്വത്ര പരക്കുന്നു. ജനാധിപത്യത്തിൻെറ ഇന്നത്തെ പുറംപാടുകളിൽ അധികാരമോഹികളായ രാഷ്ട്രീയകക്ഷികൾക്കു് ജനങ്ങളുടെ ശൈഥില്യത്തേയും, ചേ

രിതിരിവിനേയും ഉപാധിയാക്കി കൂടുതൽ കൂടുതൽ അനുയായികളെ നേടാനും, കൂടുതൽ കൂടുതൽ വിഭാഗീയവോട്ടുകൾ സംഘടിപ്പിക്കാനും, സാക്ഷാത്തായ പ്രശ്നങ്ങളിൽനിന്ന് മിഥ്യാബോധങ്ങളിലേയ്ക്കും, വ്യാമോഹങ്ങളിലേയ്ക്കും ദുർബലഹൃദയങ്ങളെ ആകർഷിക്കാനും അനുകൂലമായ സാഹചര്യമാണിതു്.

തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷം രണ്ടു പൊതുതെരഞ്ഞെടുപ്പുകൾ നടത്തിയിട്ടും ഈ സംയുക്തസംസ്ഥാനത്തിന് ഭദ്രമായ ഒരു ഗവണ്മെൻറ് ഉണ്ടായിട്ടില്ല. തിരുവിതാംകൂർ തിരുവിതാംകൂറായും, കൊച്ചി കൊച്ചിയായും നിലനിന്നിരുന്ന കാലത്തു് മന്ത്രിസഭാമാററങ്ങൾ രണ്ടു സ്റ്റേററിലും ഉണ്ടായിട്ടുണ്ടെങ്കിലും രാഷ്ട്രീയ ഭദ്രതയുടെ പൊതുവായ താല്പര്യങ്ങൾ ഇന്നത്തെപ്പോലെ ഒരിക്കലും ഭഞ്ജിക്കപ്പെട്ടിട്ടില്ല. രണ്ടിടത്തേയും നിയമസഭാകക്ഷിനില ഒരു ഉറച്ച ഗവൺമെൻറിൻെറ നിലനില്പിന് സഹായകമായിത്തന്നെ തുടൎന്നുവന്നു. മന്ത്രിസഭാമാററങ്ങൾ ഭരണകക്ഷിയിലെ ആഭ്യന്തരഭിന്നതകൾ കൊണ്ടുമാത്രം ഉണ്ടായതായിരുന്നു. സംയോജനത്തിനുശേഷം ഭരണകക്ഷിയായ കോൺഗ്രസ്സിൻെറ നില കൂടുതൽ ഭദ്രമാകുമെന്നാണ് പ്രതീക്ഷിക്കപ്പെട്ടതെങ്കിലും, അനുഭവം മറിച്ചായിരുന്നു. കോൺഗ്രസ്സിനുള്ളിൽനിന്ന് കോൺഗ്രസ്സിനെതിരായി പ്രതിപക്ഷങ്ങൾ പൊട്ടിപ്പുറപ്പെടുകയും, ഗവൺമെൻറിനെ വെല്ലുവിളിക്കുകയും ചെയ്തുതുടങ്ങി. തിരുവിതാംകൂർ ദേവസ്വങ്ങളെ സംബന്ധിച്ച് തിരുവിതാംകൂറിലെ ഹൈന്ദവവിഭാഗത്തിനു പ്രത്യേകം താല്പര്യമുള്ള ഒരു നിയമനിൎമ്മാണം കൊച്ചിഗ്രൂപ്പിൻേറയും, കോട്ടയം

ക്രിസ്ത്യൻ ഗ്രൂപ്പിൻേറയും പിൻതുണയോടുകൂടി ഗവ ണ്മെൻറ് പാസ്സാക്കിയെടുത്തതു് ഹിന്ദുസമുദായനേതാക്ക ളെ രോഷാകുലരാക്കി. അവർ നിയമസഭയ്ക്കകത്തു് ഒരു ഡെമോക്രാററിക് കോൺഗ്രസ്സ് സംഘടിപ്പിക്കുകയും, ഹിന്ദുമഹാമണ്ഡലത്തിൻെറ കൊടിക്കീഴിൽ ഹിന്ദുജനവി ഭാഗങ്ങളെ അണിനിരത്താനുള്ള രാജ്യവ്യാപകമായ ശ്രമ ങ്ങൾ നടത്തുകയും ചെയ്തു. ക്ഷേത്രങ്ങൾ തീവച്ചു നശിപ്പി ച്ചുവെന്നും, വിഗ്രഹങ്ങൾ തല്ലിത്തകർത്തുവെന്നും മററുമു ള്ള ആരോപണങ്ങൾ തുടർച്ചയായി ഉന്നയിക്കപ്പെട്ടു. തിരു-കൊച്ചി കോൺഗ്രസ്സ് ഒരു ക്രിസ്ത്യൻകോൺഗ്രസ്സാ ണെന്നും, ഗവണ്മെൻറ് ക്രിസ്ത്യാനിയുടേതാണെന്നുമുള്ള പ്രചരണങ്ങളാൽ ഹിന്ദുവർഗ്ഗീയതയെ ആളിക്കത്തിക്കാൻ സമുദായനേതാക്കൾക്കു കഴിഞ്ഞു. ഹൈക്കോടതി തിരുവ നന്തപുരത്തുനിന്ന് എറണാകുളത്തേയ്ക്കു മാററിയതിനെ ത്തുടന്ന് സംസ്ഥാനത്തിൻെറ തെക്കൻവിഭാഗങ്ങളിലെ ജനങ്ങൾ ഗവണ്മെൻറിനെതിരായി തിരിഞ്ഞു. കോൺ ഗ്രസ്സിലെ ആഭ്യന്തരസമ്മർദ്ദത്തിൻെറയും, രാജ്യവ്യാപ കമായ വർഗ്ഗീയക്കോളിളക്കത്തിൻേറയും ആഘാതത്തില്പ്പെ ട്ടു് "ടി. കെ. മന്ത്രിസഭ' രാജിവച്ചു. തുടന്ന് ശ്രീ. സി. കേശ വൻെറ നേതൃത്വത്തിൽ ആവിർഭവിച്ച മന്ത്രിസഭയിൽ കൊച്ചീവിഭാഗത്തിന് അർഹമായ പ്രാതിനിധ്യം നല്കി യില്ലെന്നുള്ള ആക്ഷേപം ഉണ്ടാവുകയും, തിരുവിതാംകൂ റും കൊച്ചിയുംതമ്മിലുള്ള ആദ്യത്തെ ആഭ്യന്തരസമരം ആരംഭിക്കുകയും ചെയ്തു. കൂടാതെ കോൺഗ്രസ്സ്മന്ത്രിസ ഭയും, കോൺഗ്രസ്സ് സംഘടനയും തമ്മിൽ ഒരു "പാട്ട രാഷ്ട്രീയ"ത്തിൻെറ പേരിൽ ഭിന്നിച്ചുകഴിഞ്ഞതും ഇക്കാല

ത്തായിരുന്നു. കശുഅണ്ടി നിറയ്ക്കുന്നതിനുള്ള പാട്ടനിർമ്മിക്കുന്നതിന് ഇൻഡ്യാഗവമ്മെൻറിൽനിന്നനുവദിക്കുന്ന ടിൻ കോട്ടായുടെ കാര്യത്തിൽ കൊല്ലത്തുള്ള ഒരു ഈഴവമുതലാളിക്കുവേണ്ടി മന്ത്രിസഭയും, ഒരു മുസ്ലീംവ്യവസായപ്രമുഖനുവേണ്ടി സംഘടനാനേതൃത്വവും ഭിന്നചേരികളിൽ നിന്നുകൊണ്ട് സമരം ചെയ്ത കഥയാണ് പാട്ടരാഷ്ട്രീയം. 1952-ലെ ആദ്യത്തെ പൊതുതെരഞ്ഞെടുപ്പു നടന്നപ്പോൾ കോൺഗ്രസ്സ് പരസ്പരം മത്സരിക്കുന്ന ഗ്രൂപ്പുകളുടെ ഒരു സംഘാതമായിട്ടാണ് ജനങ്ങളെ അഭിമുഖീകരിച്ചതു്. ഇതിനിടയിൽ കോൺഗ്രസ്സിനുള്ളിൽനിന്നു പിരിഞ്ഞുപോയ ഡെമോക്രാററിക് കോൺഗ്രസ്സിനെ വീണ്ടും കോൺഗ്രസ്സിനുള്ളിൽ കൊണ്ടുവരാൻ കഴിഞ്ഞുവെങ്കിലും, ഹിന്ദുജനസാമാന്യത്തോടു കാണിച്ച ഒരു വിശ്വാസവഞ്ചനയായിട്ടാണ് ആ പുനഃസംയോജനം, അഥവാ ലയനം, വീക്ഷിക്കപ്പെട്ടതു്. മുതലാളിവിഭാഗങ്ങളും കോൺഗ്രസ്സിനെ എതിർത്തിരുന്നു. അവർ ഒരു റിപ്പബ്ലിക്കൻ പ്രജാപ്പാർട്ടി സംഘടിപ്പിക്കുകയും കോൺഗ്രസ്സിനോടു സമരം പ്രഖ്യാപിക്കുകയും ചെയ്തു. ഇങ്ങനെ നാനാപ്രകാരേണ കോൺഗ്രസ്സിന്റെ ശക്തി ക്ഷയിച്ചുകൊണ്ടിരിക്കുകയും, കോൺഗ്രസ്സിൽ ജനങ്ങൾ അർപ്പിച്ചിരുന്ന വിശ്വാസങ്ങൾ തകർന്നുകൊണ്ടിരിക്കുകയും ചെയ്തപ്പോഴാണ് ഇടതുപക്ഷപ്പാർട്ടികളുടെ മുന്നേററം ആരംഭിച്ചതു്.

പതിന്നാലു കൊല്ലക്കാലം തിരുവിതാംകൂർ സ്റ്റേററ് കോൺഗ്രസ്സിൻെറ പ്രസിഡൻറായിരിക്കുകയും, ഉത്തരവാദഭരണലബ്ധിയോടുകൂടി തിരുവിതാംകൂറിലെ പ്രഥമകോൺഗ്രസ്സ് മന്ത്രിസഭയെ നയിക്കുകയും ചെയ്ത ശ്രീ. പട്ടം

താണുപിള്ള തന്റെ പാർട്ടിയിലെ ഒരു ഭൂരിപക്ഷഗ്രൂപ്പിന്റെ സമ്മർദ്ദത്തിനു വിധേയനായി സ്വമേധയാ രാജിവയ്ക്കുകയും, പിന്നീട് സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേരുകയും ചെയ്തിരുന്നു. തിരുവിതാംകൂറിലെ ജനങ്ങൾ ഹൃദയവേദനയോടുകൂടി ഇന്നും സ്മരിക്കുന്ന ഒരു "ഒപ്പിയാൻ രാഷ്ട്രീയ"ത്തിന്റെ കുതികാൽ വെട്ടു മൂലമാണ് പട്ടം കോൺഗ്രസ്സിൽ നിന്നു വിട്ടുപിരിഞ്ഞതു്. അദ്ദേഹം സ്വതേ ഒരു യാഥാസ്ഥിതികനും, ആഭിജാത്യഗർവ്വിഷ്ഠനും, ഈശ്വരവിശ്വാസിയും, അക്രമരാഹിത്യസിദ്ധാന്തത്തിൽ അടിയുറച്ചുനില്ക്കുന്ന ആളുമാണ്. കോൺഗ്രസ് മുഖ്യമന്ത്രിയായിരുന്ന കാലത്തു് "സോഷ്യലിസവും കമ്മ്യൂണിസവും ഈ നാട്ടിലെ മണ്ണിൽ വളരുകയില്ല" എന്നു് അദ്ദേഹം വീറോടുകൂടി പ്രഖ്യാപിച്ചത്രേ. * കോൺഗ്രസ്സിലെ ഒരു വർഗ്ഗീയഗ്രൂപ്പിൽപെട്ട അറുപത്തഞ്ചുപേർ ഒപ്പിട്ട ഒരവിശ്വാസക്കത്തു് കിട്ടിയ ക്ഷണത്തിൽ, അഭിമാനിയായ ആ കുലീനൻ മുഖ്യമന്ത്രിപദം രാജിവയ്ക്കുകയാണുണ്ടായതു്. അതുമുതൽ അദ്ദേഹം കൂടുതൽ കൂടുതൽ ഇടത്തോട്ടേയ്ക്കു ചാഞ്ഞുതുടങ്ങി. കോൺഗ്രസ്സുകാർ തന്നോടു ചെയ്ത ആ ദ്രോഹത്തിന്റെ പശ്ചാത്തലത്തിലാണ് രാഷ്ട്രീയകാര്യങ്ങളെ ഇന്നും അദ്ദേഹം വീക്ഷിക്കുന്നതു്. പട്ടം കണ്ണീരും കൈയുമായി കോൺഗ്രസ്സിൽനിന്നു പിരിഞ്ഞുപോയതോടുകൂടിയാണ് തിരുവിതാംകൂറിൽ ആ ദേശീയസംഘടന

---

* ശ്രീ. പട്ടത്തിന്റെ ഒരു പ്രസംഗം ഒരു പത്രത്തിൽ തെററായി റിപ്പോർട്ടു ചെയ്തതുമൂലമാണു്, ഈ ധാരണ പരക്കാൻ ഇടയായതു്, ശ്രീ. പട്ടം അങ്ങനെ പ്രസ്താവിച്ചിട്ടില്ലെന്നു്, ലേഖകനും, ശ്രീ. പട്ടവും പിന്നീടു പ്രസ്താവിച്ചിട്ടുണ്ടു്.

യുടെ അധഃപതനം ആരംഭിച്ചതു്. പട്ടം സോഷ്യലിസ്റ്റാ യതു് സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലമായിരുന്നു. എന്നാൽ സോഷ്യലിസ്ററുപാർട്ടി ഒരു പാർട്ടി എന്ന നിലയിൽ ഈ നാട്ടിൽ ദൃഢമൂലമോ, സുസംഘടിതമോ ആയിരുന്നില്ല. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നേതാക്കന്മാർ പലരും ഒളിവിലായിരുന്നു. ആർ. എസ്. പി., കെ. എസ്. പി. എന്നീ ഇടതുപക്ഷങ്ങൾ അവിടവിടെ ചില പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നു. കോൺഗ്രസ്സിൻെറ ബലക്ഷയം ഈ പാർട്ടികൾക്കെല്ലാം ഒരു പുതിയ പ്രാധാന്യം രാഷ്ട്രീയരംഗത്തിൽ നേടുന്നതിനു സഹായകമായ സാഹചര്യങ്ങൾ സൃഷ്ടിച്ചു. ഇതു കൂടാതെ ഒട്ടധികം സ്വതന്ത്രന്മാരും കോൺഗ്രസ്സിനെ എതിർത്തു. തെക്കൻ തിരുവിതാംകൂറിലെ തമിഴ്പ്രദേശങ്ങളെ തമിഴ്നാടിനോടു ചേർക്കണമെന്നുള്ള വാദം കുറേക്കാലമായി മുഴക്കിക്കൊണ്ടിരിക്കുന്ന തിരുവിതാംകൂർ തമിഴ്നാട്ടുകോൺഗ്രസ്സ്, തിരുവിതാംകൂർ-കൊച്ചി സംയോജനത്തെത്തുടർന്നുള്ള പുതിയ രാഷ്ട്രീയസാഹചര്യത്തിൽ കൂടുതൽ പ്രാബല്യവും ശക്തിയും ആർജ്ജിച്ചു. സംയോജനം ഐക്യകേരളത്തിൻെറ മുന്നോടിയായിരിക്കുമെന്നുള്ള പ്രചരണം, തമിഴ് ഭാഷാവാദികളായ രാഷ്ട്രീയപ്രവർത്തകർക്ക് തമിഴ്ജനതയുടെയിടയിൽ ഒരു പരിഭ്രമവും ഉൽക്കണ്ഠയും ജനിപ്പിക്കുന്നതിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചിരുന്നു. മലയാളികൾക്ക് അവരുടേതായ ഒരു സംസ്ഥാനം ലഭിക്കുവാൻ പോകുന്നുവെന്നും, ഈ സംസ്ഥാനത്തിനുള്ളിൽ തമിഴരുടെ ഭാവി അപകടത്തിലാണെന്നും അവർ പ്രചരണം നടത്തി. തമിഴ്നാട്ടുകോൺഗ്രസ്സിനു വോട്ടുചെയ്തു

തങ്ങളുടെ നില ബലപ്പെടുത്തുവാൻ അവർ തമിഴരെ ആഹ്വാനം ചെയ്തു. യഥാൎത്ഥത്തിൽ മലയാളികൾ അവരുടേതായ നാടുപോലും നഷ്ടപ്പെട്ട് ഒരു രാഷ്ട്രീയശൂന്യതയിൽ കഴിയുകയായിരുന്നു! തമിഴരാകട്ടെ, തമിഴ്നാട്ടിലെ മണ്ണിൽ ഉറച്ചു നില്ക്കുകയും.

തിരുവിതാംകൂറിലെ തമിഴ്കോൺഗ്രസ്സിന്റെ തമിഴ്നാടുവാദം ദുർബ്ബലമായ ഒരടിസ്ഥാനത്തിലാണ് കെട്ടിപ്പടുത്തിട്ടുള്ളത്. ചരിത്രമോ,ഭൂമിശാസ്ത്രമോ, സാമൂഹ്യവും, സാമ്പത്തികവും, സാംസ്കാരികവുമായ വസ്തുതകളോ രാഷ്ട്രീയയാഥാൎത്ഥ്യങ്ങളോ ആ വാദത്തെ സാധൂകരിക്കുകയില്ല. ചരിത്രപരമായി തിരുവിതാംകൂർ അതിന്റെ ആദ്യരൂപത്തിൽ കന്യാകുമാരിമുതൽ ഇടവാവരെയുള്ള ഭൂഭാഗമായിരുന്നു. അതിനു മുമ്പ്, പെരുമാക്കന്മാരുടെ ഭരണകാലത്തും മററും കേരളം ഒരൊററ രാജ്യമായി നിലകൊണ്ടിരുവെന്നുള്ളതും ഒരു ചരിത്ര സത്യമാണ്.തെക്കൻ തിരുവിതാംകൂറിലെ തമിഴ്ഭാഷതന്നെയും മലയാളത്തിന്റെ ആദിമരൂപമാണ്. പഴയ തിരുവിതാംകൂർ സക്കാരിന്റെ എഴുത്തുകുത്തുകളിലും ചെപ്പേടുകളിലും മററും ആ തമിഴ്ഭാഷ ഉപയോഗിച്ചിരുന്നതായി കാണാം. ഒരു തലമുറയ്ക്കു മുമ്പുള്ള തിരുവിതാംകൂറിലെ വിദ്യാഭ്യാസം ആരംഭത്തിൽ തമിഴിൽ നടത്തിയിരുന്നതായിട്ടാണ് അറിവ്. തമിഴ്പ്രദേശങ്ങളോടുള്ള അടുപ്പംകൊണ്ട് തെക്കൻ തിരുവിതാംകൂറിലും ദേവികുളത്തും മററും തമിഴ്ഭാഷ കൂടുതൽ സ്വാധീനശക്തി ചെലുത്തിയിട്ടുണ്ടെന്നല്ലാതെ, ആ പ്രദേശങ്ങൾ എന്നെങ്കിലും തമിഴ്നാടിന്റെ ആധിപത്യത്തിൽ ഇരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നില്ല.

സഹ്യാദ്രിക്കും അറബിക്കടലിനും ഇടയ്ക്കുള്ള ഭൂഭാഗം പ്രകൃത്യാതന്നെ ഒരു പ്രാദേശികഘടകമാണ്. ഈ പ്രദേശത്തിൻെറ പ്രകൃതിദത്തമായ അതിരുകറംക്കുള്ളിൽ തന്നെയാണ് തെക്കൻ തിരുവിതാംക്കൂറിലെ തമിഴ്പ്രദേശങ്ങളും കിടക്കുന്നതു്. തിരുവിതാംക്കൂർരാജ്യത്തിൻെറ അഭിവൃദ്ധിക്കും ഐശ്വര്യത്തിനും വേണ്ടി തെക്കൻ തിരുവിതാംക്കൂറിലെ ജനങ്ങറം അനുഭവിച്ചിട്ടുള്ള ത്യാഗങ്ങളും, തെക്കൻ തിരുവിതാംക്കൂറുകാരായ പല മന്ത്രിപുംഗവന്മാരും, പടത്തലവന്മാരും രാജവംശത്തിനുവേണ്ടി അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളും, ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി തിരുവിതാംക്കൂർ സക്കാർ നല്കിയിട്ടുള്ള സംഭാവനകളുമെല്ലാം ത്യാജ്യകോടിയിൽ തള്ളി, ചരിത്രപാരമ്പര്യങ്ങളേയും സാമൂഹ്യബന്ധങ്ങളേയുമെല്ലാം കാററിൽ പറത്തി, ഒരു കൂട്ടം ഭാഷാവെറിയന്മാരുടെ രാഷ്ട്രീയതൃഷ്ണയ്ക്കുവേണ്ടി കേരളത്തിൻെറ ഒരററം അറത്തുമുറിച്ച് തമിഴ്നാടിനോടു ചേക്കുകയെന്നുവച്ചാൽ അതിലുരം ഭാവനാശൂന്യമായ ഒരു പരമവിഡ്ഢിത്തത്തെപ്പററി സങ്കല്പിക്കുവാൻ പോലും സാദ്ധ്യമല്ല. തമിഴ് പ്രദേശങ്ങളെന്നു പറയപ്പെടുന്ന ഈ തെക്കൻ തിരുവിതാംക്കൂർ ഭാഗങ്ങളെ കേരളത്തിൻെറ കെട്ടുപാടിൽ നിന്ന് ഇത്രത്തോളം അകററുകയും, അവിടത്തെ ജനങ്ങറം തങ്ങളുടെ കൂറ് തമിഴ്നാട്ടിൽ അർപ്പിക്കുവാനും, തങ്ങളുടെ ഭാവിഭാഗധേയങ്ങറം തമിഴ്നാട്ടിലാണെന്ന് സങ്കല്പിക്കുവാനും ഇടവരുത്തുകയും ചെയ്തതു് ഇവിടത്തെ കോൺഗ്രസ്സ് ഭരണാധികാരികളാണ്. ആ പ്രദേശങ്ങറം തമിഴ്പ്രദേശങ്ങളാണെന്നുള്ള വാദത്തിനു വഴങ്ങിക്കൊടുക്കുകയും, അതനുസ

35745

രിച്ചുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തതു് കോൺഗ്രസ്സ്സക്കാരാണു്. തെക്കൻതിരുവിതാംകൂറിലെ തമിഴരും, കേരളീയരെന്നുള്ള വിശാലഭാവനയിൽ ഉൾപ്പെട്ടുന്നവരാണെന്നുള്ള ബോധം അവരിൽ ജനിപ്പിക്കുന്നതിനു പകരം, അവരിൽ കൂടുതൽ കൂടുതൽ തമിഴ്ബോധം വളർത്തുകയാണു് കോൺഗ്രസ്സ്സക്കാർ ചെയ്തതു്. ഐക്യകേരളത്തെ ഇന്നു തമിഴർ എതിർക്കുന്നുണ്ടെങ്കിലും, ഒരു കേരളഗവമ്മെൻറിന് ഒരു പുതിയ കേരളീയാഭിമാനം അവരിൽ വളർത്തുവാനും, ഒരു കേരളസംസ്കാരപുനരുജ്ജീവനപദ്ധതിയനുസരിച്ചു് ആ തമിഴ്പ്രദേശങ്ങളെ ഒരു നിശ്ചിതകാലത്തിനകം മലയാളീകരിക്കുവാനും സാധിക്കുന്നതാണു്. തിരുവിതാംകൂർ സ്വതന്ത്രതിരുവിതാംകൂറായി നിലകൊള്ളണമെന്നും, ഐക്യകേരളം ഉണ്ടാകരുതെന്നും ശഠിച്ച ദിവാൻ സർ സി. പി. യാണു് യഥാർത്ഥത്തിൽ തമിഴ്നാട്ടുകോൺഗ്രസ്സിൻെറ ആവിർഭാവത്തിനു കാരണഭൂതനായിത്തീർന്നതു്. തിരുവിതാംകൂറിലെ ദേശീയഗവമ്മെൻറു് ആദ്യംമുതൽതന്നെ ആത്മാർത്ഥമായി ശ്രമിച്ചിരുന്നുവെങ്കിൽ ആ രാഷ്ട്രീയക്കരുക്കു് അഴിക്കുവാൻ യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. സംസ്ഥാനത്തിൻെറ ഭരണകാര്യങ്ങളിൽ തമിഴരുടെ ഫലപ്രദമായ ഭാഗഭാഗിത്വം നേടുക എന്നതു് ഒരു ദേശീയഗവമ്മെണ്ടിൻെറ ഒഴിച്ചുകൂടാത്ത ചുമതലയായിരുന്നു. ആ ചുമതല നിവ്വഹിക്കുന്നതിൽ ദേശീയഗവമ്മെൻറു് പ്രദർശിപ്പിച്ച ഉദാസീനമനോഭാവം തമിഴരെ കൂടുതൽ കൂടുതൽ അകററുകയാണുണ്ടായതു്.

KOTTAYAM PUBLIC LIBRARY KOTTAYAM

വടക്കൻപ്രദേശങ്ങളേയും തെക്കൻപ്രദേശങ്ങളേയും

വിഭജിച്ചു ഭരിക്കുക എന്നതായിരുന്നു സ്വേച്ഛാധികാരിയായ സർ സി. പി. യുടെ നയം. അദ്ദേഹത്തിന്റെ ഭരണകാലത്ത് വടക്കൻ തിരുവിതാംകൂറിനെ അപേക്ഷിച്ച് കൂടുതൽ നേട്ടങ്ങൾ തെക്കൻ തിരുവിതാംകൂറിനു കൈവന്നു എന്നുള്ളതും ഒരു തുറന്ന പരമാർത്ഥമാണ്. എന്നാൽ അന്നും തെക്കൻ തിരുവിതാംകൂർ ഒരു പ്രത്യേക വിഭാഗമാണെന്ന് ആരും അവകാശപ്പെട്ടിരുന്നില്ല. കോൺഗ്രസ്സ്സർക്കാർ അധികാരത്തിൽ വന്നതോടുകൂടി ഇൻഡ്യയൊട്ടുക്കുണ്ടായ ഭാഷാസംസ്ഥാനവാദങ്ങളുടെ പശ്ചാത്തലത്തിൽ തെക്കൻതിരുവിതാംകൂറിലെതമിഴ്നാടുകോൺഗ്രസ്സും തമിഴ്നാടുലയനത്തിനുവേണ്ടി വാദിച്ചുതുടങ്ങി. തിരു-കൊച്ചി സംയോജനം ആ വാദത്തിന് കൂടുതൽ ഉപോൽബലകമായിത്തീർന്നു. ഭാഷാസംസ്ഥാനക്കൂറിനെ ഉപാധിയാക്കി ജനങ്ങളിൽ കൃത്രിമമായ ഒരു ദേശീയാഭിമാനം വളർത്താൻ തമിഴ്നാടുകോൺഗ്രസ്സ്നേതാക്കൾക്കു കഴിഞ്ഞപ്പോൾ, തിരുവിതാംകൂറിലേയും കൊച്ചിയിലേയും ജനങ്ങൾ തങ്ങളുടെ ദേശീയചൈതന്യത്തിന്റെ അധഃപതനം ദർശിക്കുകയായിരുന്നു.

1952-ലെ പൊതുതെരഞ്ഞെടുപ്പിൽ തെക്കൻതിരുവിതാംകൂറൊഴിച്ചുള്ള പ്രദേശങ്ങളിലെ ജനങ്ങൾ ചേരിതിരിഞ്ഞും, കൂറു പിരിഞ്ഞും, മനസ്സുലഞ്ഞും, രാഷ്ട്രീയകക്ഷികളുടെ മാദകമായ വാഗ്ദാനങ്ങളിൽ ഭ്രമിച്ചും, ഒരു ലക്ഷ്യം ലഗാനുമില്ലാതെ വോട്ടുചെയ്യുകയായിരുന്നു. അതിൽ അവരെ കുററപ്പെടുത്തുവാനില്ല. ദേശീയമൂല്യങ്ങളെക്കുറിച്ചും, അഭിമാനകരമായ ഒരു പൌരത്വത്തെക്കുറിച്ചും വികാരഭരിതമായി ചിന്തിച്ചുകൊണ്ട്, ബോധപൂർവ്വം

വോട്ടുചെയ്തു്, രാജ്യത്തിൻെറ സൽപേരും ഭദ്രതയും നില നിർത്തത്തക്ക ഒരു ഗവമ്മേൻറുണ്ടാക്കണമെന്നുള്ള ദൃഢനിശ്ചയം അവരിൽ ഉളവാക്കാൻ പര്യാപ്തമായ യാതൊന്നും തന്നെ അവരുടെ മുമ്പിൽ കാണ്മാനില്ലായിരുന്നു. തമ്മിൽ തല്ലി തല കീറിയിരുന്ന ഒരു കോൺഗ്രസ് പാർട്ടിയും, ഹൃദ്യമായ വാഗ്ദാനങ്ങളും, ഉന്നതമായ ആദർശങ്ങളും, ചേതസ്സമാകർഷകമായ പരിപാടികളും ആവിഷ്കരിച്ച ഇടതുപക്ഷ പാർട്ടികളും ജനങ്ങളുടെ ഇടയിൽ ഒരു മാനസികവിപ്ലവം സൃഷ്ടിച്ചു. തെരഞ്ഞെടുപ്പിൽ യാതൊരു പാർട്ടിക്കും ഭദ്രമായ ഒരു ഗവമ്മേൻറു രൂപീകരിക്കത്തക്ക ഭൂരിപക്ഷം കിട്ടിയില്ല. 109 അംഗങ്ങളുള്ള സംസ്ഥാന നിയമസഭയിൽ, കോൺഗ്രസ് 44, കമ്യൂണിസ്റ്റ്-ആർ. എസ്. പി.-കെ. എസ്. പി.-ഐക്യമുന്നണി 32, സോഷ്യലിസ്റ്റ് 12, തമിഴ്നാട്ടുകാൺഗ്രസ് 9. കൊച്ചിൻ പാർട്ടി 1, സ്വതന്ത്രൻ 10, നാമിനേററഡ് മെമ്പർ 1— ഇങ്ങനെയായിരുന്നു കക്ഷിനില. ഇതിൽ ഒരു സോഷ്യലിസ്റ്റ് മെംബർ സ്പീക്കറായി. കൂടുതൽ അംഗസംഖ്യയുള്ള പാർട്ടിയെന്ന നിലയിൽ കോൺഗ്രസ് പാർട്ടിയുടെ നേതാവായ ശ്രീ. ഏ. ജെ. ജോൺ മന്ത്രിസഭ രൂപീകരിച്ചു. ഒരു കോൺഗ്രസ് മന്ത്രിസഭയെന്ന നിലയിൽ തന്നെ ആദ്യത്തെ ബഡ്ജററ് പാസ്സാക്കാൻ ജോൺഗവമ്മേൻറിനു കഴിഞ്ഞു. അതിനുശേഷം തമിഴ്നാട്ടു കാൺഗ്രസ്സുമായി ഒരു നിയമസഭാസഖ്യമുണ്ടാക്കുകയും, ആ പാർട്ടിയുടെ ഒരു പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി സംയുക്തമന്ത്രിസഭ ഭരണം തുടരുകയും ചെയ്തു. ആ നിയമസഭാസഖ്യത്തിൻെറ ധാമ്മികവശങ്ങൾ എന്തായിരുന്നാലും,

രാഷ്ട്രീയമായി അതു് മന്ത്രിസഭയുടെ ഒരു നേട്ടമായിരുന്നു. ഈ നാട്ടിൽ തമിഴരുടെ അവകാശങ്ങൾ യഥോചിതം മാനിക്കപ്പെട്ടുമെന്നു് അവരിൽ ആശ വളൎത്തുവാനും, ഭാവിയിൽ ഒരു ഐക്യകേരളമുണ്ടാകുമ്പോഴും തങ്ങളുടെ നില അപകടത്തിലാവുകയില്ലെന്നുള്ള വിശ്വാസം അവരിൽ അങ്കുരിപ്പിക്കുവാനും ആ നടപടി കാലാന്തരത്തിൽ പ്രയോജകീഭവിക്കുമായിരുന്നു. പക്ഷേ, കോൺഗ്രസ്സിലെ ഒരു ന്യൂനപക്ഷം ആ നിയമസഭാസഖ്യത്തെ അതിന്റെ തുടക്കം മുതൽ തന്നെ എതിൎക്കുകയാണുണ്ടായതു്. അവരുടെ ഇടവിടാതുള്ള എതിർപ്പുകൾ തമിഴ്നാട്ടു കാൺഗ്രസ് നേതൃത്വത്തേയും, മന്ത്രിസഭയേയും പൊതുജനദൃഷ്ടിയിൽ അവഹേളനാർഹമാക്കിത്തീൎത്തു. ഒടുവിൽ മന്ത്രിസഭയിൽനിന്നു തമിഴ്മന്ത്രി രാജി വെയ്ക്കുകയും, തമിഴ്നാട്ടു കാൺഗ്രസ് ഭരണകക്ഷിയുമായുള്ള ബന്ധം വിച്ഛേദിക്കുകയും ചെയ്തു. തുടൎന്നു് ശ്രീ. ഏ. ജെ. ജോൺ നിയമസഭയിൽ അവതരിപ്പിച്ച വിശ്വാസപ്രമേയം പരാജയപ്പെട്ടു. എന്നിട്ടും മന്ത്രിസഭ രാജിവെച്ചില്ല. നിയമസഭ ജനങ്ങളെ പ്രതിനിധീകരിക്കുന്നില്ലെന്നുള്ള വാദം ഉന്നയിച്ചുകൊണ്ടു്, ആ നിയമസഭയെ പിരിച്ചുവിടാനും, പുതിയ തിരഞ്ഞെടുപ്പു നടത്താനും വിശ്വാസം നഷ്ടപ്പെട്ട മന്ത്രിസഭ രാജപ്രമുഖനെ ഉപദേശിക്കുകയാണുണ്ടായതു്. നിയമസഭയുടെ വിധിയ്ക്കെതിരായി അവർ ജനങ്ങളുടെ മുമ്പിൽ അപ്പീൽ ബോധിപ്പിച്ചു. മന്ത്രിസഭയുടെ അപ്പീലിന്മേൽ വിധി കല്പിക്കാനുള്ള അവസരമാണു് 1954 ഫെബ്രുവരിയിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ ജനങ്ങൾക്കു നൽകപ്പെട്ടതു്. ജനങ്ങൾ മന്ത്രിസഭ

യുടെ അപ്പീൽ തള്ളി വിധി പ്രസ്താവിച്ചു. അതായത്, 118 അംഗങ്ങളുള്ള പുതിയ നിയമസഭയിൽ കോൺഗ്രസിന് ഒരു നിശ്ചിതഭൂരിപക്ഷം നല്കി ഭദ്രമായ ഒരു ഗവമ്മെൻറ് രൂപീകരിക്കാനുള്ള അധികാരദാനം ജനങ്ങൾ നല്കിയില്ല, കോൺഗ്രസ്സിനെന്നല്ല ഒരു കക്ഷിക്കും ഒററയ്ക്കു ഭരിക്കത്തക്ക ഒരു ഭൂരിപക്ഷം തിരു-കൊച്ചിയിലെ വോട്ടറന്മാർ നല്കിയിട്ടില്ലെന്നുള്ളതാണ് ഈ തെരഞ്ഞെടുപ്പിൻെറ ഒരു സവിശേഷസ്വഭാവം. നിയമസഭയിലെ കക്ഷിനില താഴെക്കാണുംപ്രകാരമാണ്.

| | |
|---|---|
| കോൺഗ്രസ് | 45 |
| കമ്യൂണിസ്റ്റ് പാർട്ടി | 23 |
| പി. എസ്. പി. | 19 |
| തമിഴ്നാട് കാൺഗ്രസ് | 12 |
| ആർ. എസ്. പി | 9 |
| കെ. എസ്. പി. | 3 |
| സ്വതന്ത്രർ | 6 |
| ആംഗ്ലോ—ഇൻഡ്യൻപ്രതിനിധി (നോമിനേററഡ്) | 1 |

(5 പേർ ഇടതുപക്ഷ സ്വതന്ത്രരാണ്.)

തിരു-കൊച്ചിയിലെ ജനങ്ങളുടെ ചേരിതിരിവും, ഹൃദയശൈഥില്യവും, കക്ഷിമാത്സര്യവും എത്ര രൂക്ഷതരമാണെന്ന് ഈ തെരഞ്ഞെടുപ്പ് വ്യക്തമാക്കുന്നു. ഈ നില എങ്ങനെയുണ്ടായി?

# 2

# മന്ത്രിസഭാമാററങ്ങൾ

## 2

**ഇരുനൂറു** കൊല്ലക്കാലം ഇന്ത്യയെ കീഴടക്കി ഭരിച്ച ബ്രിട്ടീഷ് സാമ്രാജ്യവാഴ്ചയ്ക്കെതിരായി, അന്നത്തെ ബ്രിട്ടീഷ് ഇന്ത്യൻ പ്രോവിൻസുകളിലെ ജനകീയശക്തിയെ സംഘടിപ്പിച്ചുകൊണ്ട്, ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് ഐതിഹാസികമായ സമരം നടത്തിവന്ന കാലത്ത്, 'പ്രിൻസ്‌ലി ഇന്ത്യ' എന്ന് അറിയപ്പെട്ടിരുന്ന അറുനൂറിൽപരം നാട്ടുവാഴിസംസ്ഥാനങ്ങളിലെ ജനങ്ങൾ സാമ്രാജ്യത്വത്തിന്റെ കഠിനപരീക്ഷണങ്ങളോടൊപ്പം ഏകാധിപത്യത്തിന്റെയും ഇരുമ്പുമുഷ്ടികളിൽ പെട്ടു ഞെരിയുകയായിരുന്നു. ഉത്തരവാദഭരണത്തിനു വേണ്ടിയുള്ള നാട്ടുരാജ്യപ്രജകളുടെ പ്രക്ഷോഭണങ്ങൾക്കു കോൺഗ്രസ്സിൽ നിന്നു ഫലപ്രദമായ സഹകരണമോ, പിൻതുണയോ ലഭിച്ചിരുന്നില്ല. അതിനാൽ അവർ ഒരു നാട്ടുരാജ്യപ്രജാമണ്ഡലത്തിൻ കീഴിൽ പ്രത്യേകമായി സംഘടിച്ചു പ്രവർത്തിച്ചു വരികയാണുണ്ടായത്. തിരുവിതാംകൂറിലെ സ്റ്റേറ്റു കോൺഗ്രസ്സും, കൊ

ച്ചിയിലെ പ്രജാമണ്ഡലവും ഉത്തരവാദഭരണത്തിനു വേണ്ടി ഏകാന്തസമരം ചെയ്യുകയായിരുന്നു. തിരുവിതാംകൂറിൽ 1114-ൽ നടന്ന ചരിത്രപ്രധാനമായ ജനകീയമുന്നേററത്തെ അസ്തശക്തമാക്കിത്തീക്കുവാൻ പോലും, അക്രമരാഹിത്യത്തിൻെറ അവധൂതന്മാർ പ്രേരണ ചെലുത്തിയ ദാരുണസ്മരണകൾ ഇന്നും ഇവിടത്തെ ജനങ്ങളുടെ ഹൃദയവീഥിയിൽ നിന്നു മാഞ്ഞു പോയിട്ടില്ല.

1947 ആഗസ്റ്റ് 15-ാംനു- ഇന്ത്യ സ്വതന്ത്രമായപ്പോൾ, തിരുവിതാംകൂറിൽ ദിവാൻ സർ സി. പി. അമേരിക്കൻ മാതൃകയിലുള്ള ഒരു പിൻതിരിപ്പൻ ഭരണഘടന ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാനും, രാജവാഴ്ചയേയും, ദിവാൻ ഭരണത്തേയും അഷ്ടബന്ധമിട്ടുറപ്പിക്കുവാനും, പഴയ ഈസ്റ്റിന്ത്യാ കമ്പനിയുമായി ഈ രാജ്യത്തിലെ മുൻ നാട്ടുവാഴികൾ ചെയ്തിരുന്ന ഉടമ്പടികൾ എടുത്തുയർത്തിക്കൊണ്ടു പരമാധികാരമുള്ള ഒരു നാട്ടുവാഴിസ്റ്റേററ് എന്ന നിലയിൽ സ്വതന്ത്രതിരുവിതാംകൂർ പ്രഖ്യാപിക്കുവാനും, മററു നാട്ടുരാജ്യങ്ങളെക്കൊണ്ടും അങ്ങനെ ചെയ്യിക്കുവാനും വേണ്ടിയുള്ള വ്യാപകവും, സാഹസികവുമായ ശ്രമങ്ങൾ നടത്തുകയായിരുന്നു. ഉത്തരവാദഭരണത്തിൻ വേണ്ടിയുള്ള ഈ നാട്ടുകാരുടെ സമരത്തിനു കോൺഗ്രസ്സിൻെറ ആത്മാർത്ഥമായ സഹകരണമോ, സുശക്തമായ പിൻതുണയോ അന്നും ലഭിച്ചില്ല. തിരുവിതാംകൂറിലെ കോൺഗ്രസ്സുകാർ രാജ്യദ്രോഹികളാണെന്നും, അവരെ നാടുകടത്തുമെന്നും കഴുത്തു വെട്ടുമെന്നും മററും ആ സേച്ഛാധികാരി ഭീഷണിപ്പെടുത്തിയപ്പോൾ സ്റ്റേററ് കോൺഗ്രസ്സ് നേതാക്കൾ കൊച്ചിയിൽ അഭയം തേടി

ഒരു സമാന്തരഗവമ്മെൻറു രൂപീകരിച്ചു. സ്വതന്ത്രതിരുവിതാംകൂറിനു വേണ്ടി യുദ്ധം ചെയ്യുവാനും, കോൺഗ്രസ്സു നേതാക്കളെ ഹിംസിക്കുവാനും വേണ്ടി സർ സി. പി. 'സിംപ്സൺ പട്ടാളം' എന്നു കുപ്രസിദ്ധമായിത്തീർന്നിട്ടുള്ള ഗുണ്ടാസേനകളെ അണിനിരത്തിയിരുന്നു. പ്രക്ഷോഭജനകമായ ആ കാലഘട്ടത്തിൽ സ്വജീവനെപ്പോലും തൃണവൽഗണിച്ച്, കൊച്ചിയിൽ നിന്നു കോട്ടയത്തെത്തി ഒരു മഹായോഗത്തെ അഭിസംബോധനം ചെയ്തുകൊണ്ട്, അരുണകപോലങ്ങളോടും തീപ്പൊരി ചിതറുന്ന കണ്ണുകളോടും കൂടി വികാരനിർഭരനായി പ്രസംഗിച്ച അന്നത്തെ കോൺഗ്രസ്സ് ഡിക്റ്റേററായ ശ്രീ പട്ടത്തിൻെറ ക്ഷാത്രവീര്യം ഉടലെടുത്തുനിന്ന ആ നില്പ് ഇന്നും ജനങ്ങളുടെ സ്മൃതിപഥത്തിൽ ഭാസുരകാന്തി പൊഴിക്കുന്നുണ്ട്. സർ സി. പി-യുടെ രാഷ്ട്രീയച്ചോററുപട്ടാളങ്ങളുടേയും, വിഴുപ്പുചുമട്ടുകാരുടേയും, പേ പിടിച്ച ശേവുകസഞ്ചയത്തിൻെറയും അക്രമവിളയാട്ടങ്ങൾ കൊണ്ടു ജനങ്ങൾ നീറിത്തുടിച്ചിരുന്ന ആ കാലത്ത് ജാതിക്കും, മതത്തിനും, മററു സങ്കുചിതചിന്തകൾക്കും അതീതമായി ബഹുജനവികാരം ഉണരുകയും, നൂററാണ്ടുകളായി പാതാളഗർത്തത്തിൽ ആണ്ടുകിടന്ന ദേശീയസമരചൈതന്യം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. ഐക്യബോധമുള്ള ഒരു ജനതയെന്ന നിലയിൽ—ഏകോദരസഹോദരങ്ങളെന്ന നിലയിൽ—ഹിന്ദുവും, ക്രിസ്ത്യാനിയും, മുസ്സൽമാനും രാജ്യത്തിൻെറ ആപൽസന്ധിയെ അഭിമാനപൂർവ്വം അഭിമുഖീകരിച്ചു. ഇന്ത്യൻ ഐക്യത്തിൽ തങ്ങളുടെ ഭാവി ഭാഗധേയങ്ങൾ മുഴുവൻ അർപ്പിക്കുവാൻ അവർ തയ്യാറായി.

സ്വതന്ത്രതിരുവിതാംകൂറിന്റെ ഏജൻറന്മാരെ ഒററപ്പെടുത്തി കാണിക്കുവാൻ അവക്കു കഴിഞ്ഞു. (അന്നത്തെ സ്വതന്ത്രതിരുവിതാംകൂർ വാദികളിൽ പലരും ഇന്നു് ഇവിടത്തെ കോൺഗ്രസ്സിന്റെ നെടുംതൂണുകളായി തീന്നിരിക്കുകയാണു്.) ദേശീയചൈതന്യത്തിന്റെ ആ പരീക്ഷണഘട്ടത്തിൽ മഹത്തായ ഇന്ത്യൻയൂണിയനിൽ നിന്നു തിരുവിതാംകൂറിനെ ഒററ തിരിച്ചു നിത്തുവാൻ ഇവിടത്തെ ജനങ്ങൾ ആഗ്രഹിച്ചില്ല. തങ്ങളുടെ ദേശീയപ്രക്ഷോഭണത്തിനു വേണ്ടി ഒരു ചെറുവിരൽ പോലും ഇന്ത്യൻ നാഷനൽ കോൺഗ്രസ്സു നേതാക്കൾ അനക്കാതിരുന്നിട്ടും മാതൃഭൂമിയുടെ ഭദ്രതയ്ക്കും, ദാർഢ്യത്തിനും വേണ്ടി ആത്മാർപ്പണം ചെയ്യുവാൻ തിരു-കൊച്ചിയിലെ ജനങ്ങൾ പ്രചോദിതരായി. വികാരങ്ങൾ അലയടിച്ചുയന്നുകൊണ്ടിരുന്ന ആ രാഷ്ട്രീയകോളിളക്കത്തിൽ ഒരു വിപ്ലവകാരിയുടെ വെട്ടേററു് സർ സി. പി. കെട്ടുകെട്ടുകയാണുണ്ടായതു്. സ്വേച്ഛാധിപത്യത്തിന്റെയോ, സാമ്രാജ്യവാഴ്ചയുടെയോ ഒരു സംഭാവനയല്ല തിരുവിതാംകൂറിനു ലഭിച്ച ഉത്തരവാദഭരണം. ഈ നാട്ടിലെ ജനങ്ങൾ ചോരയും നീരും കൊടുത്തു നേടിയതാണു് അവരുടെ സ്വാതന്ത്ര്യം. വയലാർ-പുന്നപ്രയിലെ രണാങ്കണത്തിൽ സർ സി. പി. യുടെ യന്ത്രത്തോക്കിനു മുമ്പിൽ വിരിമാറു കാണിച്ചു് വീരമൃത്യു വരിച്ച ശതക്കണക്കായ രക്തസാക്ഷികളുടെയും, എല്ലാ വിഭാഗത്തിലുമുള്ള ദേശാഭിമാനികളുടെയും ഹൃദയരക്തവും, സിരാവീര്യവും, ബലിഷ്ഠഭുജങ്ങളുമാണു് ആ സ്വാതന്ത്ര്യത്തിന്റെ പിന്നിലുള്ള യാഥാത്ഥ്യങ്ങൾ. തിരു-കൊച്ചിയുടെ സ്വാതന്ത്ര്യം ഇന്ത്യൻനാഷനൽ കോ

ൺഗ്രസ്സിൻെറ ഒരു ദാനമാണെന്നു് അവർ അവകാശ പ്പെടുന്നതിൽ യാതൊരർത്ഥവുമില്ല. സ്റ്റേററ് കോൺഗ്രസ്സും പ്രജാമണ്ഡലവുമാണു് ഇവിടത്തെ സ്വാതന്ത്ര്യത്തിൻെറ വിധാതാക്കൾ. ഈ നാട്ടിലെ ബഹുജനപ്രസ്ഥാനങ്ങളെന്ന നിലയിൽ പുരോഗമനകക്ഷികളെല്ലാം സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ആ സമരരംഗത്തിൽ അണിനിരന്നിരുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷമാണു് ഈ നാട്ടുരാജ്യകോൺഗ്രസ്സ് സംഘടനകൾ ഇന്ത്യൻനാഷനൽ കോൺഗ്രസ്സിൽ ലയിച്ചതു്. ഇന്ത്യയോടുള്ള കൂറും, മാതൃഭൂമിക്കു വേണ്ടി ജീവാർപ്പണം ചെയ്യാനുള്ള ദൃഢവ്രതവും നിറവേററുന്നതിനു കോൺഗ്രസ്സ് സംഘടനയിലൂടെ മാത്രമേ സാധിക്കുകയുള്ളു എന്നു് ഈ നാട്ടുകാർ അന്നും ഇന്നും വിശ്വസിക്കുന്നില്ല. സ്റ്റേററു കോൺഗ്രസ്സും, പ്രജാമണ്ഡലവും ജനതയുടെ ഉന്നതമായ അഭിലാഷങ്ങളെ പ്രതിനിധാനം ചെയ്തിടത്തോളം കാലം എല്ലാ ജനവിഭാഗങ്ങളും ആ സംഘടനകളെ സ്നേഹിച്ചു; വിശ്വസിച്ചു; ആദരിച്ചു. നാടിൻെറ വിജയമായിരുന്നു അന്നു് അവരുടെ മുമ്പിലുണ്ടായിരുന്ന ഏക ലക്ഷ്യം. വർഗ്ഗീയവാദികളായ നേതാക്കൾ പോലും ദേശാഭിമാനവിജൃംഭിതരായി ഏകാധിപത്യത്തെ വെല്ലുവിളിക്കുകയും, അറസ്ററു വരിക്കുകയും ചെയ്ത രംഗങ്ങൾ ആക്കും മറക്കാവുന്നതല്ല. ശ്രീ മന്നത്തിൻെറ സുപ്രസിദ്ധമായ കരുനാഗപ്പള്ളി പ്രസംഗം അന്നു് സർ സി. പി-യെ ഞെട്ടിപ്പിച്ചിട്ടുണ്ടു്. ഇന്നു് വർഗ്ഗീയതയുടെ ചെളിക്കുണ്ടുകളിൽ അടിഞ്ഞുതാണിരിക്കുന്ന ചില ക്രിസ്ത്യൻ പത്രങ്ങൾ അന്നു് ദേശീയതാല്പര്യങ്ങൾക്കു വേണ്ടി വീറോടെ വാദിച്ചിരുന്നുവെന്നുള്ളതും ധന്യവാദപുരസ്സരം നാട്ടുകാർ സ്മരിക്കുന്നുണ്ടു്.

ഏഴു കൊല്ലത്തിനു ശേഷം ആ ഭാസുരചിത്രം ഇന്ന് എത്ര മങ്ങിപ്പോയിരിക്കുന്നു! ശ്രീ. പട്ടത്തിന്റെ നേതൃത്വത്തിൽ ശ്രീ. ടി. എം. വർഗ്ഗീസും, ശ്രീ. സി. കേശവനും ഉൾപ്പെട്ട ഒരു മൂന്നംഗമന്ത്രിസഭ, തിരുവിതാംകൂർ സെക്രട്ടേറിയററിന്റെ മുകളിലത്തെ നിലയിലുള്ള വിശാലമായ മുറിയിൽ വച്ച് സത്യപ്രതിജ്ഞ ചെയ്തപ്പോൾ "നമ്മുടെ മന്ത്രിമാർ", "നമ്മുടെ ഗവമ്മേൻറ്" എന്ന് ആർത്തുവിളിച്ചുകൊണ്ട് ഒരു ബഹുപുരുഷാരം ആ ഔദ്യോഗികസ്ഥാപനത്തിലേയ്ക്ക് ഉററുനോക്കുകയായിരുന്നു. ആ രംഗം ഒരു നോക്കു കാണാനുള്ള ആവേശത്തോടു കൂടി, ഔപചാരികമായ ആചാരമുറകളെല്ലാം മറന്ന് സത്യപ്രതിജ്ഞാഹാളിലേയ്ക്ക് ജനസമൂഹം ഇരച്ചുകയറിയപ്പോൾ, "കാണട്ടെ. അവരുടെ മന്ത്രിമാരെ അവർ നല്ലവണ്ണം കണ്ടുകൊള്ളട്ടെ." എന്നു പറഞ്ഞുകൊണ്ട് ഉദ്യോഗസ്ഥലോകം അവക്കു വഴിമാറിക്കൊടുക്കുകയാണുണ്ടായത്. മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്തപ്പോൾ ജനങ്ങൾ ആനന്ദബാഷ്പം ചൊരിഞ്ഞു; മധുരപ്രതീക്ഷകൾ ആകാശത്തിലേയ്ക്കുയന്നു.

ഒരു കൊല്ലംപോലും തികയുന്നതിനു മുമ്പ് ആ പ്രഥമ ജനകീയമന്ത്രിസഭ രാജി വയ്ക്കേണ്ടി വന്നു. അതിനു ശേഷം എത്രയോ മന്ത്രിസഭകളുടെ മാററങ്ങളും, മന്ത്രിമാരുടെ സത്യപ്രതിജ്ഞകളും നടന്നു. ആ രംഗങ്ങൾ കാണുവാൻ പുതുമന്ത്രിമാരുടെ ഭാര്യമാരും, ബന്ധുജനങ്ങളും, ആശ്രിതവർഗ്ഗങ്ങളും മാത്രമാണുണ്ടായിരുന്നത്. ഭർത്താവു മന്ത്രിയാകുന്നതും, അളിയൻ മന്ത്രിയാകുന്നതും, അങ്ങന്നു മന്ത്രിയാകുന്നതുമായ ഗാർഹികസംഭവങ്ങളായിരുന്നു

അവയിൽ മിക്കതും. പ്രഥമജനകീയമന്ത്രിസഭയ്ക്കു ജെയ് വിളിപ്പിക്കാൻ പണച്ചെലവിൻേറയോ, ദേശാഭിമാനക്കത്തിവയ്പിൻേറയോ ആവശ്യം ഉണ്ടായിരുന്നില്ല. ഏഴു കൊല്ലങ്ങൾക്കു ശേഷം "ജയ് ജയ് ഭാരതമാതാ" എന്ന് കൂലിപ്പട്ടാളങ്ങളെക്കൊണ്ട് കണ്ഠക്ഷോഭം ചെയ്യിക്കാൻ ഓരോ ധമ്മഭടനും രണ്ടുരൂപാ വീതം കൊടുക്കേണ്ടതായി വന്ന ദയനീയ പരിണാമത്തിൽ സ്ഥിതിഗതികൾ അധഃപതിച്ചു. അവർ മുഴക്കിയ മുദ്രാവാക്യങ്ങളെ "ജയ് ജയ് രണ്ടുരൂപാ" എന്നു വിളിച്ച് കൊച്ചു കുട്ടികൾപോലും തിരിച്ചടിച്ച കാഴ്ചകളാണ് കാണപ്പെട്ടതു്.

ഇൻഡ്യയിൽ പ്രായപൂത്തി വോട്ടവകാശം നടക്കുന്നതിനു മുമ്പുതന്നെ തിരുവിതാംകൂറിലും കൊച്ചിയിലും പ്രായപൂത്തി വോട്ടവകാശത്തിന്മേലുള്ള പ്രഥമ തിരഞ്ഞെടുപ്പുകൾ നടക്കുകയുണ്ടായി. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സല്ല പ്രായപൂത്തി വോട്ടവകാശം ഈ നാട്ടുകാക്കു പ്രദാനം ചെയ്തതു്. പ്രായപൂത്തിവോട്ടവകാശമനുസരിച്ച് ഈ സംസ്ഥാനത്തു നടന്ന ആദ്യത്തെ പൊതു തിരഞ്ഞെടുപ്പിൽ കോൺഗ്രസ് ബഹുഭൂരിപക്ഷത്തോടുകൂടി വിജയം പ്രാപിച്ചു. കോൺഗ്രസ്സിനല്ലാതെ മറെറാരു കക്ഷിക്കു് തല പൊക്കാൻ പോലും നിവ്വാഹമില്ലാതിരുന്ന പരിതഃസ്ഥിതിയിലാണ് അന്നു തിരഞ്ഞെടുപ്പു നടന്നതു്. തമിഴ്നാട്ട് കോൺഗ്രസ്സും, മുസ്ലീംലീഗും മാത്രമാണ് കോൺഗ്രസിൻെറ പ്രതിപക്ഷമായി നിയമസഭയിൽ പ്രവേശിച്ചതു്. ഭദ്രമായ ഒരു ഭരണകൂടമെന്നനിലയിൽ ഭരിക്കാനുള്ള സവ്വ സാഹചര്യങ്ങളും ജനങ്ങൾ

കോൺഗ്രസിന്ന നൽകി. എന്നിട്ടെന്തായി? അന്തസ്സുള്ള ഒരു പാർട്ടിയെന്ന നിലയിൽ അവർ ഭരിച്ചോ? ഇല്ല. ഒരു കൊല്ലം തികയുന്നതിന്ന മുമ്പുതന്നെ നാട്ടുകാരുടെ സകല പ്രതീക്ഷകളേയും, ജനാധിപത്യത്തിലുള്ള വിശ്വാസത്തേയും തകൎത്തു തരിപ്പണമാക്കി വർഗ്ഗീയ രാഷ്ട്രതന്ത്രത്തിൽ നഖശിഖാന്തം മുഴുകിനിൽക്കുന്ന ഒരു കോൺഗ്രസ്സ് പാൎട്ടിയെയാണു് നാം പിന്നീടു കാണുന്നതു്.

കോൺഗ്രസ്സ് ആവിർഭവിക്കുന്നതിന്ന മുമ്പുതന്നെ, തിരുവിതാംകൂറിൽ രാജവാഴ്ചയ്ക്കെതിരായി ശബ്ദമുയൎത്തിയ ധീരദേശാഭിമാനിയായ കെ. രാമകൃഷ്ണപിള്ളയുടെ ഭൗതികാവശിഷ്ടങ്ങൾ കണ്ണൂർ കടൽപുറത്തു് അന്ത്യവിശ്രമം കൊള്ളുകയായിരുന്നു. ആ ശവകുടീരം പൊളിച്ചു്, പരേതാത്മാവിന്റെ ചിതാഭസ്മം മാന്തിയെടുത്തുകൊണ്ടുവന്നു് തിരുവനന്തപുരത്തു് സൎക്കാർവക സ്ഥലത്തു സ്ഥാപിക്കാൻ ഒരു ശ്രമം നടന്നു. വസ്തുനടത്തിപ്പുകാരൻ, ഇസ്ലാമല്ലൻ, ചട്ടമ്പിസ്വാമികളുടെ വത്സലശിഷ്യൻ, ശ്രീ. ടി. എം. വൎഗ്ഗീസിന്റെ വിശ്വസ്ത തോഴൻ എന്നീ നിലകളിൽ രാഷ്ട്രീയരംഗത്തു പ്രസിദ്ധനായിത്തീൎന്നിട്ടുള്ള ഒരു ഫ്യൂഡൻ ചീഫ്ട്ടനാണു് ഈ "ശവക്കുഴി രാഷ്ട്രീയ"ത്തിന്ന നേതൃത്വം നൽകിയതു്. ചിതാഭസ്മം സ്ഥാപിക്കുന്നതിന്നു് മൂന്നരസെൻറു സ്ഥലം അങ്ങനെ പട്ടം മന്ത്രിസഭയോടു് ആ ഫ്യൂഡൻചീഫ്ടൻ ആവശ്യപ്പെട്ടു. ആ അഭ്യൎത്ഥന സ്വീകരിക്കുന്നതിന്നു് സാങ്കേതികവും, പ്രായോഗികവുമായ ചില വൈഷമ്യങ്ങൾ ഉണ്ടെന്നു പറഞ്ഞു് ശ്രീ. പട്ടം അഭ്യൎത്ഥനയെ നിരസിച്ചപ്പോൾ രാഷ്ട്രീയമല്ലൻ

TAYAM PUBLIC LIBRA

ക്രോധാകുലനായി. ചിതാഭസ്മം ഇവിടെ കൊണ്ടുവന്നു സ്ഥാപിച്ചേ അടങ്ങൂ എന്നുള്ള വൈരാഗ്യത്തോടുകൂടി ആ സാഹസികൻ കുറെ അനുയായികളെ നേടുകയും, കണ്ണൂരിൽനിന്ന് ഒരു ഭൗതികാവശിഷ്ടപ്രക്ഷോഭണജാഥയെ നയിക്കുകയും ചെയ്തു. ദിവംഗതനായ ചരിത്രപുരുഷന്റെ ധർമ്മപത്നി "അരുതേ! അരുതേ!" എന്നു കണ്ണീരും കൈയ്യുമായി നിലവിളിക്കവേ, രാഷ്ട്രീയമല്ലൻ ശവക്കല്ലറ പൊളിക്കുകയും, ചിതാഭസ്മം തോണ്ടിയെടുക്കുകയും, തിരുവനന്തപുരത്തേയ്ക്കു യാത്ര തിരിക്കുകയും ചെയ്തു. തലസ്ഥാനനഗരിയിൽ ശാസ്തമംഗലം എന്ന സ്ഥലത്ത് ഒരു സ്വകാര്യവ്യക്തി ഔദാര്യപൂർവ്വം ദാനംചെയ്ത മണ്ണിൽ ദേശാഭിമാനിയുടെ ഭൗതികാവശിഷ്ടങ്ങൾ അടക്കംചെയ്ത് അദ്ദേഹം കൃതകൃത്യനായി. കണ്ണൂർ കടൽപ്പുറത്ത് നിത്യശാന്തിയിൽ ശയിച്ചിരുന്നപ്പോൾ ആ ചിതാഭസ്മം അടക്കം ചെയ്തിരുന്ന ശവകുടീരത്തിൽ ഒരു സ്വാധ്വീരത്നം പതിവായി ഒരു പൂവെങ്കിലും നുള്ളിയിട്ട്, മൺമറഞ്ഞ ആ ഭാസുരചൈതന്യത്തെ ഹൃദയംകൊണ്ട് ആരാധിക്കാറുണ്ടായിരുന്നു. മൂവന്തിനേരത്ത് ഒരു തിരിയെങ്കിലും കൊളുത്തിവച്ച് ആ പതിവ്രത, ദേശാഭിമാനംകൊണ്ടു തുടിച്ചിരുന്ന ആ പാവനമണ്ഡപത്തിൽ പ്രകാശം പരത്തിയിരുന്നു. കഷ്ടം! ഇന്നാകട്ടെ, ശാസ്തമംഗലത്തുള്ള ഒരൊഴിഞ്ഞ കോണിൽ ആരും തിരിഞ്ഞുനോക്കാത്ത, അന്ധകാരമയമായ വിജനതയിൽ കാട്ടുചെടികളുടെ മധ്യത്ത് "സ്പന്ദിക്കുന്ന അസ്ഥിമാടം"പോലെ ആ രാഷ്ട്രീയസ്മാരകം നിലകൊള്ളുകയാണ്. കണ്ണൂർ കടൽപ്പുറത്തെ ശവമണ്ഡപം പൊളിച്ച നിമിഷംമുതൽ ഇവിടത്തെ കോൺഗ്രസ്സ് അതി

ന്റെ ശഖക്കുഴിയും തോണ്ടിത്തുടങ്ങി. കോൺഗ്രസ്സിനെ ജനങ്ങൾ വെറുക്കാൻ തുടങ്ങിയതും അന്നുമുതല്ക്കാണ്. നിയതി അതിന്റെ നിശിതമായ നഖാഗ്രങ്ങൾകൊണ്ട് കോൺഗ്രസ്സിനെതിരായി വിധി പ്രസ്താവിക്കുമെന്ന് മുൻകൂട്ടി കണ്ട പുരോഗമനചിന്താഗതിക്കാരായ ചില വിദഗ്ദ്ധപ്രവർത്തകരും മരണഗർത്തത്തിലേയ്ക്കു സ്വയം പ്രയാണം ചെയ്തുതുടങ്ങിയ കോൺഗ്രസ്സിന്റെ ആത്മഹത്യാപരിപാടിയെ പിന്നിൽനിന്നു പ്രോത്സാഹിപ്പിക്കുകയുണ്ടായി. കോൺഗ്രസ്സിലെ ഗുരുതരമായ ഒരു കക്ഷിതിരിവിന്റേയും, പൈശാചികമായ ഒരു രാഷ്ട്രീയമുതലെടുപ്പുശ്രമത്തിന്റേയും പശ്ചാത്തലത്തിലാണ് ആ രാഷ്ട്രീയനേതാവിന്റെ പുതിയസംരംഭമെന്ന് അവക്കറിയാമായിരുന്നു. പട്ടംമന്ത്രിസഭയെ മറിച്ചിട്ട് തൽസ്ഥാനത്ത് ഒരു വർഗ്ഗീയ ഗ്രൂപ്പിന്റെ പ്രതിനിധികളെ പ്രതിഷ്ഠിക്കാനുള്ള ഗൂഢോദ്ദേശ്യമാണ് ചിതാഭസ്മതീർത്ഥയാത്രാനാടകത്തിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നതു്. ശ്രീ. പട്ടം തന്റെ മന്ത്രിസഭയെ ഒന്നുകൂടി വികസിപ്പിച്ച് അതിനെ കൂട്ടതൽ ഭദ്രമാക്കാൻ ശ്രമിച്ചപ്പോൾ വർഗ്ഗീയശക്തികൾ അദ്ദേഹത്തിന്റെ പാർട്ടിക്കുള്ളിൽ സംഹാരതാണ്ഡവം നടത്തി. ഒരു ന്യൂനപക്ഷസമുദായത്തിൽപെട്ട പി. എസ്. നടരാജപിള്ളയെ മന്ത്രിസഭയിൽനിന്ന് ഒഴിവാക്കണമെന്നായിരുന്നു അവരുടെ ശാഠ്യം. ഗത്യന്തരമില്ലാതെ ശ്രീ. പട്ടം അതിനു വഴങ്ങിക്കൊടുത്തു. നടരാജപിള്ളയെ ഡെൽഹിയിലെ പ്രതിനിധിയായി നിയമിക്കുക എന്ന അടിസ്ഥാനത്തിൽ ഒരൊത്തുതീർപ്പുണ്ടായി. തുടന്ന്, രാഷ്ട്രീയമല്ലൻ ഇവിടത്തെ കിങ്മേക്കറായി. രാഷ്ട്രീയക്കളരിപ്പയററിൽ

പല അടവുകളും തടവുകളും തന്നെ പഠിപ്പിച്ച ശ്രീ. ടി എം. വർഗീസിൻെറ ആശ്രിതനെന്നനിലയിൽ ആശാനുവേണ്ടി ശിഷ്യൻ പട്ടംമന്ത്രിസഭയ്ക്കെതിരായി ഒരവിശ്വാസക്കത്തുമായി ഇരുണ്ട രാത്രികളിൽ ഇടവഴികളിലൂടെ നടന്നു് കോൺഗ്രസ്സ്പാർട്ടിഅംഗങ്ങളുടെ ഒപ്പുശേഖരിച്ചുതുടങ്ങി. മുഷ്ടികാണിച്ചുപോലും ചിലരെ അദ്ദേഹം ഭീഷണിപ്പെടുത്തിയിട്ടുണ്ടുപോൽ! മി. ഇ. ജോൺഫിലിപ്പോസ് ഒപ്പുശേഖരണത്തിനുസഹായം നല്കി. അവിശ്വാസത്തിനു് 65 അംഗങ്ങളുടെ ഒപ്പു വസൂൽ ചെയ്യുവാൻ അവൎക്കു കഴിഞ്ഞു. പാർട്ടിയോഗത്തിൽവച്ചു് പട്ടത്തിൻെറ മുമ്പിൽ ആ ദുരന്തരരേഖ സമർപ്പിക്കപ്പെട്ടപ്പോൾ രാഷ്ട്രീയരംഗം ഇളകിമറിയുകയായിരുന്നു. ശ്രീ. പട്ടത്തിൻെറ മുഖം വിളറി, നെററി ചുളിഞ്ഞു, കപോലങ്ങൾ തുടുത്തു, ആ തെളിഞ്ഞ കണ്ണുകളിൽനിന്നു് ഒരു ബാഷ്പകണം അവിശ്വാസക്കത്തിൽ "ആമലകീഫലംപോലെ" അടൎന്നുവീഴുകയും ചെയ്തു. ഈ ഭാവഭേദങ്ങൾ കണ്ടുകൊണ്ടു് അദ്ദേഹത്തിൻെറ സഹമന്ത്രിയായ ശ്രീ. ടി. എം. വർഗീസ് ഒരു കുററവാളിയെപ്പോലെ മൗനമായിട്ടിരുന്നു. ശ്രീ. സി. കേശവൻ ഒരു മൂളിപ്പാട്ടുപാടി. ആൎക്കും ഒന്നും പറയാനുണ്ടായിരുന്നില്ല. ഗ്രൂഢാലോചന അതിൻെറ നീണ്ട മൂടുപടം ശോകാത്മകമായ ഒരു മൂകതയിൽ ഉരിഞ്ഞിട്ടിരിക്കുകയായിരുന്നു എന്നുമാത്രം. ക്രൂരമായ നിശ്ശബ്ദത ഭഞ്ജിച്ചുകൊണ്ടു് ശ്രീ. പട്ടം ഗദ്ഗദസ്വരത്തിൽ ഇങ്ങനെ പറഞ്ഞു. "ഒരു കടലാസ് എൻെറ മുമ്പിൽ വന്നിട്ടുണ്ടു്. ഇതിലെ ഒപ്പുകൾ യഥാൎത്ഥമാണോ എന്നു് എനിക്കറിഞ്ഞുകൂടാ. മന്ത്രിസഭയ്ക്കു് കാൎയ്യക്ഷമതയില്ലെ

ന്നും, നാട്ടിൽ അതൃപ്തിയുണ്ടെന്നും ഇതിൽ പറഞ്ഞിരിക്കു ന്നു. ഞാൻ പലയിടത്തും സഞ്ചരിച്ചു. എങ്ങും അതൃപ്തി കണ്ടില്ല. ഏതായാലും എൻെറ മന്ത്രിസഭ രാജിവയ്ക്കുന്ന താണ്." അടുത്തനിമിഷത്തിൽ, പുറകോട്ട് തിരിഞ്ഞു നോക്കാതെ അദ്ദേഹം സ്ഥലംവിട്ടു. അന്നുരാത്രിതന്നെ അ ത്താണിമൂടക്ക് എന്നറിയപ്പെടുന്ന ഇരുണ്ട തെരുവിലുള്ള ഒരു വീട്ടിൽ താമസിച്ചിരുന്ന ഒരു അഗസ്ത്യനെ മന്ത്രി സഭാസ്രഷ്ടാക്കളായ മല്ലന്മാർ പിടികൂടി. അടുത്തദിവ സം പട്ടംമന്ത്രിസഭ രാജിവച്ചു. ശ്രീ. പറവൂർ ടി. കെ. നാരായണപിള്ളയുടെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ സംജാതമായി; ടി. എം. വർഗീസ് കക്ഷിരഹിതനായ, സ്പീക്കറുമായി. ടി. കെ. നാരായണപിള്ള ഐക്യകേരള വാദിയായിരുന്നു. പട്ടം ഐക്യകേരളവിരോധിയുമായി രുന്നു. ഐക്യകേരളത്തിനെതിരായി 500 വാക്കുകളടങ്ങി യ ഒരു സന്ദേശം അദ്ദേഹം ഡെൽഹിയിലേയ്ക്കയച്ചിരു ന്നു. ടി. കെ. യുടെ ഭരണകാലത്ത് ഐക്യകേരളമുണ്ടാ കുമെന്ന് ഒരു ധാരണ പരത്തി. എന്നാൽ അതും രാ ഷ്ട്രീയയുദ്ധമുറയിലെ ഒരടവു മാത്രമായിരുന്നു എന്ന് അനന്തരസംഭവങ്ങൾ തെളിയിക്കുകയുണ്ടായി. ടി. കെ. മന്ത്രിസഭയുടെ ആവിർഭാവത്തോടുകൂടി രാഷ്ട്രീയമല്ല ൻെറ സ്വാധീനശക്തി പതിന്മടങ്ങു വർദ്ധിച്ചു. തനിക്കു വേണ്ടപ്പെട്ട ഒരാളിനെ മന്ത്രിസഭയിലേയ്ക്ക് എടുക്കണമെ ന്ന് മല്ലയുദ്ധവീരൻ ടി. കെ. യ്ക്ക് ആജ്ഞനൽകി. നിർദ്ദി ഷ്ടനായ വ്യക്തിക്ക് കാര്യക്ഷമതയില്ലെന്നു ടി. കെ. പ റഞ്ഞപ്പോൾ, മല്ലൻ നൽകിയ താക്കീത് അതേ ഭാഷ യിൽ ഉദ്ധരിക്കുക സാദ്ധ്യമല്ല. ശ്രീ. സി. കേശവൻെറ

ശൈലിയിൽ പറഞ്ഞാൽ, "ഫാദർലസ്സ്നസ്സ് കാണിക്കരുതെ"ന്നായിരുന്നു അതിൻെറ ചുരുക്കം. ഒട്ടവിൽ ടി. കെ. വഴങ്ങേണ്ടിവന്നു. മല്ലയുദ്ധവീരൻെറ "ചില്ലിവില്ലാട്ട"ങ്ങളെ ശ്രീ. മന്നത്തു പത്മനാഭൻ തൻെറ നിശിതമായ ശൈലിയിൽ വിവരിച്ചിട്ടുണ്ട്.

ക്രിസ്ത്യാനികളുടേ ഒരു പാവമന്ത്രിയായിട്ടാണ് ടി. കെ. അറിയപ്പെട്ടിരുന്നതു്. നായർ സമുദായനേതാവായ ശ്രീ. മന്നം അദ്ദേഹത്തെ ഒരു കോടാലിക്കൈയ്യായി ചിത്രീകരിച്ചിട്ടുണ്ട്. അന്ന് ഒരു സ്വതന്ത്രകാംഗ്രസ്സ് ഗ്രൂപ്പുണ്ടായിരുന്നു. ഈ. ജാൺ ഫിലിപ്പോസിൻെറ നേതൃത്വത്തിലും സി. നാരായണപിള്ളയുടെ പത്രാധിപത്യത്തിലും നടത്തിവന്ന ഒരു കോൺഗ്രസ്സ്പത്രത്തിൻെറ ചുമതലക്കാരാണ് ഈ ഗ്രൂപ്പിനെ നയിച്ചിരുന്നതു്. പട്ടംമന്ത്രിസഭയെ മറിച്ചിടുന്നതിൽ സ്വതന്ത്രകാംഗ്രസ്സ്ഗ്രൂപ്പുകാർ ഒരു വലിയ പങ്കുനിർവ്വഹിച്ചു. ടി. കെ. മന്ത്രിസഭയുടെ പിന്നിൽ ഈ. ജാൺ ഫിലിപ്പോസിൻെറ ഹസ്തങ്ങൾ രഹസ്യമായി പ്രവൎത്തിച്ചുകൊണ്ടിരുന്നു. ക്രമേണ ടി. എം. വർഗീസിൻേറയും, രാഷ്ട്രീയമല്ലൻേറയും പിടിയിൽനിന്ന് ടി. കെ. വഴുതിത്തുടങ്ങി. കക്ഷിരഹിതൻ തൻെറ ബുദ്ധിശാലയിൽ ആയുധങ്ങൾ തിരയുകയും, രാഷ്ട്രീയന്യായത്തിൽ ഒരു മൗനവ്രതം ആചരിച്ചുകൊണ്ട്, ആംഗ്യങ്ങൾ കാണിച്ച് ടി. കെ. യെ മറിച്ചിടാനുള്ള മാൎഗ്ഗങ്ങൾ അനുയായികൾക്കു ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു. പട്ടംമന്ത്രിസഭയുടെ പതനം ജനങ്ങളുടെ ഹൃദയത്തിലായിരുന്നു. ക്രിസ്ത്യൻപത്രങ്ങളും, ക്രിസ്ത്യൻ വൎഗ്ഗീയവാദികളും മാത്രമേ ടി. കെ. മന്ത്രിസഭയെ സ്വാഗ

തം ചെയ്യുള്ളു. അവരുടെ പ്രചരണം ഹിന്ദുവർഗ്ഗീയതയെ ഇളക്കിവിട്ടു. വിരുദ്ധചേരികളിൽനിന്നു് രണ്ടു് ഓടപ്പത്ര ങ്ങൾ പൊങ്ങിവന്നു് പരസ്പരം അശ്ലീലവും, ആഭാസമയ വുമായ ചന്തഭാഷയിൽ ശകാരിച്ചുതുടങ്ങിയ ആ കാലഘ ട്ടത്തെ വേദനയോടുകൂടി മാത്രമെ സ്മരിക്കുവാൻ കഴിയൂ. ത ന്റെ സ്ഥാനമുറപ്പിക്കുന്നതിന് ആവശ്യമായ ഏതു സാഹ സകൃത്യവും ചെയ്യുന്നതിന് മടിക്കുന്ന ആളായിരുന്നില്ല പു തിയ മുഖ്യമന്ത്രി. ടി. എം. വർഗീസിനെ രാഷ്ട്രീയമായി "ന്യൂട്രലൈസ്" ചെയ്യുക എന്ന ഗൂഢോദ്ദേശ്യത്തോടുകൂടി യാണു് അദ്ദേഹത്തെ നിയമസഭാസ്പീക്കറെന്ന നിലയിൽ കക്ഷിരഹിതനാക്കി അധഃപതിപ്പിക്കാൻ ടി. കെ. തുനി ഞ്ഞതു്. ഡെൽഹിയിലെ അധികാരികളുടെ മുമ്പിൽ മുട്ടുകുത്തി അവരുടെ "നല്ലപിള്ള"യായി ചമയാൻ ആ ഗ്രഹിച്ച ടി. കെ. ഈ നാടിന്റെയും നാട്ടുകാരുടെയും അ ഭിമാനത്തെയും, രാഷ്ട്രീയവും, സാമ്പത്തികവുമായ താൽ പര്യങ്ങളേയും ബലികഴിച്ചവരിൽ അഗ്രഗണ്യനാണു്.

ഡൽഹിയിലെ ഗവമ്മെൻറിന്റെ "ഉരുക്കുമനുഷ്യ" നെന്ന പ്രസിദ്ധിയും, ഇൻഡ്യൻ ഐക്യത്തിന്റെ വിധാ താവെന്ന ശാശ്വതയശസ്സും, എന്നാൽ തിരുവിതാംകൂറി ലേയും കൊച്ചിയിലേയും ജനങ്ങളെ സംബന്ധിച്ചിടത്തോ ളം അവരുടെ ആഭിജാത്യത്തിന്റേയും, അഭിമാനത്തി ന്റേയും, സമരബോധത്തിന്റേയും, കേരളീയമായ വംശ പാരമ്പര്യത്തിന്റേയും നീരുറവകൾപോലുംവററിച്ചു് കോ ൺഗ്രസ്സിന്റെ അഖിലേന്ത്യാസാമ്രാജ്യവാഴ്ചയ്ക്കുവേണ്ടി മലനാടിന്റെ ഐക്യത്തെ അറുത്തുമുറിച്ചു് അംഗഭംഗം ബാധിച്ച ഒരു വികൃത രാഷ്ട്രീയശിശുവിനെ തിരു-കൊച്ചി

യുടെ രൂപത്തിൽ അവതരിപ്പിച്ച് ത്രിശങ്കുസ്വർഗ്ഗത്തിൽ നിർത്തിയ ഒരു ദേശീയ വിശ്വാമിത്രനെന്ന് കേരളത്തിലെ ഭാവിതലമുറകൾ വിധിക്കാൻ ഇടയാകത്തക്കരീതിയിൽ, വലപ്പാട്ട് പങ്കുണ്ണിമേനോനൊക്കൊണ്ട് കൃത്രിമമായ ഒരു രാഷ്ട്രീയസംബന്ധം നടത്തിച്ച "ഉഗ്രശാസനനായ അമ്മാവൻ" എന്ന ബഹുമതിയും ആർജ്ജിച്ചിട്ടുള്ള സർദാർ വല്ലഭായിപ്പട്ടേലിൻെറ ഹിതാനുവർത്തിയായിരുന്നു, ടി. കെ. നാരായണപിള്ള. ഒരു മദ്യശാലയിലിരുന്ന് വസ്തുതക്ക്ങ്ങൾ പറഞ്ഞൊതുക്കുന്ന മാതൃകയിൽ പങ്കുണ്ണിമേനോൻ തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു നേതൃത്വം നൽകി.

"I say, we are all Malayalis, Mister. Let us all swim together or sink together" (മിസ്റ്റർ ഞാൻ പറയുന്നു, നാമെല്ലാം മലയാളികളാണ്. നമുക്ക് ഒന്നുകിൽ ഒന്നിച്ചു നീന്താം; അല്ലെങ്കിൽ ഒന്നിച്ചു മുങ്ങാം) എന്ന് പങ്കുണ്ണിമേനോൻ തലസ്ഥാനനഗരിയിലെ ചൂടേറിയ ഒരു പ്രസ്സ്കോൺഫറൻസിൽവച്ച് ഒരു കൈയിൽ സിഗററും, മറുകൈയിൽ ഒരു സ്ഫടികഗ്ലാസ്സും പിടിച്ചുകൊണ്ട് ഉച്ചത്തിൽ ഗർജ്ജിച്ച രംഗം ഇന്നും പലരും സ്മരിക്കുന്നുണ്ടാവും. തിരുവിതാംകൂറിനേയും, കൊച്ചിയേയും മുഴവൻ "കറക്കിയടിച്ച" ശേഷം മേനോൻ സംയോജനച്ചടങ്ങിൽ ഇൻഡ്യാഗവമ്മെൻറിനെ പ്രതിനിധാനം ചെയ്തു. ടി. കെ. യുടെ നേതൃത്വത്തിൽ ഏഴംഗങ്ങളടങ്ങിയ ഒരു തിരു-കൊച്ചി മന്ത്രിസഭയെ അണിനിരത്തുന്നതിന് കസേരകൾ ഇട്ടിരുന്നു. അവയിൽ ഒരു കസേരമാത്രം ഒഴിഞ്ഞുകിടന്നു. ഇ. ജാൺഫിലിപ്പോസാണ് ആ കസേര

യിൽ ഉപവിഷ്ടനാകേണ്ടിയിരുന്നതു്. അദ്ദേഹം വന്നില്ല. ടി. കെ. വിരണ്ടു. സംയോഗച്ചടങ്ങിനുശേഷം ജാൺഫിലിപ്പോസിൻെറ ഗൃഹത്തിലേയ്ക്കാണു് ടി. കെ. അതിവേഗത്തിൽ പാഞ്ഞതു്. ഒടുവിൽ ഫിലിപ്പോസും മന്ത്രിസഭയിൽ വന്നു. തിരു-കൊച്ചി സംസ്ഥാനമന്ത്രിസഭ ഭരണം തുടങ്ങി. ഒരു വനിതയ്ക്കും അതിൽ പ്രാതിനിധ്യം നൽകിയിരുന്നു; കുമാരി ആനിമസ്ക്രീൻ. തിരുവിതാംകൂർ രാഷ്ട്രീയരംഗത്തിലെ ഒരു സാഹസികനായികയാണു് കുമാരിമസ്ക്രീൻ. മന്ത്രിസഭയിൽ ഈ സ്ത്രീയെ ഉൾപ്പെടുത്തിയതിൽ ജാൺഫിലിപ്പോസിനു് എതിർപ്പുണ്ടായിരുന്നു. അതുകൊണ്ടാണു് അദ്ദേഹം മന്ത്രിസഭയിൽനിന്നു് മാറിനില്ക്കാൻ ആഗ്രഹിച്ചതു്. ഏതായാലും തല്ക്കാലം മസ്ക്രീനെ ഒഴിവാക്കുക സാദ്ധ്യമല്ലെന്നും, പിന്നീടു് എങ്ങനെയെങ്കിലും അവരെ പുറത്തുചാടിക്കാൻ ശ്രമിക്കാമെന്നും ടി. കെ യും, ഫിലിപ്പോസും തമ്മിൽ ആലോചിച്ചുറച്ച ശേഷമാണു് ഫിലിപ്പോസ് മന്ത്രിസഭയിൽ വന്നതു്. അവരുടെ കൂട്ടത്തിൽ കൊച്ചിയിൽനിന്നു വന്ന പനമ്പിള്ളി ഗോവിന്ദമേനോനും മന്ത്രിയായി. കൊച്ചിയിൽ അഞ്ചര ലക്ഷം രൂപാ അപഹരിച്ചതായുള്ള ഒരു വെളിച്ചെണ്ണ മറവിപ്പിക്കൽ കേസിൽ ഉൾപ്പെട്ടിട്ടുള്ള ആളാണു് പനമ്പിള്ളി. ഈ മന്ത്രിസഭയുടെ പ്രവത്തനം അധികകാലം നീണ്ടുനിന്നില്ല. മസ്ക്രീൻ രാജിവച്ചു. അന്നത്തെ ട്രാൻസ്പോർട്ടുവകുപ്പുമന്ത്രിയായിരുന്ന ഫിലിപ്പോസിൻെറ പേരിൽ അവർ മുത്തുകുന്നത്തുവച്ചു് ചെയ്ത പ്രസംഗത്തിൽ ഗൗരവാവഹമായ പല ആരോപണങ്ങളും പുറപ്പെടുവിച്ചു. ഇൻറർ നാഷനൽ ബസ്സുകൾ വാങ്ങിയ വകയിൽ ട്രാൻ

സ്പോർട്ടമന്ത്രി രണ്ടരലക്ഷം രൂപാ കമ്മീഷൻ ഇനത്തിൽ അപഹരിച്ചുവെന്നായിരുന്ന മസ്ക്രീൻെറ ആരോപണം. (കോടതി വിധിമൂലം മസ്ക്രീൻെറ ആ ആരോപണം അടിസ്ഥാനരഹിതമാണെന്നു പിൽക്കാലത്തു തെളിഞ്ഞിട്ടുണ്ട്.) ഈ ആരോപണത്തെ തുടന്ന് അഞ്ചരലക്ഷക്കേസിൽ ഉൾപ്പെട്ട പനമ്പിള്ളിയും, രണ്ടരലക്ഷത്തെക്കുറിച്ചുള്ള ആരോപണത്തിന്ന വിധേയനായ ഫിലിപ്പോസും തമ്മിൽ മന്ത്രിസഭയ്ക്കുള്ളിൽ മത്സരമുണ്ടായി. ഫീലിപ്പോസ് മന്ത്രിസഭയിൽ നിന്നു രാജി വെയ്ക്കുകയും, മസ്ക്രീനെ പ്രോസിക്യൂട്ടു ചെയ്തു നിരപരാധിത്വം തെളിയിക്കുകയും ചെയ്യണമെന്നു പനമ്പിള്ളി വാദിച്ചു. അഞ്ചരലക്ഷക്കേസിൽ ഉൾപ്പെട്ട ഒരു സഹപ്രവത്തകൻ മന്ത്രിസഭയിൽ അംഗമായിരിക്കുമ്പോൾ താൻ എന്തിനു രാജിവെയ്ക്കണമെന്നായിരുന്നു ഫിലിപ്പോസിൻെറ നില. വികാരങ്ങൾ മൂർഛിച്ചു. വാഗ്വാദങ്ങൾ നടന്നു. ടി. കെ. ആകപ്പാടെ വിഷമിച്ചു. ഒടുവിൽ മന്ത്രിസഭ ഒന്നടങ്കം രാജിവെച്ചു. അവരുടെ ഭരണകാലത്താണു ദേവസ്വം ബിൽ പാസ്സാവുകയും, ഹൈന്ദവതാല്പര്യങ്ങൾക്കു വിരുദ്ധമായ ആ ബില്ലിനെതിരായി ശ്രീ മന്നത്തിൻെറ നേതൃത്വത്തിലുള്ള ഹൈന്ദവഗ്രൂപ്പ് വോട്ടു ചെയ്യുകയും, ഡെമോക്രാററിക് കോൺഗ്രസ്സ് സംഘടിപ്പിക്കുകയും, ശബരിമല ക്ഷേത്രം തുടങ്ങിയ ദേവാലയങ്ങൾ തീ വെച്ചു നശിപ്പിക്കപ്പെടുകയും, "ഒരമ്പലം നശിച്ചാൽ അത്രയും അന്ധവിശ്വാസം കുറയും" എന്ന് ശ്രീ സി. കേശവൻ അഭിപ്രായപ്പെടുകയും ചെയ്തതു്. ഹിന്ദുക്കളുടെ ധമ്മരോഷം ആളിക്കത്തി. ആഗ്നേയവികാരങ്ങൾ തിളച്ചുമറിഞ്ഞിരുന്ന ആ പ്ര

ക്ഷോഭണപ്രളയത്തെ ശ്രീ മന്നവും, ശ്രീ ആർ. ശങ്കരനുമാണു നയിച്ചതു്. ഈ നേതാക്കളെ സ്വാധീനപ്പെടുത്തുന്നതിനു വേണ്ടി അവരെ ദേവസ്വം ബോർഡിലേയ്ക്കു നിയമിക്കുകയുണ്ടായി. എന്നാൽ ബോർഡിനകത്തിരുന്നുകൊണ്ടു തന്നെ അവരുടെ എതിർപ്പു പിന്നേയും തുടരുകയും, ടി. കെ. മന്ത്രിസഭ ചില തന്ത്രങ്ങൾ പ്രയോഗിച്ചു് അവരെ പുറത്താക്കുകയും ചെയ്തു. അവർ പുറത്തു പോയപ്പോൾ എതിർപ്പു രൂക്ഷതരമായി. കൊല്ലത്തു വെച്ചു് ഏഴു ദിവസത്തെ ഗംഭീരമായ ഒരു മഹാമണ്ഡലസമ്മേളനം നടത്തി അവർ ഹിന്ദുക്കളെ ചൈതന്യഭരിതരാക്കി. ഹിന്ദുമതം അപകടത്തിൽ എന്ന മുറവിളി അന്തരീക്ഷത്തിലെങ്ങും മാറെറാലിക്കൊണ്ടു. നായരീഴവസമുദായൈക്യം ക്രിസ്ത്യൻ വർഗ്ഗീയകേന്ദ്രങ്ങളെ ഭയവിഹ്വലരാക്കി. നായന്മാർ അവരുടെ "വാലുമുറിച്ചു." മന്നത്തു പത്മനാഭപിള്ള കേവലം മന്നത്തു പത്മനാഭനും, മന്മഥൻ നായർ വെറും മന്മഥനുമായി. ഈ ഘട്ടത്തിലാണു് സർദാർ പട്ടേൽ ഇവിടെവന്നു് ഹിന്ദുക്കളെ ആശ്വസിപ്പിക്കാൻ ശ്രമിക്കുകയും, "ഇന്ത്യയുടെ പാദമായ ഈ യൂണിയനെ ദുർബലമാക്കാതിരിക്കാൻ" അഭ്യർത്ഥിക്കുകയും ചെയ്തതു്. കോൺഗ്രസ്സിൻെറ വർഗ്ഗീയസ്വഭാവം അതിൻെറ തനിനിറത്തിൽ പ്രത്യക്ഷമായിരുന്നു. സമുദായഭിന്നതകൾ അവയുടെ മൂർദ്ധന്യദശയെ പ്രാപിച്ചിരുന്നു.

ടി. കെ. മന്ത്രിസഭയുടെ രാജിയെ തുടർന്നു് ശ്രീ സി. കേശവൻ പാർട്ടി ലീഡറായി തിരഞ്ഞെടുക്കപ്പെട്ടു. മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ സമയം നിശ്ചയിച്ചുകൊണ്ടു രാജപ്രമുഖൻെറ നീട്ടും പുതിയ പാർട്ടി ലീ

ഡക്ക് ലഭിച്ചു. പക്ഷേ, കൃത്യസമയത്തിനു സത്യപ്രതിജ്ഞ ചെയ്യാൻ സാദ്ധ്യമാകാതെ ശ്രീ സി. കേശവൻ രാഷ്ട്രീയത്തിൻെറ ഒരു 'കട്ടവാക്കൂട്ടിൽ' അകപ്പെട്ടുകയാണു ണ്ടായതു്. മുഖ്യമന്ത്രി കൃത്യസമയത്തിനു സത്യപ്രതിജ്ഞ ചെയ്യാതിരുന്നതുമൂലം 24 മണിക്കൂർ ഇന്ത്യൻ ഭരണഘടന ഈ സംസ്ഥാനത്തു സ്തംഭിച്ചു. പിന്നീടു ചില നിയമവാദങ്ങളുടെ മറവിൽ ആ ഭരണഘടനാസ്തംഭനം അവഗണിക്കപ്പെട്ടുകയാണുണ്ടായതു്. പാർട്ടി ലീഡറായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ സി. കേശവൻ അന്നു രാത്രി തൻെറ മന്ത്രിസഭയിലെ അംഗങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയപ്പോഴാണു 'കട്ടവാക്കൂട്ടരാഷ്ട്രീയം' അദ്ദേഹത്തെ വലയം ചെയ്തതു്. മന്ത്രിസ്ഥാനാർത്ഥികൾ അദ്ദേഹത്തെ നാലുപാടും വളഞ്ഞു. ആദർശനിഷ്ഠയും, ഹൃദയശുദ്ധിയും, ധർമ്മബോധവുമുള്ള ഏതൊരു മനുഷ്യനേയും ഭ്രാന്തനാക്കിത്തീർക്കത്തക്കവിധത്തിലുള്ള രാഷ്ട്രീയജാലവിദ്യകളാണു് അവിടെ പ്രകടമായതു്. ശുദ്ധാത്മാവായ ശ്രീ സി. കേശവൻ തൻെറ പുത്രനെ അരികിൽ വിളിച്ചു് "ബാലാ, ഈ കട്ടവാക്കൂട്ടിൽ എനിക്കു കിടക്കാൻ വയ്യ" എന്നു ഹൃദയം നൊന്തു നിലവിളിച്ചപ്പോൾ, അദ്ദേഹത്തിൻെറ മൂട്ടുപിടിച്ച സിരകളെ തണുപ്പിക്കുന്നതിനു വേണ്ടി ബന്ധുക്കൾ ആ രാഷ്ട്രീയനേതാവിനെ കന്യാകുമാരിയിലേയ്ക്കു കൊണ്ടുപോയതുകൊണ്ടാണു മുഖ്യമന്ത്രിക്കു കൃത്യസമയത്തു പ്രതിജ്ഞ ചെയ്യാൻ സാധിക്കാതെ വന്നതു്. അടുത്ത ദിവസം ആ ചടങ്ങു നടന്നു. ശ്രീ സി. കേശവൻ ഒരു മന്ത്രിസഭ രൂപീകരിച്ചു. പനമ്പള്ളിയെ അതിൽ ഉൾപ്പെടുത്തിയില്ല എന്നു കൊച്ചി കോൺഗ്രസ്സുകാർ പ

രിഭവിച്ചു. "മന്ത്രിസഭ രൂപീകരിക്കുന്നതു മുഖ്യമന്ത്രിയുടെ ഇഷ്ടപ്രകാരമാണു്" എന്ന ഉറച്ച നില ശ്രീ സി. കേശവൻ അവലംബിച്ചു. കോൺഗ്രസ്സ് ഹൈകമാൻഡുവരെ ഈ പ്രശ്നത്തിൽ ഇടപെട്ടു. "High Command or Low Command I don't Care" എന്നു് ധൈര്യപൂർവ്വം പറയത്തക്ക വിധം ചങ്കുറപ്പുണ്ടായ ഒരു കോൺഗ്രസ്സ് നേതാവു് ഇവിടെയുണ്ടായിട്ടുണ്ടെങ്കിൽ അതു ശ്രീ സി. കേശവനാണു്. അന്യത്ര വിവരിച്ചിട്ടുള്ള ഒരു പാട്ട രാഷ്ട്രീയ പശ്ചാത്തലത്തിലാണു ശ്രീ സി. കേശവന്റെ കോൺഗ്രസ്സ് പാർട്ടിക്കു് 1952-ലെ പൊതു തെരഞ്ഞെടുപ്പിനെ നേരിടേണ്ടിവന്നതു്. ടി. കെ. മന്ത്രിസഭയുടെ ജനദ്രോഹപരങ്ങളായ നടപടികൾമൂലം കോൺഗ്രസ്സ്‌വിരുദ്ധാശയങ്ങൾ സർവ്വത്ര പ്രചരിക്കുകയും, ഇടതുപക്ഷപ്പാർട്ടികൾ ജനഹൃദയങ്ങളെ ഏററവുമധികം ആകർഷിക്കുകയും ചെയ്തിരുന്ന ഒരു രാഷ്ട്രീയസാഹചര്യത്തിൽ തിരു-കൊച്ചിയിലെ ഭൂരിപക്ഷം ജനങ്ങളും ആ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെതിരായി വിധി പ്രഖ്യാപിച്ചു. പരമാധികാരമുള്ള ഒരു ജനതയുടെ അലംഘ്യമായ വിധിയെ ശിരസാ വഹിച്ചുകൊണ്ടു് ജനാധിപത്യവാദിയായ ശ്രീ സി. കേശവൻ അഭിമാനപൂർവ്വം അധികാരസ്ഥാനം വച്ചൊഴിഞ്ഞു. കോൺഗ്രസ്സ് ഏററവും കൂടുതൽ അംഗസംഖ്യയുള്ള ഒററ പാർട്ടിയായി ഉയൎന്നു വന്നിരിക്കുകയാണെന്നും, ഇടതുപക്ഷ പാർട്ടികൾക്കു് ഒരു മന്ത്രിസഭ രൂപീകരിക്കാൻ സാദ്ധ്യമാവുകയില്ലെന്നുമുള്ള ന്യായവാദങ്ങൾ ഉന്നയിച്ചുകൊണ്ടും, ജനകീയവിധിയെ ധിക്കരിച്ചുകൊണ്ടും, ശ്രീ ഏ. ജെ. ജോൺ ഒരു മന്ത്രിസഭ രൂപീ

കരിക്കാൻ മുന്നോട്ടു വന്നു. മല്ലയുദ്ധപ്രവീണന്റെ രാഷ്ട്രീയ വളർത്തുപുത്രന്മാർപ്പെടെയുള്ള ചിലരെ ഉൾപ്പെടുത്തി അദ്ദേഹം രൂപീകരിച്ച മന്ത്രിസഭാലിസ്റ്റ് ഹൈകമാൻഡിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിയാതെ, ഏകാന്തധ്യാനനിരതനായി അനേക ദിനരാത്രങ്ങൾ ആ മതഭക്തൻ നയിക്കുകയുണ്ടായി. പുതിയ ഒരു ആത്മീയവെളിച്ചത്തിനു വേണ്ടി അദ്ദേഹം പല നാൾ കാത്തിരുന്നു. ഒടുവിൽ ഈ സംസ്ഥാനത്തിലെ സകല രാഷ്ട്രീയ മറിമായങ്ങളുടേയും കേന്ദ്രസ്ഥാനങ്ങളായ മൂന്നു ബുദ്ധിരാക്ഷസന്മാരേയും രണ്ടു ശുദ്ധാത്മാക്കളേയും ഉൾപ്പെടുത്തി ഒരു മന്ത്രിസഭ രൂപീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഈ മന്ത്രിസഭയുടെ ജാതകം അതു് ഉടലെടുത്ത നിമിഷത്തിൽ തന്നെ ജനങ്ങൾ കുറിച്ചു കഴിഞ്ഞിരുന്നു. തമിഴ് നാടു കോൺഗ്രസ്സുമായി ആത്മാർത്ഥതയില്ലാത്ത ഒരു സഖ്യമുണ്ടാക്കി ജോൺ മന്ത്രിസഭ രണ്ടു വർഷക്കാലം നാടുവാണു. പാതിരിരാഷ്ട്രീയത്തിനും, വിരുദ്ധമുന്നണിയെന്നറിയപ്പെടുന്ന ഗുണ്ടാസേനകളുടെ അക്രമവിളയാട്ടങ്ങൾക്കും, പട്ടുമലയിലും, മട്ടാഞ്ചേരിയിലും നടന്ന തൊഴിലാളിവേട്ടകൾക്കും, മന്ത്രിസഭയിലെ ഒരംഗം കൊല്ലത്തെ സാമിൽ മുതലാളിമാരോടു കൈക്കൂലി വാങ്ങിയതായുള്ള പരസ്യമായ ആരോപണമുണ്ടായിട്ടും, ജോൺഫിലിപ്പോസിന്റെ മാതൃകയെ അനുകരിച്ചെങ്കിലും രാജി വെച്ച് നിരപരാധിത്വം തെളിയിക്കാൻ കൂട്ടാക്കാത്ത രാഷ്ട്രീയ ചാരിത്രഹീനതയുടെ പ്രലോഭനങ്ങൾക്കും, റൈസ് മില്ലുകൾക്കു ലൈസൻസനുവദിച്ച് തിരുവനന്തപുരം ഡിസ്റ്റ്റിക്റ്റിൽ നെല്ലു കുത്തി ഉപജീവനം കഴിക്കുന്ന പാവ

പ്പെട്ട സ്ത്രീകളെ പിച്ചപ്പാളയെടുപ്പിക്കാനുള്ള ജനദ്രോഹ പരങ്ങളായ ശ്രമങ്ങൾക്കും, ഗ്രന്ഥശാലകളിലൂടെ അന്ധവിശ്വാസമേ പരക്കാവൂ എന്ന വൈരാഗ്യബുദ്ധിയോടുകൂടി പുരോഗമനചിന്താഗതികളെ "എതിർക്കുക, ചെറുക്കുക, തകർക്കുക" എന്ന മുദ്രാവാക്യത്തോടുകൂടി പരിതാപകരമായ ഒരു സാംസ്കാരികാധഃപ്പതനത്തിൻെറ പ്രവണതകൾക്കും, സർക്കാർ സർവ്വീസിലും കമ്യൂണിററി പ്രോജക്റ്റ് തുടങ്ങിയ സാമ്പത്തികസാമൂഹ്യ പരിപാടികളിലും, പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തിലും സ്വജനപക്ഷപാതം, അഴിമതി, നിരുത്തരവാദിത്വം, എന്നിവ മാത്രം പ്രത്യക്ഷപ്പെടുത്തി സത്യവിരുദ്ധമായ പ്രചരണംകൊണ്ടു ജനങ്ങളുടെ കണ്ണിൽ മണ്ണിടാനുള്ള കുടിലതന്ത്രങ്ങൾക്കും, സർവ്വോപരി ഒരു കൂട്ടം മതവെറിയന്മാരുടെ കൂത്താട്ടങ്ങൾക്കും സാക്ഷ്യം വഹിച്ചുകൊണ്ടായിരുന്നു തിരു-കൊച്ചിയിൽ കോൺഗ്രസ്സിൻെറ അന്ത്യം കുറിച്ച ജോൺ മന്ത്രിസഭ ഭരണം നടത്തിയതു്. സെക്കൻഡറി സ്കൂൾവിദ്യാഭ്യാസം സംബന്ധിച്ചു് ശ്രീ പനമ്പിള്ളി ആവിഷ്കരിച്ച പുരോഗമനപരമായ ഒരു പദ്ധതിയോടുള്ള പിൻതിരിപ്പന്മാരുടെ എതിർപ്പിനു വഴങ്ങി ആ പദ്ധതി അപൂർണ്ണമായി മാത്രം നടപ്പിൽ വരുത്തി സ്വന്തം കഴിവുകേടും നിരുത്തരവാദിത്വവും തുറന്നു കാണിച്ച ഒരു മന്ത്രിസഭയാണിതു്. നിയമസഭയാൽ നിന്ദിച്ചു തള്ളപ്പെട്ടിട്ടും, 'ഐവർ ജെന്നിങ്സ്' ന്യായത്തിൽ മന്ത്രിസഭയ്ക്കുള്ളിൽ 'കുത്തിയിരിപ്പു സത്യഗ്രഹം' നടത്തിയ ആ അധികാരമോഹികൾ കോൺഗ്രസ്സിനേയും, കോൺഗ്രസ്സദ്ധ്യക്ഷനായ നെഹ്റുവിനേയും, ജനാധിപത്യപരമായ ഇന്ത്യൻ ഭരണ

ഘടനയേയും, ഈ നാട്ടിലെ ജനങ്ങളുടെ ഉത്തമതാല്പര്യ ങ്ങളേയും അഴേങ്ങയററം ധിക്കരിക്കുകയാണു ചെയ്തിട്ടുള്ള ത്. ഈ മന്ത്രിമാരുടെ ദുർഭരണനാടകത്തിൻെറ അന്ത്യ രംഗങ്ങളാണു് 1954 ഫെബ്രുവരിയിൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ ദർശിക്കപ്പെട്ടതു്. കോൺഗ്രസ്സിൻെറ ഈ ദുർവിധി ഇവിടത്തെ മററു രാഷ്ട്രീയ കക്ഷികൾക്കും ഒരു പാഠമായി തീരേണ്ടതാണു്.

കോൺഗ്രസ്സിൻെറ നാശത്തിൽ വിപുലമായ ഒരു രാഷ്ട്രീയരംഗം ദേശീയപുരോഗമനകക്ഷികളുടെ മുൻ പിൽ തുറന്നു കിടക്കുന്നു. വർഗ്ഗീയതയുടെ ചഞ്ചലഭാഗ ധേയങ്ങളിലും, പഞ്ചാരവാക്കുകളിലും ഭ്രമിക്കാതെ ജന കീയശക്തി കെട്ടിപ്പടുക്കാനും, അഴിഞ്ഞുലഞ്ഞു കിടക്കു ന്ന ഈ നാടിൻെറ ദേശീയദാർഢ്യത്തെ പുനഃസംഘടി പ്പിക്കുവാനും, കേരളത്തിൻെറ രാഷ്ട്രീയവും, സാമ്പത്തിക വും, സാംസ്കാരികവുമായ പൊതുപുരോഗതിക്കു വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കാനും കഴിയുന്ന പാർട്ടികൾ ക്കു ബഹുജനങ്ങൾ പിൻതുണ നൽകും.

കമ്യൂണിസ്റ്റ് പാർട്ടിയുടെ 'കണ്ണായ മൂന്നു നേതാക്കന്മാർ' സഖാക്കളായ എം. എൻ. ഗോവിന്ദൻനായർ, സി. അച്യു തമേനോൻ, ഗോപാലകൃഷ്ണമേനോൻ—എന്നിവർ തെര ഞ്ഞെടുപ്പിൽ പരാജയപ്പെടുകയാണുണ്ടായതു്. അവരെ പരാജയപ്പെടുത്തിയതിൽ കോൺഗ്രസ്സുകാർ അഭിമാനം കൊള്ളുന്നുണ്ടു്. പക്ഷേ, തിരുവിതാംകൂറിലേയോ, കൊ ച്ചിയിലേയോ സാമാന്യജനങ്ങൾ സ്വന്തം താല്പര്യങ്ങൾ ക്കു സംഭവിച്ച ഒരു പ്രഹരമായിട്ടാണു് അതിനെ വീക്ഷി ക്കുന്നതു്. ഈ നേതാക്കൾ അവരുടെ ഹൃദയക്ഷേത്രത്തിൽ

പ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുള്ളവരാണു്. ഒരു തെരഞ്ഞെടുപ്പിൻെറ ക്ഷണികവിഭ്രാന്തിമൂലം, ആ ധീരസഖാക്കളുടെ ത്യാഗപരമ്പരകളേയും, സമരകാലങ്ങളിൽ അവർ നല്കിയ മാൎഗ്ഗദർശനത്തേയും ജനങ്ങൾ മറന്നുകളയുകയില്ല. വൎഗ്ഗീയവാദികളും, അവസരസേവകന്മാരുമായ പിൻതിരിപ്പന്മാർ താല്ക്കാലികമായ രാഷ്ട്രീയമുതലെടുപ്പിനുവേണ്ടി, ശ്രീ കൈനിക്കര പത്മനാഭപിള്ളയുടെ ഭാഷയിൽ പറയുന്നപക്ഷം, "ഒരു രാത്രിയിലെ ആവശ്യത്തിനുവേണ്ടി" ആ മുന്നണിനേതാക്കളെ, സൎവ്വവേശ്യകളുടെ പാതിവ്രത്യമാതൃകയിൽ പ്രേമിച്ചപ്പോൾ വൎഗ്ഗീയമാത്സര്യം രൂക്ഷതരമാവുകയും യഥാൎത്ഥപ്രശ്നങ്ങൾ മങ്ങിപ്പോവുകയും, പരാജയം അനിവാൎയ്യമായിത്തീരുകയുമാണുണ്ടായതു്.

കഴിഞ്ഞുപോയ മന്ത്രിസഭകളുടെയും സ്ഥാനമൊഴിഞ്ഞ മുൻമന്ത്രിമാരുടേയും ഗതിയെന്തായി? ടി. കെ. ഇന്നെവിടെ? അദ്ദേഹത്തിൻെറ മന്ത്രിസഭയിലെ അംഗങ്ങൾ ഇന്നെവിടെ? ആ മന്ത്രിസഭയിലെ അംഗങ്ങളിൽ പലരും രാഷ്ട്രീയരംഗത്തു നിന്നു നിശ്ശേഷം മറഞ്ഞുകഴിഞ്ഞിരിക്കുന്നു. "തിരു-കൊച്ചിയിലെ ധൂമകേതു"വെന്നു ശ്രീ കുമ്പളത്തു ശങ്കുപ്പിള്ള അവസാന ബിരുദ നല്കി ആശീർവദിച്ചയച്ച ടി. കെ. 1952-ലെ പൊതുതെരഞ്ഞെടുപ്പിൽ പാർലമെൻറിലേയ്ക്കു സ്ഥാനാൎത്ഥിയായി നിന്നു മത്സരിച്ചു് പരമദയനീയമായ പരാജയത്തിൻെറ നിതാന്തശൂന്യതയിൽ നിഷ്പ്രഭനായി. തിരുവനന്തപുരം മുതൽ ഇടവാ വരെയുള്ള പ്രദേശത്തു് പാർലമെൻററി സ്ഥാനാൎത്ഥിയായി നിന്ന ആ മുഖ്യമന്ത്രി പ്രാണരക്ഷാൎത്ഥം പലാ

യനം ചെയ്ത ഒരു ട്രാജഡിയിലാണ് രാഷ്ട്രീയരംഗത്തി ലെ ആ വാമനാവതാര കഥ അവസാനിക്കുന്നതു്. മല്ലയു ദ്ധത്തലവൻ "ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എ ന്ന നിലയിലായിത്തീൎന്നിരിക്കുന്നു. ശ്രീ പട്ടത്തിൻെറ മ ന്ത്രിസഭയിൽ അംഗങ്ങളായിരുന്നവരിൽ തെരഞ്ഞെടു പ്പിൽ സ്ഥാനാർത്ഥികളായി നിന്നവരെല്ലാം വിജയമകു ടം അണിഞ്ഞിട്ടുമുണ്ടു്. തിരുവിതാംകൂറിനേയോ, തിരു-കൊച്ചിയേയോ ഭരിച്ച മറെറാരു മന്ത്രിസഭയ്ക്കും അങ്ങ നെ അവകാശപ്പെടാൻ സാദ്ധ്യമല്ല. ജനങ്ങളുടെ തലയ്ക്കു മീതെ തേർവാഴ്ച നടത്തിയ കോൺഗ്രസ്സ് പാർട്ടി മാത്ര മല്ല, ആ സംഘടനയുടെ ജീവനാഡികളായ സെക്രട്ടറി മാരും, ഡി. സി. സി. പ്രസിഡണ്ടുമാരും, മണ്ഡലാധിപ ന്മാരുമെല്ലാം തങ്ങളുടെ പരാക്രമങ്ങളുടെ പരാജയം തെ രഞ്ഞെടുപ്പിൽ കണ്ടുകഴിഞ്ഞു. ജനങ്ങൾ വെറുത്തു ത ള്ളിയ ഈ സംഘടനയിലും പാർട്ടിയിലും അംഗങ്ങളാ യിരിക്കാൻ ഇവർക്കു ലജ്ജയില്ലേ എന്നാണു നാട്ടുകാർ പൊതുവെ ചോദിക്കുന്നതു്. സ്ഥാനാൎത്ഥികളായി നിന്നു ജയിച്ച കോൺഗ്രസ്സ് മാന്യന്മാരും, "വല്ല വിധത്തിലും ജയിച്ചു; പക്ഷേ ഗുണമില്ലല്ലോ!" എന്നാണു വിലപി ക്കുന്നതു്. ഒരു കച്ചവടമനസ്ഥിതിയോടു കൂടി തെരഞ്ഞെ ടുപ്പുവ്യവസായത്തിൽ പണം മുടക്കിയവർ "പലിശയുമി ല്ല; മുതലുമില്ല" എന്നു വിഷാദാകുലരായി ചിന്തിക്കുന്നു. പനമ്പിള്ളിയാണു കോൺഗ്രസ്സ് പാർട്ടിയുടെ പുതിയ ലീഡർ. 118 അംഗങ്ങളുള്ള നിയമസഭയിൽ 45 അംഗ ങ്ങളുടെ നേതാവാണദ്ദേഹം. തമിഴ്നാടുകോൺഗ്രസ്സും, ഇടവും വലവും തിരിയാതെ നില്ക്കുന്ന ഒരു സ്വതന്ത്രനും,

രാജപ്രമുഖൻ നോമിനേററു ചെയ്ത ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയും കൂടി ചേന്നാൽ കോൺഗ്രസ്സുകാർ 59 ആകും. കൊച്ചു കൊച്ചിയുടെ പശ്ചാത്തലത്തിൽ പനമ്പിള്ളി ഏററവുമധികം ഭയപ്പെടുന്ന ഏ. ആർ. മേനോനും, തിരുവിതാംകൂറിലെ രാഷ്ട്രീയ ശാപങ്ങളുടെ മുഴുവൻ പ്രാതിനിധ്യം വഹിക്കുന്ന ടി. എം. വറുഗീസും ജയിച്ചു വന്ന് തൻെറ പുറകിൽ നില്ക്കുന്നതു് ഒരു ദുശ്ശകുനമാണെന്നു പുതിയ ലീഡർ കരുതുന്നുണ്ടായിരിക്കാം. പനമ്പിള്ളിയുടെ മർമ്മം നോക്കി തട്ടാനുള്ള ഒരു മനഃശാസ്ത്രനിമിഷത്തിനു വേണ്ടി അവർ കാത്തിരിക്കുകയല്ലന്നാരറിഞ്ഞു!

ശ്രീ പട്ടം, അദ്ദേഹത്തിൻെറ പുറകിലും 59 അംഗങ്ങളുണ്ടെന്നു് അവകാശപ്പെട്ടെങ്കിലും പി. എസ്. പി. തനിച്ചു നില്ക്കുവാൻ ആ പാർട്ടിയുടെ കേന്ദ്രതീരുമാനമുണ്ടായിരിക്കുന്നു. മുന്നണിക്കുള്ളിൽ പ്രവത്തിക്കുന്ന ഘടകങ്ങളുടെ രാഷ്ട്രീയസ്വഭാവം ചിന്താഹ്മാണെങ്കിലും ഈ നാട്ടിലെ അദ്ധ്വാനിക്കുന്ന ജനലക്ഷങ്ങളുടെ ആശകളും പ്രതീക്ഷകളും തീച്ച്യായും മുന്നണിയെ(?)ആവേശപൂവ്വം ഉററുനോക്കുന്നു. അവരുടെ ആശകൾ നിറവേററുമോ, ഐക്യകക്ഷികൾ എന്തു ചെയ്യുവാൻ പോകുന്നു, എന്നതെല്ലാം പ്രശ്നത്തിൻെറ മററൊരു വശമാണു്. ഏതായാലും തൊഴിലാളിവഗ്ഗം മുന്നണിയുടെ പിന്നിലാണു്. പനമ്പിള്ളിയുടെ പുറകിലാകട്ടെ, കുതികാൽ വെട്ടു്, ഒപ്പിയാൽ സമ്പ്രദായം, ചുടലരാഷ്ട്രീയത്തട്ടിപ്പു്, 'ഫാദർലസ്നസ്സ്' ഏപ്പാടു്, മല്ലയുദ്ധമുറകൾ, കട്ടവാക്കൂട്ടരാഷ്ട്രീയം, അമ്പലം തീവയ്പു്, പള്ളിരാഷ്ട്രീയം, പാട്ടരാഷ്ട്രീയം അങ്ങനെ നീണ്ടുനീണ്ടു പോകുന്ന ലജ്ജാകരമായ ഒരു സമരവഴക്കത്തിൻെറ പ്രതിനിധികളാണു് അണിനിരക്കുന്നതു്.

ആരാണു ഭരിക്കേണ്ടത്?

ശ്രീ പട്ടത്തിൻെറ മന്ത്രിസഭയെ കുതികാൽവെട്ടു സമ്പ്രദായത്തിൽ മറിച്ചിട്ട രാഷ്ട്രീയവഞ്ചകരുടെ ദല്ലാളികൾ ഐക്യമുന്നണിക്കുള്ളിലും കടന്നു കൂടിയിട്ടുണ്ടോ?

ബന്ധുമാററങ്ങളുടേയും, കക്ഷിമാററങ്ങളുടേയും നശിച്ച പാരമ്പര്യം ഇനിയും ഇവിടെ ആവൎത്തിക്കുകയും, രാഷ്ട്രീയകാൎയ്യങ്ങൾ ഒരു കിളിത്തട്ടുകളിയായി അവശേഷിക്കുകയും ചെയ്യുമോ? ഈ ജനകീയകഥയുടെ കലാശം പ്രസിഡണ്ടു ഭരണമെന്ന നീണ്ട നിശയിലായിരിക്കുമോ എന്നു പോലും ജനങ്ങൾ ഭയപ്പെടുന്നുണ്ട്.

ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ, പ്രശ്നം കൂടുതൽ കുഴപ്പത്തിലേയ്ക്കു മാറിയ അതിപ്രധാനമായ മറെറാരു വാൎത്തകൂടിലഭിച്ചിരിക്കുന്നു. മദ്രാസിൽകൂടിയ പി. എസ്. പി. എക്സിക്യൂട്ടീവ്, പി. എസ്. പി. തനിച്ചുകഴിയുമെങ്കിൽ മന്ത്രിസഭ രൂപവൽക്കരിക്കണമെന്ന് തീരുമാനമെടുത്തു എന്നുള്ളതാണത്. ഒരുഇടതുപക്ഷ ഗവൎമ്മെൻറുണ്ടാകണമെന്നും ഏതൊക്കെ ഇസങ്ങൾ ചേൎന്നതായാലും ചേരാത്തതായാലും കോൺഗ്രസ്സുകാരുടെയല്ലാത്ത ഒരു ഗവൎമ്മെൻറായിരിക്കണമതെന്നും, ആഗ്രഹിച്ച ഇന്നാട്ടുകാൎക്ക് ഏററ ഒരു പ്രഹരമാണ് ആ തീരുമാനമെന്നു കരുതുന്നത് ഒരു തെററായിരിക്കയില്ല. അങ്ങനെ കാൎയ്യങ്ങൾ കൂടുതൽ കുഴങ്ങുകയും മുകളിൽ സൂചിപ്പിച്ച പ്രസിഡണ്ടുഭരണത്തിൻെറ വക്കിലേയ്ക്കു രാജ്യത്തെ കൊണ്ടു ചെന്നു നിൎത്തുകയും ചെയ്തിരിക്കുന്നു! ഇതിനൊക്കെ ആരാണ് ഉത്തരവാദികൾ?

# 3

# വർഗീയശാപം

35745

# 3

ജനാധിപത്യവും പ്രായപൂർത്തി വോട്ടവകാശവും നൽകുന്ന വിപുലമായ സാദ്ധ്യതകളെ കക്ഷിതാല്പര്യങ്ങൾക്കും, വ്യക്തിതാല്പര്യങ്ങൾക്കുംവേണ്ടി പ്രയോജനപ്പെടുത്തുമ്പോൾ ജനാധിപത്യം മൃതിയടയുന്നു; വോട്ടുപെട്ടികൾ ശവപ്പെട്ടികളായിത്തീരുന്നു.

രാഷ്ട്രത്തിന്റെ നിലനില്പിനു നിദാനമായ പൊതുതത്വങ്ങളിൽ പരമാവധി യോജിക്കുവാനും, ഒരു ജനതയെന്ന നിലയിലുള്ള പുരോഗതിയിൽ ദൃഢൈക്യം പുലർത്തുവാനും കഴിയുന്ന ഒരു രാജ്യത്തിനു മാത്രമേ ജനാധിപത്യത്തെ വിജയിപ്പിക്കാൻ സാധിക്കുകയുള്ളു.

ജ്വലിക്കുന്ന ഒരു ദേശീയവികാരം, ജന്മഭൂമിയുടെ ഭാസുരവിജയത്തിൽ സമസ്തസൗഭാഗ്യങ്ങളും ദർശിക്കുന്ന ഒരു വിശാലഭാവന, അഭിമാനകരമായ ഒരു പൗരത്വത്തെക്കുറിച്ചുള്ള ഉൽകൃഷ്ടബോധം—ഇത്യാദി രാഷ്ട്രീയ മൂല്യങ്ങളിലാണ് ജനാധിപത്യത്തിന്റെ ചൈതന്യം സ്ഥിതിചെയ്യുന്നത്.

ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ അഭിപ്രായവ്യത്യാസങ്ങളേയും, ഭിന്നമാൎഗ്ഗങ്ങളേയും, പ്രതിപക്ഷങ്ങളേയും ജനാധിപത്യം അംഗീകരിക്കുന്നു. എന്നാൽ, രാഷ്ട്രത്തിന്റെ ഭദ്രതയെ ഹനിക്കുന്നതും, ജനങ്ങളുടെ ഐക്യബോധത്തെ ഉലയ്ക്കുന്നതും, അന്തഃഛിദ്രങ്ങൾക്കു വഴിതെളിക്കുന്നതുമായ കക്ഷിമാത്സര്യങ്ങളും, അധികാരരാഷ്ട്രതന്ത്രത്തീക്കളികളും ജനാധിപത്യപരമായ തെരഞ്ഞെടുപ്പുകളെ ബലപരീക്ഷകൾക്കും, പകവീട്ടലിനും, പ്രകടനങ്ങൾക്കുമുള്ള സന്ദർഭങ്ങളായി രൂപാന്തരപ്പെടുത്തുകയും, ജനാധിപത്യപ്രസ്ഥാനങ്ങളെ പോർക്കളങ്ങളായി മാററുകയും, പൗരജീവിതസാഹചര്യങ്ങളെ പരിഭ്രമാകുലവും, പ്രക്ഷുബ്ധവും, അക്രമാസക്തവുമാക്കിത്തീർക്കുകയും ചെയ്യുന്നു.

തിരു-കൊച്ചിയിലെ തെരഞ്ഞെടുപ്പിനെ, അതിന്റെ വിവിധവശങ്ങളിൽനിന്നു നേരിട്ടു ദർശിക്കുവാനും, വിവിധകക്ഷികളുടെ സമരതന്ത്രങ്ങളെ വിശകലനം ചെയ്തു പഠിക്കുവാനും, കന്യാകുമാരിമുതൽ ഷൊർണ്ണൂർവരെയുള്ള ജനതതി "വിധിനിർണ്ണായക"മെന്നും, "ചരിത്രപ്രധാന"മെന്നും വിവരിക്കപ്പെട്ട ഈ ജനാധിപത്യപരീക്ഷണത്തെ എങ്ങനെ നേരിട്ടു എന്നു് ആരാഞ്ഞറിയുവാൻ സംസ്ഥാനമൊട്ടുക്കു് ഞാൻ നടത്തിയ രംഗനിരീക്ഷണത്തിൽ, ഒരു രാഷ്ട്രീയരോഗിയുടെ മരണവെപ്രാളമാണു് എനിക്കു പൊതുവേ കാണുവാൻ കഴിഞ്ഞതു്.

രോഗത്തിനുള്ള ഔഷധം സ്വയം നിർണ്ണയിക്കുവാനും, സ്വയം ചികിത്സിച്ചുകൊള്ളുവാനും രോഗിയോടു്

ആവശ്യപ്പെട്ടിരിക്കുകയാണെന്ന് എനിക്കു തോന്നി. രോഗികളെക്കൊണ്ടു് രോഗികളെ ചികിത്സിപ്പിക്കുക എന്നതായിരുന്നു ജനങ്ങളുടെ വിധി.

തിരു-കൊച്ചിയെപ്പോലെ വർഗ്ഗീയരോഗം ബാധിച്ചിട്ടുള്ള ഒരു നാട് ഈ ഭൂമുഖത്തു കാണുകയില്ല. രാഷ്ട്രീയ കക്ഷികൾ വർഗ്ഗീയതയെ പ്രതിഫലിപ്പിക്കുക; ഭരണാധികാരികൾ വർഗ്ഗീയശക്തികളുമായി കൂട്ടുകെട്ടുകളുണ്ടാക്കുക; ഇതെല്ലാം പഴയ തിരുവിതാംകൂറിലെ ഒരു പതിവായിരുന്നു. കൊച്ചികൂടി ഈ ദുർവലയത്തിൽ ഇന്ന് അകപ്പെട്ടിരിക്കുകയാണ്.

ദേശീയകക്ഷിയായ കോൺഗ്രസ്സ് ക്രൈസ്തവാധിപത്യത്തിനുവേണ്ടി നിലകൊള്ളുന്നു. ക്രിസ്തുമതം ഒരു സംഘടിതമതമാണ്. ആ സംഘടിതസ്വഭാവം ഹിന്ദുക്കൾക്കില്ല. ഇവിടത്തെ നായരീഴവസമുദായങ്ങൾ ഭിന്നിച്ചുനില്ക്കുന്നതു് രാഷ്ട്രീയകാര്യങ്ങളിൽ ക്രിസ്ത്യാനികൾക്ക് തങ്ങളുടെ സ്വാധീനശക്തി ഉറപ്പിക്കുന്നതിന് പരോക്ഷമായി സഹായിക്കുന്ന ഒരു സമുദായനിലയാണ്. നായരീഴവസമുദായങ്ങളെ യോജിപ്പിക്കുന്നതിനുവേണ്ടി നടന്ന ശ്രമങ്ങൾ ഇതുവരെ പരാജയപ്പെടുകയാണു ചെയ്തിട്ടുള്ളതു്. കാരണം, അതെല്ലാം വർഗ്ഗീയമായിരുന്നു. സംസ്ഥാനത്തിനകത്തുള്ള പുരോഗമനചിന്താഗതികളെ ആകർഷിക്കുവാൻ അതിനു കഴിഞ്ഞില്ല. വർഗ്ഗീയതയിൽ അടിയുറച്ചു നിന്നുകൊണ്ടു് ദേശീയവാദം ഉന്നയിച്ച ഹിന്ദുനേതാക്കൾക്ക്, ദേശീയതയിൽ നിലയുറപ്പിച്ചുകൊണ്ടു് വർഗ്ഗീയലക്ഷ്യങ്ങൾ നേടാൻ ശ്രമിച്ച ക്രിസ്ത്യൻനേതാക്കളെ രാഷ്ട്രീയരംഗത്തു ഫലപ്രദമായി നേരിടാൻ സാദ്ധ്യമായി

ല്ലെന്നുമാത്രമേ പറയുവാനുള്ളു. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഹിന്ദുവർഗ്ഗീയത അതിന്റെ അടവൊന്നു മാററി. കോൺഗ്രസ്സിനു വിരുദ്ധമായ സകല ജനവിഭാഗങ്ങളേയും അണിനിരത്തിക്കൊണ്ട് കമ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിച്ച ഐക്യമുന്നണി, ദേശീയച്ചട്ടയിട്ട ക്രിസ്ത്യൻകോൺഗ്രസ്സിനെ പ്രബലശക്തിയോടുകൂടി നേരിടുന്നതിന് ഹിന്ദുവർഗ്ഗീയവാദികൾക്ക് ഒരു സുവർണ്ണാവസരം നൽകി. ഐക്യമുന്നണിയും ഐക്യത്തിൽ ഉറച്ചുനില്ക്കുന്ന ഒരു പാർട്ടിയാണെന്നു പറയാവുന്നതല്ല. കോൺഗ്രസ്സിനോടുള്ള വിദ്വേഷത്തിന്റെ ഒരു സംഘടിതരൂപമാണതു്. ഐക്യമുന്നണിയിലെ കമ്യൂണിസ്ററുപാർട്ടിയും, ആർ. എസ്. പി. യും തമ്മിൽ കീരിയും പാമ്പുംപോലെ സമരം ചെയ്തിട്ടുള്ള രംഗങ്ങളെപ്പററി നാട്ടുകാർ ഇനിയും മറന്നുപോയിട്ടില്ല. സംഘടിതതൊഴിലാളിവർഗ്ഗത്തെ ഭിന്നചേരികളിൽ നിർത്തി കക്ഷിതാല്പര്യങ്ങൾ വളർത്തുന്നതിലാണ് അവരുടെ ശ്രദ്ധ പ്രധാനമായി കേന്ദ്രീകരിച്ചിട്ടുള്ളതു്. ചവറ മണൽക്കമ്പെനിയിലെ ആർ. എസ്. പി. തൊഴിലാളിയൂണിയനെ സ്വാധീനപ്പെടുത്തുന്നതിനുവേണ്ടി ഒരു ശ്രമം നടത്തിയ കമ്യൂണിസ്ററുസഖാക്കളെ ആർ. എസ്. പി. ക്കാർ ആക്രമിക്കുകയും അടുത്തുള്ള തോട്ടിൽക്കിടന്ന് കമ്യൂണിസ്റ്റ് സഖാക്കൾ വെള്ളം കുടിക്കുകയും ചെയ്തു. ഇതിനു പ്രതികാരമായി ആർ. എസ്. പി. നേതാവ് ശ്രീകണ്ഠൻനായരെ പെരിനാട്ടുവച്ച് കമ്യൂണിസ്ററുകാർ പ്രഹരിച്ചു. "പത്തു കടലാവണക്കിൻപത്തലുണ്ടെങ്കിൽ ഈ കമ്യൂണിസ്ററുസഖാക്കളെ വകവരുത്തിക്കളയാം" എന്ന് ശ്രീകണ്ഠൻനായർ രോഷാകുലനായി ഗജ്ജി

ച്ചതു് അക്കാലത്താണു്. അന്നുമുതൽ ഇടതുപക്ഷരാഷ്ട്രീയ കക്ഷികളുടെ പാർട്ടിപ്രവർത്തനങ്ങളെ "പത്തൽരാഷ്ട്രീയം" എന്നാണു് നാട്ടുകാർ വിളിക്കുന്നതു്. ഏതായാലും, രണ്ടാമത്തെ പൊതുതെരഞ്ഞെടുപ്പുവന്നപ്പോൾ ആ ബദ്ധവൈരികൾ വീണ്ടും യോജിച്ചു്, ഐക്യമുന്നണിയായി. ഐക്യമുന്നണിയെ ഒരു ക്രിസ്ത്യൻവിരുദ്ധനായരീഴവമുന്നണിയെന്ന നിലയിലാണു് ഹിന്ദുവർഗ്ഗീയവാദികൾ സമീപിച്ചതു്. അതോടൊപ്പംതന്നെ, പുരോഗമനപരമായ ആശയാദർശങ്ങൾ തങ്ങൾക്കുണ്ടെന്നു് അവകാശപ്പെട്ട പാർട്ടികളുടെ പിന്നിൽ അണിനിരന്നിരുന്ന തൊഴിലാളികളുടെ സമരബലവും, സംഘടിതവീര്യവുംകൊണ്ടു് ഒരു നവചൈതന്യം ആർജ്ജിച്ച ഐക്യമുന്നണി വർഗ്ഗീയതയ്ക്കു് ഒരു ഇരുമ്പുമറ പ്രദാനംചെയ്യുവാനും പര്യാപ്തമായിരുന്നു. എന്നാൽ വോട്ടുപിടിത്തത്തിൻെറ പ്രായോഗികരംഗങ്ങളിൽ വർഗ്ഗീയത അതിൻെറ പഴയ ശൈലിയിൽതന്നെയാണു് സംസാരിച്ചിരുന്നതു്. കോൺഗ്രസ്സ്പെട്ടികൾ "മാപ്പിളപ്പെട്ടി"കളായി ചിത്രീകരിക്കപ്പെട്ടു. തെരഞ്ഞെടുപ്പിലെ പ്രശ്നം, "ക്രിസ്ത്യാനി ഭരിക്കണമോ ഹിന്ദു ഭരിക്കണമോ" എന്നതായിത്തീർന്നു. വർഗ്ഗീയതയെക്കാൾ പ്രാദേശികവികാരങ്ങൾ സ്വാധീനശക്തിചെലുത്തുന്ന കൊച്ചിയിലെ ജനങ്ങൾ ഒരു കൊച്ചിക്കാരനായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ മുഖ്യമന്ത്രിയാകണമെന്നാണു് ആശിച്ചതു്. ഭാഷാസംസ്ഥാനവികാരം അതിൻെറ മൂർദ്ധന്യത്തെ പ്രാപിച്ചിരുന്ന തമിഴ്പ്രദേശങ്ങളിൽ തമിഴകപ്രശ്നമല്ലാതെ മററു യാതൊരു പ്രശ്നവും ജനങ്ങളുടെ മുമ്പിൽ ഇല്ലായിരുന്നു.

ജനങ്ങളുടെ സാമ്പത്തികവും, സാമൂഹ്യവുമായ പ്രശ്ന

ങ്ങളെല്ലാം വർഗ്ഗീയതയുടേയും, പ്രാദേശികചിന്താഗതികളുടേയും, മിഥ്യാബോധങ്ങളുടേയും ഒരു ധൂമപടലത്തിനിടയിൽ മങ്ങിപ്പോയിരുന്നു. രണ്ടുതരം പെട്ടികൾ പരസ്പരാഭിമുഖമായി നിരത്തിവെച്ച്, തിരു-കൊച്ചി സംസ്ഥാനത്തെ 101 വർഗ്ഗീയവിഭാഗങ്ങളായി തരംതിരിച്ച് 117 ഗോത്രവർഗ്ഗത്തലവന്മാരെ ഏല്പിക്കുന്ന ചരിത്രപ്രധാനമായ ചടങ്ങായിരുന്നോ ഈ തെരഞ്ഞെടുപ്പ്? അതോ, കക്ഷികളുടെ ബലപരീക്ഷകൾക്കും, വ്യക്തിമാത്സര്യങ്ങൾക്കും ജനങ്ങളുടെ കിടമത്സരങ്ങൾക്കും വേണ്ടി ജനാധിപത്യം നല്കുന്ന വിപുലമായ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുക മാത്രമായിരുന്നോ ഈ തെരഞ്ഞെടുപ്പിന്റെ ഉദ്ദേശ്യം? വേദനാകരമായ ഒരു ചിത്രമാണു ഞാൻ എന്റെ മുമ്പിൽ കാണുന്നത്. നാഗരികത്വം തുളുമ്പുന്ന തിരുവനന്തപുരത്തിന്റെ ആഡംബരപ്രൗഢിയിലും, വാണിജ്യവ്യവസായകേന്ദ്രമായ ആലപ്പുഴപ്പട്ടണത്തിന്റെ ക്ഷോഭസങ്കുലമായ അന്തരീക്ഷത്തിലും, പരിഷ്ക്കാരമോടികളിൽ അഭിമാനം കൊള്ളുന്ന കൊല്ലം പട്ടണത്തിന്റെ മാദകഭംഗിയിലും, കേരളത്തിന്റെ സാംസ്ക്കാരികതലസ്ഥാനമാകാൻ സർവ്വഥാ അർഹതയുള്ള തൃശ്ശിവപേരൂരിന്റെ ആഭിജാത്യഗാംഭീര്യത്തിലും, ഐശ്വര്യലക്ഷ്മി നൃത്തം ചെയ്യുന്ന എറണാകുളത്തിന്റെ മോഹനഭാവങ്ങളിലും, സദാ ഉത്സാഹപ്രകർഷം കൊണ്ടു തിളച്ചുമറിയുന്ന കോട്ടയത്തിന്റെ ധനധാന്യസമൃദ്ധിയിലും ഇതിനുമുമ്പൊരിക്കലും ഞാൻ കണ്ടിട്ടില്ലാത്ത വിധം വർഗ്ഗീയരക്ഷസ്സ് അതിന്റെ ആധിപത്യം സ്ഥാപിച്ചിരുന്നു. അതുമാത്രമോ? ജാതിക്കും, മതത്തിനും അതീതമായി മാനുഷികമാ

യ ഐക്യം പ്രസന്നശീതളമായ പ്രകൃതിലാവണ്യത്തിൽ അലിഞ്ഞുചേൎന്നിരുന്ന പമ്പാപ്രദേശങ്ങളിലും, മലകളുടെ തഴ്വരകളിലും, വനാന്തരങ്ങളിലും, ഉൾനാടുകളിലും, കായൽവാരങ്ങളിലും, തീരപ്രദേശങ്ങളിലുമെല്ലാം ആ പൈശാചികനൃത്തത്തിൻെറ പരുഷമായ പ്രതിദ്ധ്വനിയാണു നാം അഹോരാത്രം മുഴങ്ങിക്കേട്ടതു്. തണ്ണീർമുക്കം കയത്തെക്കാൾ ആഴത്തിൽ നമ്മുടെ മനുഷ്യത്വം അധഃപ്പതിച്ചപ്പോൾ, ഗിരിനിരകളുടെ കൊടുമുടികളിൽ വൎഗ്ഗീയരുദ്രൻ ജട വിടുത്താടുകയായിരുന്നു. ചെങ്കൊടികളുടെ ശോണിമയിലും, ത്രിവൎണ്ണപതാകകളുടെ നിറപ്പകൎച്ചയിലും, മുന്നണിക്കു വേണ്ടിയുള്ള മുദ്രാവാക്യങ്ങളിലും, ജവഹർലാലിനെ ജയിപ്പിക്കാൻ വേണ്ടിയുള്ള ആഹ്വാനങ്ങളിലും, ചുവപ്പുഭടന്മാരുടെ ഘോഷയാത്രകളിലും, ശാന്തിസേനാറാലികളിലും, വിപ്ലവപ്രസംഗങ്ങളിലും, ക്ഷേമരാഷ്ട്രക്കൂത്തുകളിലും ഒരേ ഒരു തീമിൻെറ രണ്ടു വശങ്ങളാണു് നമുക്കു കാണുവാൻ കഴിഞ്ഞതു്. വലതുപക്ഷമെന്നും, ഇടതുപക്ഷമെന്നും പറയപ്പെടുന്ന കക്ഷിപ്രതികക്ഷികൾ രണ്ടു കള്ളനാണയങ്ങൾ ജനങ്ങളുടെ മുമ്പിൽ വെച്ചുനീട്ടി. അവയിൽ സൎക്കാർ നാണയമേതാണെന്നു് അറിയാൻ കഴിയാതെ ജനങ്ങൾ കുഴങ്ങി. രണ്ടും വൎഗ്ഗീയതയുടെ അച്ചിൽ വാൎത്തെടുത്ത നാണയങ്ങളായിരുന്നു. നിഷ്പക്ഷതയ്ക്കു സ്ഥാനമുണ്ടായിരുന്നില്ല. കള്ളക്കമ്മട്ടത്തിലടിച്ച രണ്ടു വ്യാജനാണ്യങ്ങളിൽ ഇഷ്ടപ്പെട്ടതു സ്വീകരിക്കുക എന്ന ഐച്ഛികത്തെ അഭിമുഖീകരിച്ച തിരു-കൊച്ചിയിലെ രാഷ്ട്രീയപ്രബുദ്ധരായ ജനങ്ങൾ, തങ്ങളുടെ പരമാധികാരചിഹ്നമായ വോട്ടുകൾ, കഴിഞ്ഞ പൊതുതെ

രഞ്ഞെടുപ്പിൽ വർഗ്ഗീയപ്പെട്ടികളിൽ നിക്ഷേപിച്ച് കൃതകൃത്യരാകുവാൻ, സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ,നിർബ്ബന്ധിതരായി. ജനാധിപത്യത്തിന്റെ നീണ്ട ചരിത്രത്തിലെങ്ങും ഇതിൽപരം ഒരു അധഃപതനം സംഭവിച്ചിരിക്കയില്ല.

ഏഴുകൊല്ലത്തെ കോൺഗ്രസ്ഭരണത്തിനു ശേഷം തിരു-കൊച്ചി സംസ്ഥാനം ഇന്ന് ഒരു മദ്ധ്യകാലഫ്യൂഡൽ സ്റ്റേററിന്റെ പ്രതീതിയാണുളവാക്കുന്നത്. പ്രസക്തകക്ഷികളോടെല്ലാം ക്ഷമാപണം ചെയ്തുകൊണ്ടും, തിരുത്തലിനു വിധേയമാണെന്ന് തുറന്നു പ്രഖ്യാപിച്ചുകൊണ്ടും ഉറപ്പിച്ചു പറയുന്നു, ഇക്കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പ്, കോൺഗ്രസ് സർക്കാരിന്റെ നേതൃത്വത്തിലുള്ള ഒരു "ക്രിസ്ത്യാനിപ്പട"യും, ഐക്യമുന്നണിയുടെ കൊടിക്കീഴിൽ ഒരു "നായരീഴവപ്പട്ടാള"വും തമ്മിൽ നടത്തിയ അധികാരപ്പോരാട്ടമായിരുന്നുവെന്ന്. മുസ്ലീങ്ങൾ തുടങ്ങിയ ന്യൂനപക്ഷസമുദായങ്ങൾ "വശംനോക്കി" രണ്ടു ചേരിയിലും അണിനിരന്നിരുന്നു. ഭിന്നസമുദായങ്ങളിൽ പെട്ട സ്ഥാനാർത്ഥികൾ ഇരുകക്ഷിയിലും ഉണ്ടായിരുന്നെങ്കിലും അവരെല്ലാം തങ്ങൾ ഉൾപ്പെട്ടുനിന്ന ചേരിയുടെ വർഗ്ഗീയ സ്വഭാവത്തെ ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ അംഗീകരിച്ചവരായിരുന്നു;അല്ലെങ്കിൽ വർഗ്ഗീയപ്രാതിനിധ്യത്തിന്റെ അനുപാതക്രമമനുസരിച്ചുള്ള ഭരണത്തിൽ വിശ്വസിച്ചവരായിരുന്നു. അതുമല്ലെങ്കിൽ, ഒരു പരാജയബോധം മൂലം വർഗ്ഗീയതയുടെ ഭാഗധേയങ്ങളിൽ തങ്ങളുടെ രാഷ്ട്രീയലക്ഷ്യങ്ങൾ കേന്ദ്രീകരിച്ചവരായിരുന്നു. ഉദാഹരണങ്ങൾ സുലഭമാണ്. എങ്കിലും വാദം

സമത്ഥിക്കുന്നതിനുവേണ്ടി അവയിൽ ഒന്നു മാത്രം ചൂണ്ടി ക്കാണിക്കാം.

കഴിഞ്ഞ മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ആർ. എസ്. പി. അതിൻെറ പരാജയത്തിൻെറ നെല്ലിപ്പലക കണ്ട കൊല്ലംനഗരത്തിൽ കാൺഗ്രസ്സ്ഥാനാത്ഥിയായ ശ്രീ ആർ. ശങ്കർ ദയനീയമായ വിധത്തിൽ പരാജയമടഞ്ഞു. ആർ. എസ്. പി. സ്ഥാനാത്ഥിയായ സഖാവു ടി. കെ. ദിവാകരനുമായുള്ള പോരാട്ടത്തിലാണു് ശങ്കർ അടിപ്പെട്ടതു്. കാൺഗ്രസ്സിൻെറ ഗംഭീരമായ ഒരു കൺവെൻഷൻ ശങ്കറിൻെറ നേതൃത്വത്തിൽ കൊല്ലത്തുവെച്ചു നടന്നു. രാഷ്ട്രീയകേരളം ഇതിനു മുമ്പെങ്ങും ദർശിച്ചിട്ടില്ലാത്ത മഹത്തായ ഒരു റാലിക്കു നേതൃത്വംനല്കാനും, ഒരു കാൺഗ്രസ്മാമാങ്കം നടത്തി തൻെറ വ്യക്തിപ്രഭാവം പ്രഖ്യാപിക്കുവാനും 'സംഘടനാനിപുണനായ ശങ്കറിനു കഴിഞ്ഞു. കൊല്ലം നഗരത്തിൻെറ നാഭീസ്ഥാനത്തു് തൻെറ സവിശേഷമായ നേട്ടങ്ങളുടെ ശാശ്വതസ്തംഭങ്ങൾ അദ്ദേഹം സ്ഥാപിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ കഴിവുകൾ അനന്യസാധാരണമാണെന്നു് അദ്ദേഹത്തിൻെറ ശത്രുക്കൾപോലും സമ്മതിക്കും. ശങ്കർ തെരഞ്ഞെടുപ്പിൽ ജയിക്കുകയും, കാൺഗ്രസ്തന്നെ വീണ്ടും ഭരണകക്ഷിയായിത്തീരുകയും ചെയ്താൽ അദ്ദേഹം ഒരു മന്ത്രിയാകുമെന്നു് അഭ്യുദയകാംക്ഷികളും, ശത്രുക്കളും ഒരുപോലെ പ്രതീക്ഷിച്ചിരുന്നു. പക്ഷേ, ശങ്കറിൻെറ കഴിവുകളൊന്നും തെരഞ്ഞെടുപ്പിൽ ഒരു പ്രശ്നമായിരുന്നില്ല. ഹിന്ദുമഹാമണ്ഡലനേതാവായിരുന്ന ശങ്കർ, പുരോഗമനപ്രസ്ഥാനങ്ങളുടെ ഈ യുഗത്തിൽ ഒരു വർഗ്ഗീയക്കൂട്ടുകെട്ടിൻെറ ചഞ്ചലമായ

ഭാഗധേയങ്ങളിൽക്കൂടി രാഷ്ട്രീയലക്ഷ്യങ്ങൾ നേടാൻ സാദ്ധ്യമല്ലെന്ന് വളരെയധികം പരീക്ഷണനിരീക്ഷണങ്ങൾക്കുശേഷം അനുഭവം കൊണ്ടു മനസ്സിലാക്കി. ഒടുവിൽ ദേശീയച്ചട്ടയിട്ട കാൺഗ്രസ്സിലൂടെ ഹൈന്ദവാധിപത്യം സ്ഥാപിക്കാനുള്ള മറെറാരു പരീക്ഷണത്തിലാണ് ശങ്കർ ഏപ്പെട്ടതു്. കാലം വൈകിയശേഷമുള്ള ഈ മാനസാന്തരത്തിൽ ഹിന്ദുക്കളുടെ വിശ്വാസം നേടാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ശ്രീ ഏ. ജെ. ജാണിന്റെ ഭരണത്തിൻ കീഴിൽ കാൺഗ്രസ് അതിന്റെ രൂപത്തിലും ഭാവത്തിലും ഒരു ക്രിസ്ത്യൻ സംഘടനയായി അധഃപതിച്ചിരുന്നു. "മുന്നണിഭരണം ഹൈന്ദവഭരണം", "ഇന്നത്തെ മുന്നണി നാളത്തെ സക്കാർ" എന്ന ഐക്യമുന്നണിയുടെ ലഘുവായ മുദ്രാവാക്യങ്ങൾ ശങ്കറിന്റെ ഹൈപൊളിററിക്സിനെക്കാൾ നായരീഴവസമുദായങ്ങൾക്ക് സുഗ്രഹമായിരുന്നു. ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ളയും, ശ്രീ കെ. സുകുമാരനും, യഥാക്രമം അവരവരുടെ പത്രങ്ങളിലൂടെ ഹിന്ദുക്കൾ മുന്നണിയിൽ അണിനിരക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. യഥാർത്ഥത്തിൻ അവരും ഹിന്ദുവർഗ്ഗീയവാദികൾതന്നെ. മാർഗ്ഗത്തിൽ മാത്രമേ ശങ്കറും അവരും തമ്മിൽ അഭിപ്രായവ്യത്യാസമുള്ളു. മുന്നണിയുടെ വർഗ്ഗീയരാഷ്ട്രീയം കാൺഗ്രസ്സിന്റെ വർഗ്ഗീയരാഷ്ട്രീയത്തെക്കാൾ ഹിന്ദുക്കൾക്ക് കൂടുതൽ പ്രിയതരമായി തോന്നി. ആ തോന്നൽ ശങ്കറിന്റെ പരാജയത്തിനു വഴി തെളിച്ചു. നായരീഴവസമുദായങ്ങളിൽ ഭൂരിപക്ഷവും മൺവെട്ടിപ്പെട്ടിയിൽ വോട്ടു ചെയ്തു. ഈ അടുത്തകാലം വരെ ശങ്കറിനെ അങ്ങേയററം വെറുത്തിരുന്ന പതിനായിരത്തിൽ പരം

ക്രിസ്ത്യാനികളുടേയും, മററു ചില ന്യൂനപക്ഷസമുദായ ങ്ങളുടേയും വോട്ടുൾപ്പെടെ 13,888 വോട്ട് ശങ്കറിനും, ഹിന്ദുക്കളുടെ 20,063 വോട്ട് ടി. കെ. ദിവാകരനും ലഭി ച്ചു. വർഗ്ഗീയച്ചേരിതിരിവിൻെറ ആഴം എത്രമാത്രമുണ്ടെ ന്ന് ഈ വോട്ടിങ്ങിൽ തെളിഞ്ഞു കാണാം.

ജോൺസർക്കാരാണ് ഈ പരിതാപകരമായ നില പാടിന് ഉത്തരവാദികൾ. ഈ നാട്ടിൽ ക്രൈസ്തവാധി പത്യം സ്ഥാപിച്ചുകളയാമെന്നുള്ള ആ മതഭക്തൻെറ അ തിമോഹം, അദ്ദേഹം ഉൾപ്പെടുന്ന സമുദായത്തെ ഇന്ന് തികച്ചും ഒററപ്പെടുത്തിയിരിക്കുന്നു. കോട്ടയം ക്രിസ്ത്യൻ കാൺഗ്രസ്, പനമ്പള്ളിയുടെ കൊച്ചി കാൺഗ്രസ്, പട്ടം പാർട്ടി, നായരീഴവമുന്നണി, തമിഴ്നാട്ടുകാൺഗ്രസ് എ ന്നിങ്ങനെ പ്രാദേശികവും വർഗ്ഗീയവുമായ നിലയിൽ ജന വിഭാഗങ്ങൾ ചേരിതിരിഞ്ഞുനില്ക്കുകയാണ്. ഇവിടത്തെ ഐക്യമുന്നണി ഒരു കമ്യൂണിസ്റ്റ് മുന്നണിയാണെന്ന് ജന ങ്ങളെ തെററിദ്ധരിപ്പിച്ചും, ഭയപ്പെടുത്തിയും, ആ നുണ പ്രചരണത്തിന് നെഹ്റുമുതൽ അണുഗുണ്ടയ്യാവരെയു ള്ള ആളുകളെ ഉപയോഗപ്പെടുത്തിയും, അമേരിക്കൻ ഏജൻറന്മാരെ വരുത്തി കമ്മ്യൂണിസ്റ്റ്ഭീതിയെക്കുറിച്ച് "ഓൺ ദി സ്പോട്ട് സർവ്വേ" നടത്തിച്ചും, കാൺഗ്രസിനു വോട്ടു ചെയ്തില്ലെങ്കിൽ ഇവിടം ഒരു കമ്മ്യൂണിസ്റ്റ് നരക മായിത്തീർന്നുപോകുമെന്ന് കത്തോലിക്കാ വൈദികരെ ക്കൊണ്ട് ഇടയലേഖനങ്ങൾ ഇറക്കിച്ചും വർഗ്ഗീയരാഷ്ട്ര തന്ത്രപ്പോരാട്ടം നടത്തിയ ജാൺസർക്കാരിൻെറ ജനദ്രോ ഹവിക്രിയകൾക്കു ലഭിച്ച ഒരു തിരിച്ചടിയാണ് ഇപ്പോഴ ത്തെ തെരഞ്ഞെടുപ്പുഫലം.

ഈ തിരിച്ചടിയിൽ ക്രിസ്ത്യാനികൾ ലജ്ജിക്കുകയോ ഹിന്ദുക്കൾ ആത്മാഭിമാനം കൊള്ളുകയോ ചെയ്യുന്നതിൽ യാതൊരൎത്ഥവുമില്ല. ഹിന്ദുക്കൾ ഹിന്ദുക്കളെന്നനിലയിൽ സംഘടിച്ചുനില്ക്കുന്ന ഇന്നത്തെ ഐക്യമുന്നണിയും യഥാൎത്ഥത്തിൽ ഒരു വൎഗ്ഗീയപ്പിന്നണിയാണു്. നാം കൂടുതൽ കൂടുതൽ ഇടത്തോട്ടുപോകുന്നതിനു പകരം, കൂടുതൽ കൂടുതൽ വലത്തോട്ടു പോവുകയാണെന്നു് തെരഞ്ഞെടുപ്പുഫലം വ്യക്തമാക്കുന്നു. വൎഗ്ഗീയതയാണു് തിരു-കൊച്ചിയുടെ നെഞ്ഞത്തു് ഇന്നു് വിജയപതാക നാട്ടിയിരിക്കുന്നതു്. ഒന്നുകൂടി തെളിച്ചു പറഞ്ഞാൽ, വൎഗ്ഗീയമുതലാളിത്തം വലതുപക്ഷമെന്നും, ഇടതുപക്ഷമെന്നുമുള്ള കപടനാമത്തിൽ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരിക്കുകയാണു്. പാവപ്പെട്ട തൊഴിലാളിയും,പാടത്തുനിന്നു പണിയെടുക്കുന്ന കർഷകനും, അല്പശമ്പളക്കാരായ ഇടത്തരക്കാരും, ചെറുതരം വ്യാപാരികളുമെല്ലാം വീണ്ടും വഞ്ചിക്കപ്പെട്ടിരിക്കുന്നു. പുരോഗമനപരമായ ഒരു ഗവൎമ്മെൻറിനെ സ്വപ്നം കാണാൻപോലും ഹതഭാഗ്യയായ തിരു-കൊച്ചിക്കു് ഇനിയും കാലമായിട്ടില്ല. അദ്ധ്വാനിക്കുന്ന ജനവൎഗ്ഗങ്ങൾ ഒരു മുന്നണിഗവൎമ്മെൻറിനെക്കുറിച്ചുള്ള മധുരമായ പ്രതീക്ഷകളിൽ ഇന്നു മുഴുകിയിരിക്കുകയാണു്. എന്നാൽ മുന്നണി ഭരിച്ചാലും, കാൺഗ്രസ് ഭരിച്ചാലും വൎഗ്ഗീയമുതലാളിത്തത്തിൻെറ ഒരു അഴിഞ്ഞാട്ടമായിരിക്കും ഇവിടെ നടക്കുന്നതെന്നു് പാവങ്ങൾ അറിയുന്നില്ല.

അരൂരിൽ വോട്ടെടുപ്പു നടക്കുന്ന ദിവസം ആലപ്പുഴനിന്നു് എറണാകുളത്തേയ്ക്കു യാത്ര ചെയ്തപ്പോൾ അവിസ്മരണീയമായ ഒരനുഭവം എനിക്കുണ്ടായി. ഞാൻ സഞ്ച

രിച്ച ബോട്ടിൽ ആകെ പത്തോപന്ത്രണ്ടോ ആളുകളെ ഉണ്ടായിരുന്നുള്ളു. ഇത്ര ചുരുങ്ങിയ എണ്ണം യാത്രക്കാരേയും വഹിച്ചുകൊണ്ട് ആ വലിയ ബോട്ട് അതിവേഗത്തിൽ കുതിച്ചുപായുന്നതു കണ്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. ഒരു ബോട്ടുജോലിക്കാരനോടു ഞാൻ അതിന്റെ കാരണം അന്വേഷിച്ചു. അയാൾ പറയുകയാണ്: "അഞ്ചുമണിക്കു മുമ്പ് അരൂരിലെത്തി വോട്ടു ചെയ്യേണ്ട അഞ്ചു പുലയർ ഈ ബോട്ടിലുണ്ട്. എല്ലാം മുന്നണിക്കുള്ള വോട്ടാണ്. സമയം കഴിയുന്നതിനു മുമ്പ് പ്രാണൻ കളഞ്ഞും അവരെ ഞങ്ങൾ അവിടെ എത്തിക്കും. ഈ അഞ്ചു വോട്ടിനു വേണ്ടി അവിരാത്തരകൻ തോല്ക്കരുതെന്നാണു ഞങ്ങളുടെ നിർബന്ധം."

മുന്നണിസ്ഥാനാർത്ഥിയായ അവിരാത്തരകനും, കോൺഗ്രസ്സ്സ്ഥാനാത്ഥിയായ വക്കിത്തരകനും ഒരമ്മയ്ക്കും അച്ഛനും ജനിച്ച സഹോദരസന്താനങ്ങളാണ്. ഇവരിൽ ആരു ജയിച്ചാലും അരൂരിന്റെ നിലയോ, തിരു-കൊച്ചിയുടെ നിലയോ, ഇൻഡ്യയുടെ നിലയോ മാറാൻ പോകുന്നില്ല. പക്ഷേ മുന്നണിസ്ഥാനാത്ഥി തൊഴിലാളിക്കു പ്രിയതരനും, കോൺഗ്രസ്സ്സ്ഥാനാത്ഥി വജ്ജ്യനുമായിരുന്നു. അരൂരിൽ നടന്ന ആ സഹോദരയുദ്ധം തിരു-കൊച്ചിഒട്ടുക്കു നടന്ന പൊതുതെരഞ്ഞെടുപ്പിന്റെ പരിതാപകരമായ പശ്ചാത്തലം വ്യക്തമാക്കുന്ന ശോകനിർഭരമായ ഒരുടിപ്പണിയായിരുന്നു. വർഗ്ഗീയമുതലാളിത്തം ഇടത്തും വലത്തും നിന്നുകൊണ്ടു നടത്തിയ പോരാട്ടത്തിന്റെ യഥാത്ഥസ്വഭാവം മനസ്സിലാക്കാതെ പാവപ്പെട്ട തൊഴിലാളികൾ ആശയോടും ആവേശത്തോടും കൂടി തെരഞ്ഞെടുപ്പിൽ പങ്കു

കൊണ്ടു. യഥാൎത്ഥത്തിൽ വൎഗ്ഗീയാധിപത്യം ഉറപ്പിക്കാൻ വേണ്ടി വിരുദ്ധാചാരികൾ നടത്തിയ ഈ തെരഞ്ഞെടുപ്പു പ്രഹസനത്തിൽ പങ്കുകൊള്ളാതെ അവർ അതിനെ ബഹിഷ്കരിക്കേണ്ടതായിരുന്നു. വർഗ്ഗീയവാദികൾ പരസ്പരം കഴുത്തറക്കുമ്പോൾ തൊഴിലാളി അതിലെന്തിനൊരു കക്ഷിയാകണം? അവർ തമ്മിൽതല്ലി തലകീറി നശിക്കട്ടെ എന്നു കരുതി തൊഴിലാളിലോകം ഈ തെരഞ്ഞെടുപ്പിനെ ബായിക്കാട്ടു ചെയ്തിരുന്നുവെങ്കിൽ മുതലാളിത്തത്തിൻെറ തൊലിയുരിച്ചു കാണിക്കാൻ അവൎക്കു കഴിയുമായിരുന്നു. പത്തനാപുരം നിയോജകമണ്ഡലത്തിൽ കളത്തിൽ വേലായുധൻനായരും, എം. എൻ. ഗോവിന്ദൻനായരും യഥാൎത്ഥത്തിൽ രണ്ടു നായന്മാരായി നിന്നാണു സമരം ചെയ്തതു്. വൎക്കലയിൽ ഗുരുവും ശിഷ്യനും തമ്മിൽ മത്സരിച്ചു; രണ്ടുപേരും മുസ്ലീംങ്ങളായിരുന്നു. പന്നക്കൊഴുപ്പിൻെറ ഒരു ബലപരീക്ഷയാണു് അവിടെ നടന്നതു്. തിരുവനന്തപുരം രണ്ടാം നിയോജകമണ്ഡലത്തിൽ പട്ടവും, കെ. പിയും തമ്മിൽ മത്സരിച്ചു. “ജോൺ ഭരിക്കണമോ പട്ടം ഭരിക്കണമോ” എന്നതായിരുന്നു അവിടത്തെ പ്രശ്നം. സോഷ്യലിസ്റ്റ് സഹോദരന്മാർ തമ്മിൽ നടത്തിയ ഒരു സമരമായിരുന്നു അതു്.

തിരു-കൊച്ചിയിൽ കോൺഗ്രസ്, കമ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ്, വലതുപക്ഷം, ഇടതുപക്ഷം, നാഷണലിസ്റ്റ്, ആൻറീനാഷണലിസ്റ്റ് തുടങ്ങിയ പദങ്ങൾക്കു രാഷ്ട്രീയതയുടെ പ്രായോഗികരംഗങ്ങളിൽ യാതൊരു സ്ഥാനവുമില്ല. കോൺഗ്രസ്സ്ടിക്കററു കിട്ടാത്ത ഒരു സ്ഥാനാൎത്ഥി അടുത്ത സുപ്രഭാതത്തിൽ ഒരു സോഷ്യലിസ്റ്റായി മാറി

യെന്നു വരാം. ഒരു നായർ കമ്യൂണിസ്റ്റിന് ഒരു നായർ മുതലാളിയുടെ പിൻതുണ ലഭിച്ചേക്കാം. കോൺസ്സിൽ ഉംപ്പെട്ടു നില്ക്കുന്ന ഹിന്ദുക്കഠം ക്രിസ്ത്യാനികളുടെ കോടാലിക്കൈകളാണെന്നാണു പറയപ്പെടുന്നതു്. ഹിന്ദുവർഗ്ഗീയതയെ അനുകൂലിക്കുന്ന ഒരു മുസ്ലീംസ്ഥാനാർത്ഥി ക്രിസ്ത്യൻ വർഗ്ഗീയകാൺഗ്രസ്സിനെ അനുകൂലിക്കുന്ന ഹിന്ദുസ്ഥാനാർത്ഥിയെക്കാഠം ഹിന്ദുക്കഠംക്കു പ്രിയതരനായിത്തീരുന്നു. ഒരു കാൺഗ്രസ്സ് ഈഴവസ്ഥാനാർത്ഥിക്ക് ക്രിസ്ത്യാനികഠം മാത്രമേ വോട്ടുചെയ്യുകയുള്ളു. കോൺഗ്രസ്സിനെ ജയിപ്പിച്ചില്ലെങ്കിൽ മതം അപകടത്തിലായിപ്പോകുമെന്ന് ദേശീയവാദികഠം പ്രചരണം നടത്തുന്നു. രാഷ്ട്രീയകാര്യങ്ങളിൽ മതം കൈ കടത്തുന്നതിനെ എതിൎക്കുന്ന പുരോഗമനവാദികഠം സ്വന്തം മതാനുയായികളുടെ ഇടയിൽ വർഗ്ഗീയവികാരം ഇളക്കിവിടുന്നതിനുവേണ്ടിയാണു് ആ എതിർപ്പു കൂടെക്കൂടെ ആവർത്തിക്കുന്നതു്. ഈ വക കാര്യങ്ങളിൽ പാർട്ടികളുടെ ആദർശങ്ങളോ, തത്വങ്ങളോ, മാർഗ്ഗങ്ങളോ, ലക്ഷ്യങ്ങളോ തട്ടിച്ചു നോക്കി വോട്ടുചെയ്യുന്ന സമ്പ്രദായവും തിരു–കൊച്ചിയിലില്ല. ഒരു പ്രകടനപത്രികപോലും ജനങ്ങളുടെ മുമ്പിൽ വയ്ക്കാതെ, കേവലം പ്രകടനങ്ങഠം കൊണ്ടുമാത്രം ജനഹൃദയങ്ങളെ ആകർഷിക്കുവാൻ ഇവിടെ പാർട്ടികഠംക്കു കഴിയും. അഥവാ, പ്രകടനപത്രിക ആവിഷ്കരിച്ചിട്ടുള്ള പാർട്ടികഠം ആ പ്രകടനപത്രികയനുസരിച്ചു ഭരണം നടത്തുമെന്നു ജനങ്ങഠം പ്രതീക്ഷിക്കുന്നുമില്ല. പ്രകടനപത്രികയനുസരിച്ചു പെരുമാറിയിട്ടുള്ള ഒരു രാഷ്ട്രീയ പാരമ്പര്യം ഇവിടെ യാതൊരു പാർട്ടിക്കും അവകാശപ്പെടാൻ സാദ്ധ്യവുമല്ല. കോൺഗ്രസ്സിന് ഒരു പ്ര

കടനപ്പത്രികയുണ്ട്. സോഷ്യലിസ്റ്റ്പാർട്ടിക്കും ഉണ്ട്; കമ്യൂണിസ്റ്റ്–ആർ. എസ്. പി–കെ. എസ്. പി. ഐക്യമുന്നണിയും ചില വാഗ്ദാനങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയെല്ലാന്നും അവ എഴുതിയിട്ടുള്ള കടലാസിൻെറ വിലപോലും ജനങ്ങൾ കല്പിക്കുന്നില്ലെന്നുള്ളതാണു പരമാൎത്ഥം.

ഒരു പട്ടാളമനസ്ഥിതിയോടുകൂടിയാണു രാഷ്ട്രീയകക്ഷികൾ തെരഞ്ഞെടുപ്പുകളിൽ മത്സരിച്ചതു്. പ്രചരണങ്ങളും ജാഥാകളും പഴഞ്ചൻ സമരമുറകളുടെ പ്രതീതി ജനിപ്പിച്ചിരുന്നു. ആററംബോംബിൻേറയും ജെററ്വിമാനങ്ങളുടേയും ഈ യുഗത്തിൽ, തിരു-കൊച്ചിയിലെ ജനാധിപത്യശക്തികൾ രാജ്യം വെട്ടിപ്പിടിക്കുന്നതിനു പഴയ രീതികൾ പയററുകയായിരുന്നോ എന്നു് അവരുടെ പ്രചരണങ്ങൾ കണ്ടാൽ തോന്നിപ്പോകുമായിരുന്നു. സൈന്യങ്ങൾ തമ്മിൽ കൂട്ടിമുട്ടി രക്തരൂഷിതമായ സമരങ്ങൾ നടന്നിരുന്ന സംഭവങ്ങളെ അനുസ്മരിപ്പിക്കത്തക്കവിധം ജാഥാകൾ തമ്മിലുള്ള സംഘട്ടനങ്ങളും, ധൎമ്മഭടന്മാരും, ചുവപ്പുഭടന്മാരും തമ്മിലുള്ള മുഷ്ടിയുദ്ധങ്ങളും, പോർവിളികളും സാൎവ്വത്രികമായിരുന്നു. ജാഥാകൾ വരുന്നു എന്നു കേട്ടാൽ പടനീക്കങ്ങൾ ഉളവാക്കുന്ന സംഭ്രമമാണു സമാധാനകാംക്ഷികളായ ജനങ്ങളുടെ ഇടയിൽ ഉണ്ടായതു്. സമരകക്ഷികൾ അന്യോന്യം വിദ്വേഷകലുഷരായി ശകാരവർഷങ്ങൾ നടത്തുകയും, ഭിത്തിയിലെഴുത്തു്, കലാപ്രകടനങ്ങൾ, കൊടിയേററു്, ചിത്രമെഴുത്തുകൾ തുടങ്ങിയ പ്രചരണപരിപാടികളിൽ ദുർവാശിയും, ദുർവാസനകളും അവയുടെ പരമകോടിയിൽ പ്രദർശിപ്പിക്കുകയും ചെയ്തു. മുദ്രാവാക്യങ്ങൾ ചിലപ്പോൾ തെറിപറച്ചിലാ

യിരുപാന്തരപ്പെട്ടിരുന്നു. നാടോടിപ്പാട്ടുകളുടെ മാതൃകയിൽ ഒരുതരം പൂരപ്പാട്ടുകൾ ചമച്ചിരുന്നു. നമ്മുടെ രാഷ്ട്രീയമായ അന്തസ്സു നിലനിർത്താനോ, ജനങ്ങളുടെ രാഷ്ട്രീയബോധം വളർത്താനോ ഇത്തരം കോമാളിത്തരങ്ങൾ എങ്ങനെ പ്രയോജകീഭവിക്കുമെന്നു മനസ്സിലാകുന്നില്ല. തെരഞ്ഞെടുപ്പുപ്രസംഗങ്ങളിലാണു്, രാഷ്ട്രീയമാനദണ്ഡങ്ങൾ ധാർമ്മികമായ അധഃപ്പതനത്തിൻെറ നഗ്നരൂപം വെളിപ്പെടുത്തിയതു്. കോൺഗ്രസ്സ് പ്രചരണയോഗങ്ങളിൽ സോവിയററുയൂണിയനേയും, സോവിയററു ഭരണകർത്താക്കളെയും, കമ്യൂണിസ്ററു രാജ്യങ്ങളേയും അധിക്ഷേപിക്കുക എന്നതായിരുന്നു പ്രസംഗകരുടെ ഒരു പ്രധാന പരിപാടി. ഇന്ത്യയുമായി സൗഹാർദ്ദത്തിൽ കഴിയുന്ന രാജ്യങ്ങളെ അധിക്ഷേപിച്ചാൽ മാത്രമേ തിരു-കൊച്ചിയിൽ കോൺഗ്രസ്സിനു വോട്ടു കിട്ടുകയുള്ളു എന്നായിരുന്നു അവരുടെ ധാരണ. "മലങ്കോവിൻെറ മക്കൾ" എന്നാണു മുന്നണിക്കക്ഷികളെ അവർ വിളിച്ചതു്. ആഭാസമയമായ ആ ചിത്രീകരണത്തിനു കൂടുതൽ ആഭാസമയമായ മറുപടിയാണു മറുഭാഗത്തുനിന്നുണ്ടായതു്. "റഷ്യൻ പ്രധാനമന്ത്രിയായ മലങ്കോവു്, നെഹ്റുപോലും അറിയാതെ ഇവിടെ വന്നു് ഇത്രയധികം മക്കളെ ഉണ്ടാക്കിയെന്നു പറയുന്ന കോൺഗ്രസ്സുകാർ നെഹ്റുവിനേയും ഇവിടത്തെ സ്ത്രീകളേയും അപമാനിക്കുകയാണു ചെയ്യുന്നതു്" എന്നായിരുന്നു കമ്യൂണിസ്റ്റ് ഭാഗത്തുനിന്നുണ്ടായ മറുപടി. ഇത്തരത്തിലുള്ള ആഭാസപ്രസംഗങ്ങളിൽ കവിഞ്ഞു്, ജനങ്ങളുടെ ഇടയിൽ രാജ്യത്തിൻെറ പ്രശ്നങ്ങളെപ്പററി ഒരു ധാരണയുളവാക്കുവാനോ, രാജ്യകാര്യങ്ങളിൽ സൃഷ്ടിപരമായ ഒരു വീക്ഷണഗതി ജനിപ്പിക്കു

വാനോ പൎയ്യാപ്തമായ പ്രസംഗങ്ങളൊന്നും തന്നെ തെര ഞ്ഞെടുപ്പു പ്ലാററുഫാറങ്ങളിൽ നിന്നു കേൾക്കുവാനുണ്ടാ യിരുന്നില്ല. രാജ്യകാൎയ്യങ്ങളെപ്പററിയും, ഭരണകാൎയ്യങ്ങ ളെപ്പററിയും കൂടുതൽ അറിവു ജനങ്ങൾക്കു നൽകുകയും, ബോധപൂൎവ്വം വോട്ടു ചെയ്യാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുകയെന്നതാണു് ഒരു തെരഞ്ഞെടുപ്പുകൊണ്ടുണ്ടാ കേണ്ട മുഖ്യമായ പ്രയോജനം. ഒരു കക്ഷിയുടെ ജയമോ, മറെറാരു കക്ഷിയുടെ പരാജയമോ അല്ല പ്രധാന കാൎയ്യം. തെരഞ്ഞെടുപ്പിൽ ഏതു തത്വങ്ങൾ വിജയിച്ചു? ഏതു് ആദർശങ്ങളെ മുന്നോട്ടു കൊണ്ടുപോകുവാൻ നമുക്കു കഴി ഞ്ഞു? ഈ ചോദ്യങ്ങളുടെ മുമ്പിൽ നമ്മുടെ രാഷ്ട്രീയക ക്ഷികളെല്ലാം ലജ്ജിച്ചു തലതാഴ്ത്തേണ്ടിവരും. കാര ണം, യാതൊരു തത്വത്തേയും ജയിപ്പിക്കാൻ അവൾ്ക്കു ക ഴിഞ്ഞിട്ടില്ല. യാതൊരു രാഷ്ട്രീയകാൎയ്യങ്ങളും ജനങ്ങ ളെ കൂടുതലായി പഠിപ്പിക്കാൻ അവൾ്ക്കു കഴിഞ്ഞിട്ടില്ല. തങ്ങളുടെ പ്രകടനപത്രികയെപ്പററിപ്പോലും ഒരു ധാരണ ജനങ്ങളുടെ ഇടയിൽ ജനിപ്പിക്കാൻ അവൾ്ക്കു കഴിഞ്ഞി ട്ടില്ല.

"ഈ രാഷ്ട്രീയരംഗം മനുഷ്യന്റെ സാന്മാർഗ്ഗിക ബോധത്തെ വെല്ലുവിളിക്കുന്നു. ആഭാസപ്പരിഷകൾക്ക ല്ലാതെ ഈ രംഗത്തു പെരുമാറാൻ സാദ്ധ്യമല്ല" എന്നു് ചിന്തകനായ ഒരെഴുത്തുകാരൻ എന്നോടു പറയുകയുണ്ടാ യി. ജനാധിപത്യം യോഗ്യന്മാരായ ആളുകളെ രാഷ്ട്രീ യരംഗത്തു നിന്നു് അകററിയിരിക്കുന്നു എന്നാണു് അദ്ദേ ഹത്തിന്റെ അഭിപ്രായം. തെരഞ്ഞെടുപ്പിൽ കണ്ട ഓരോ രംഗവും അദ്ദേഹത്തിന്റെ അഭിപ്രായത്തെ സാ ധൂകരിക്കുന്നു.

വോട്ടുപിടിത്തത്തിലാണു് തൽപരകക്ഷികൾ ധാർമ്മികമൂല്യങ്ങളെല്ലാം ബലികഴിച്ചതു്. പലയിടത്തും വോട്ടുകൾ വിലയ്ക്കു വാങ്ങിയതായി പ്രസ്താവമുണ്ടായിരുന്നു. ഞാനതിൽ വിശ്വസിക്കുന്നില്ല. എന്നാൽ പൗരന്മാരുടെ പരമാധികാരചിഹ്നമായ വോട്ടുകൾ തട്ടിയെടുക്കാനുള്ള ശ്രമത്തിൽ സന്മാർഗ്ഗനിഷ്ഠയ്ക്കോ, സത്യസന്ധതയ്ക്കോ, വലിയ സ്ഥാനമുണ്ടായിരുന്നില്ലെന്നാണു് തോന്നുന്നതു്. എങ്ങനെയെങ്കിലും ജയിക്കണമെന്നല്ലാതെ, അഭിമാനത്തോടും അന്തസ്സോടും കൂടി തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കണമെന്നോ, ജനങ്ങളെ സേവിക്കാനുള്ള ഒരവസരമാണു് തങ്ങളുടെ വിജയം മൂലം തങ്ങൾക്കു ലഭിക്കുന്നതെന്നുള്ള വിശ്വാസത്തോടുകൂടി ഒരാദർശത്തിൽ അടിയുറച്ചു നില്ക്കണമെന്നോ ഉള്ള വീക്ഷണഗതി മത്സരരംഗത്തു പ്രത്യക്ഷപ്പെട്ടവരിൽ പൊതുവേ വിരളമായിരുന്നു.

തെരഞ്ഞെടുപ്പുനിലയുടെ ഒരു സ്ഥൂലചിത്രം മാത്രമാണിതു്. ഇതിനു വ്യത്യസ്തമായി, കൂടുതൽ ലജ്ജാകരമായ സ്ഥിതിവിശേഷങ്ങളും ദൃശ്യമായിരുന്നു.

കോൺഗ്രസ്സുകാരായ ചില സ്ഥാനാർത്ഥികൾ സ്വയം ഒരപകർഷബോധത്തോടുകൂടിയാണു് തെരഞ്ഞെടുപ്പിൽ മത്സരിച്ചതു്. കോൺഗ്രസ് സ്ഥാനാർത്ഥികളായി മത്സരിക്കുന്നവർക്കു് കുറെ പണം കിട്ടാൻ സാദ്ധ്യതകളുണ്ടായിരുന്നു. ചില നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്നവർക്കു കൂടുതൽ പണം കിട്ടുന്നതിനുള്ള സാഹചര്യങ്ങളുമുണ്ടായിരുന്നു. അങ്ങനെയുള്ള നിയോജകമണ്ഡലങ്ങളിൽ നില്ക്കാനുള്ള ചിലരുടെ ആഗ്രഹം കോൺഗ്രസ്സ്

സ്ഥാനാൎത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കിയ കാലത്തുതന്നെ ഒരു പ്രശ്നമായിരുന്നു. തങ്ങളുടെ വിജയസാദ്ധ്യതകളെക്കാഠം ധനാഗമസാദ്ധ്യതകളെ ലാക്കാക്കിക്കൊണ്ടു് ഇഷ്ടപ്പെട്ട നിയോജകമണ്ഡലങ്ങളിൽ പ്രത്യക്ഷപ്പെട്ട ചില കോൺഗ്രസ്സ് സ്ഥാനാൎത്ഥികഠം കിട്ടാവുന്നിടത്തോളം പണം ഈടാക്കുന്നതിൽ മാത്രം ബദ്ധശ്രദ്ധരായി ആ നിയോജകമണ്ഡലങ്ങളിൽ കഴിച്ചുകൂട്ടുകയായിരുന്നു. തെരഞ്ഞെടുപ്പു ചെലവുകഠംക്കായി കോൺഗ്രസ്സ് ഫണ്ടിൽ നിന്നു കിട്ടിയ പണം ഭദ്രമായി സൂക്ഷിച്ചുവെച്ചിട്ടു്, തങ്ങഠം ഏതായാലും പരാജയപ്പെട്ടുമെന്നുള്ള വിശ്വാസത്തിൽ എതിർസ്ഥാനാൎത്ഥിക്കു വോട്ടുചെയ്തുകൊള്ളുവാൻ കോൺഗ്രസ്സ് സ്ഥാനാൎത്ഥികഠം തന്നെ ജനങ്ങളെ പ്രേരിപ്പിച്ചിട്ടുള്ള സംഭവങ്ങളും ദുർലഭമല്ല. ഒരു നിയോജകമണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാൎത്ഥിയുടെ വിജയസാദ്ധ്യതകഠം കണ്ടു്, ആ വിചാരം ഞാൻ അദ്ദേഹത്തെ അറിയിച്ചപ്പോഠം, "ഇരിക്കട്ടെ, അതു പത്രത്തിൽ എഴുതരുതു്. എനിക്കിവിടെ സൎവ്വത്ര കുഴപ്പമാണെന്നു പറഞ്ഞാൽ മാത്രമേ ഗുണമുള്ളു" എന്നാണു് അദ്ദേഹം എന്നോടു പറഞ്ഞതു്. താൻ ജെയിച്ചില്ലെങ്കിലും ശരി, കോൺഗ്രസ്സ് ഈ സംസ്ഥാനത്തു നശിച്ചാലും ശരി, തൻെറ പണസ്സഞ്ചി വീർപ്പിക്കണമെന്നു മാത്രമേ ആ കോൺഗ്രസ്സ് സ്ഥാനാൎത്ഥിക്കു് ആഗ്രഹമുണ്ടായിരുന്നുള്ളു. കിഴക്കൻ മലമ്പ്രദേശങ്ങളിലെ ഒരു നിയോജകമണ്ഡലത്തിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി രംഗപ്രവേശം ചെയ്തു ഒരു മഹാൻ തൻെറ ആദ്യത്തെ പര്യടനത്തിൽ തന്നെ പരാജയബോധം ബാധിച്ചു് അവശനായി പിന്മാറുകയാണുണ്ടാ

യതു്. പിന്നീടു് അദ്ദേഹം ആ നിയോജകമണ്ഡലത്തിൽ എത്തിനോക്കുക പോലും ചെയ്തില്ല; കിട്ടിയ പണം കീശയിലാക്കി എന്നു മാത്രം. കൊല്ലം ഡിസ്ട്രിക്ടിലേയും, തിരുവനന്തപുരം ഡിസ്ട്രിക്ടിലേയും കോൺഗ്രസ്സ് സ്ഥാനാർത്ഥികളിൽ സ്വയം ഒരു വിജയവിശ്വാസമോ, സ്വന്തം പാർട്ടിയുടെ വിജയത്തിനു വേണ്ടി ശ്രമിക്കാനുള്ള ഒരു മനോഭാവമോ പൊതുവേ ഉണ്ടായിരുന്നില്ല. ഒന്നോ, അതിലധികമോ പ്രാവശ്യം തെരഞ്ഞെടുപ്പിനു നിന്നു തോററിട്ടുള്ള കോൺഗ്രസ്സ് സ്ഥാനാർത്ഥികൾ, രാഷ്ട്രീയരംഗത്തു് തങ്ങളുടെ നിലയെപ്പററിയുള്ള അപകടബോധം മൂലം വാശിയോടുകൂടി മത്സരിച്ചിട്ടുണ്ടു്. മൊത്തത്തിൽ പറഞ്ഞാൽ ഈ ഡിസ്ട്രിക്ററുകളിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥികൾ തന്നെയാണു് കോൺഗ്രസ്സിനെ നാശോന്മുഖമായ ഒരു പതനത്തിൽ എത്തിച്ചതു്.

തിരു-കൊച്ചിയിലെ തെരഞ്ഞെടുപ്പുഫലം, അതിന്റെ പ്രത്യക്ഷരൂപത്തിൽ, സോഷ്യലിസ്റ്റ്കാരുടേയും കമ്യൂണിസ്റ്റ്കാരുടെയുംവിജയമാണെന്നു വിദേശീയനിരീക്ഷകന്മാർ സങ്കല്പിച്ചേക്കാം. തെരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനെ പരാജയപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ത്രികോണമത്സരം ഒഴിവാക്കുന്നതിനു ശ്രീ പട്ടത്തിന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് പാർട്ടിയും, കമ്യൂണിസ്റ്റ്-ആർ. എസ്. പി.-കെ. എസ്. പി. ഐക്യമുന്നണിയും തമ്മിൽ ഒരു സഖ്യം ചെയ്തിരുന്നു. ആ സഖ്യത്തിന്റെ ഫലമായി ജനങ്ങളുടെ കോൺഗ്രസ്സ് വിരുദ്ധമനസ്ഥിതിയെ പരമാവധി സംഘടിപ്പിക്കുവാൻ മുന്നണിക്കക്ഷികൾക്കു കഴിഞ്ഞിട്ടുണ്ടു്. 117 അംഗങ്ങളുള്ള നിയമസഭ

യിൽ ഒരു നിശ്ചിതഭൂരിപക്ഷം മുന്നണിക്കക്ഷികൾക്കെല്ലാം കൂടി ലഭിച്ചിട്ടുണ്ട്. നിയമസഭയിൽ കോൺഗ്രസ്സ് ഗവമ്മേൻറിൻെറ വിശ്വാസപ്രമേയത്തെ പരാജയപ്പെടുത്തുകയും, അതിനുശേഷം തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ പരാജയപ്പെടുത്തുന്നതിൽ സഹകരിക്കുകയും ചെയ്ത പി. എസ്. പി. യുടെ നേതൃത്വത്തിൽ ഒരു മുന്നണി ഗവമ്മെൻറ് ഉണ്ടാകുമെന്നുള്ള പ്രതീക്ഷ കൂടുതൽ കൂടുതൽ വർദ്ധിപ്പിച്ചുകൊണ്ടാണ് മുന്നണിക്കക്ഷികൾ തെരഞ്ഞെടുപ്പിൽ മൽസരിച്ചതു്. ആ ഗവമ്മെൻറ് ഒരു കോൺഗ്രസ്‌വിരുദ്ധഗവമ്മെൻറായിരിക്കുമെന്നും പ്രചരിപ്പിക്കപ്പെട്ടിരുന്നു.

മദ്ധ്യതിരുവിതാംകൂറിലെ ഒരു ഉൾനാടൻ നിയോജകമണ്ഡലത്തിൽ മുന്നണിയുടെ സജീവപ്രവത്തകനായിരുന്ന ഒരു മുസ്ലീം മാന്യനുമായി രാഷ്ട്രീയകാര്യങ്ങളെപ്പററി ഞാൻ ചർച്ച നടത്തിയപ്പോൾ, "മുന്നണി ജയിച്ചാലും ഇവിടെ കമ്യൂണിസം വരുമെന്നു വിചാരിക്കേണ്ട യാതൊരു കാര്യവുമില്ല" എന്നാണ് അദ്ദേഹം തീത്തുപറഞ്ഞതു്. വിദ്യാസമ്പന്നനും, മതഭക്തനും, കുലീനനുമായ ആ മുസ്ലീം പ്രമാണിക്ക് കോൺഗ്രസ്സ് ഇവിടെ പൊളിയണമെന്നു് മാത്രമല്ലാതെ, കമ്യൂണിസം വരണമെന്നോ, കർഷകതൊഴിലാളിസവ്വാധിപത്യം സ്ഥാപിതമാകണമെന്നോ ഉള്ള യാതൊരു ഉദ്ദേശ്യവും ഉണ്ടായിരുന്നില്ല. പല ഹിന്ദുമുസ്ലീം മുതലാളിമാരും മുന്നണിയുടെ വിജയത്തിനുവേണ്ടി ആത്മാത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. കർഷകരും തൊഴിലാളികളുമാകട്ടെ, അദ്ധ്വാനിക്കുന്ന ജനവഗ്ഗത്തിന് ആശ്വാസം നൽകുന്ന ഒരു കമ്യൂണിസ്റ്റ്—സോഷ്യലിസ്റ്റ് ഗവമ്മെ

ൻറുതന്നെ വരുമെന്നുള്ള ഉറച്ച പ്രതീക്ഷയോടുകൂടിയാണ് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചതു്. "നാമെല്ലാം മരിക്കും. മരിക്കുന്നതിനുമുൻപ് അവരുടെ ഭരണവും നമുക്കൊന്നു കാണാമല്ലൊ!" എന്നു് ഒരു വൃദ്ധകർഷകൻ എന്നോടു പറയുകയുണ്ടായി. ഏതു ഗവമ്മെൻറു വന്നാലും "പണിയെടുക്കുന്നവൻ അറഞ്ഞു പണിയെടുത്തേ മതിയാവൂ;പിന്നെ ഇതൊക്കെ ഒന്നു കാണാമെന്നുമാത്രം—" എന്നാണു് ആ അനുഭവരസികൻ അഭിപ്രായപ്പെട്ടതു്. തൊഴിലില്ലായ്മയും, അർദ്ധപട്ടിണിയുംകൊണ്ടു് വരണ്ട തീരപ്രദേശങ്ങളിലെ ജനങ്ങൾ ഒരു മുന്നണിഗവമ്മെൻറിനെക്കുറിച്ചുള്ള പൊൻകിനാവുകളിൽ മുഴുകിയിരുന്നു. അവരുടെയിടയിൽ കമ്യൂണിസത്തേയും, റഷ്യയേയും അപലപിച്ചുകൊണ്ടു് കോൺഗ്രസ്സുകാർ നടത്തിയ പ്രസംഗകോലാഹലങ്ങൾ അവരെ കൂടുതൽ കോൺഗ്രസ്സിനോടു ശത്രുതയുള്ളവരാക്കിത്തീക്കുവാനേ പ്രയോജകീഭവിച്ചുള്ളു.

ഏതാണ്ടൊരു മുൻവിധിയോടുകൂടിയാണു് രാഷ്ട്രീയകക്ഷികൾ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചതു്. ക്രിസ്ത്യാനികൾക്കു് ഭൂരിപക്ഷമുള്ള നിയോജകമണ്ഡലങ്ങളെന്നും, ഹിന്ദുഭൂരിപക്ഷമുള്ള നിയോജകമണ്ഡലങ്ങളെന്നുമുള്ള അടിസ്ഥാനം എല്ലാ കക്ഷികളും പൊതുവെ സ്വീകരിച്ചിരുന്നു. നിയോജകമണ്ഡലങ്ങളും പ്രായേണ വർഗ്ഗീയാടിസ്ഥാനത്തിൽ ആണു് വിഭജിക്കപ്പെട്ടിരുന്നതു്. തൽഫലമായി ഒരു നിയോജകമണ്ഡലത്തിന്റെ സാമ്പത്തികവും, സാമൂഹ്യവുമായ താല്പര്യങ്ങളെല്ലാം വർഗ്ഗീയതയുടെ മിഥ്യാബോധങ്ങൾക്കു വേണ്ടി ബലികഴിക്കേണ്ടിവന്നു. കൃഷി, കച്ചവടം, കൈത്തൊഴിൽ തുടങ്ങിയ ജീവി

ത്തിൻെറ സാമ്പത്തികവശങ്ങളെയെല്ലാം അഗണ്യകോടിയിൽ തള്ളി, ആ വക കാര്യങ്ങളെപ്പററി യാതൊരു വിവരവുമില്ലാത്തവരെ കേവലം രാഷ്ട്രീയകക്ഷിതാത്തിൻെറ താല്പര്യങ്ങൾക്ക വേണ്ടി തെരഞ്ഞെടുക്കാൻ ജനങ്ങൾ നിർബന്ധിതരായിത്തീന്ന ചുററുപാടിൽ, കർഷക നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കാൻ കൃഷിക്കാരനോ, വാണിജ്യപ്രദേശങ്ങളെ പ്രതിനിധീകരിക്കാൻ വാണിജ്യപ്രതിനിധിയോ, വ്യവസായപ്രദേശങ്ങളെ പ്രതിനിധീകരിക്കാൻ വ്യവസായപ്രതിനിധിയോ ലഭ്യമായില്ല. പ്രദേശങ്ങളുടെ ഭൂപ്രകൃതി, സാമ്പത്തികസ്വഭാവം, സാമൂഹ്യനിലവാരം തുടങ്ങിയ യാഥാർത്ഥ്യങ്ങളെ അടിസ്ഥാനമാക്കി നിയോജകമണ്ഡലങ്ങൾ വിഭജിച്ച്, യഥാക്രമം ഓരോന്നിൻേറയും സജീവപ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടു കൂടി നേരിടാനുള്ള സാഹചര്യങ്ങൾ ജനങ്ങൾക്ക നല്കാതിരിക്കുന്നിടത്തോളം കാലം വർഗ്ഗീയതയെന്ന ശാപം നമ്മുടെ രാഷ്ട്രീയരംഗത്തു നിന്നു വിട്ടകലുകയില്ല.

പ്രചാരവേലകൾകൊണ്ടും, പ്രകടനങ്ങൾകൊണ്ടും, പ്രസംഗങ്ങൾകൊണ്ടും ജനങ്ങളുടെ മനസ്ഥിതി ഏതുവിധത്തിൽ വേണമെങ്കിലും മാററാമെന്നുള്ള ചിന്താഗതിയിൽ നിന്ന് ഇനിയെങ്കിലും നമ്മുടെ രാഷ്ട്രീയകക്ഷികൾ വിരമിക്കണം. കോൺഗ്രസ്സ് പ്രസിഡണ്ടും, പ്രധാനമന്ത്രിയുമായ ജവഹർലാൽ നെഹ്രുവിനെപ്പോലെ സമുന്നതനായ ഒരു വ്യക്തി ഇവിടെ വന്ന് ആറു ദിവസം നാട്ടിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് കോൺഗ്രസ്സിനു വോട്ടു ചെയ്യണമെന്നു ജനങ്ങളോട് അഭ്യർത്ഥിച്ചിട്ടും, കഴിഞ്ഞ

നിയമസഭയിൽ കോൺഗ്രസ്സിനുണ്ടായിരുന്നതിനെക്കാരം മെച്ചമായ ഒരു നില ഈ തെരഞ്ഞെടുപ്പിലൂടെ തൻെറ കക്ഷിക്കു നേടിക്കൊടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. നെഹ്രുവിനെ ജനങ്ങരം ധിക്കരിച്ചു എന്നല്ല ഇതിൻെറ അത്ഥം. തിരു-കൊച്ചിയിലെ പ്രശ്നങ്ങരം എന്താണെന്ന് ഇവിടത്തെ ജനങ്ങരംക്കു മാത്രമേ അറിയാവൂ. സ്വയം വിഘടിച്ചു നില്ക്കുന്ന ഒരു ജനതയോട്, കൂടുതൽ വിശാലതരമായ ഇന്ത്യൻ ഐക്യത്തിനു വേണ്ടി വോട്ടുചെയ്യണമെന്നു നെഹ്റു തന്നെ നേരിട്ടു വന്നു പറഞ്ഞാലും ഫലമില്ലെന്നു മാത്രമേ മനസ്സിലാക്കേണ്ടതുള്ളു. ഇവിടത്തെ കോൺഗ്രസ്സ് സംഘടനയ്ക്ക്, ഒരു സംഘടനയെന്ന നിലയിൽ, ജനസേവനത്തിൻെറ ഒരു സമുജ്ജ്വലപാരമ്പര്യം അവകാശപ്പെടാൻ സാദ്ധ്യമല്ല. രാഷ്ട്രീയാധികാരത്തിലേയ്ക്കു മാത്രം ദൃഷ്ടിയുറപ്പിച്ചുകൊണ്ടു പ്രവത്തിച്ച ഒരു സംഘടനയാണ് ഇവിടത്തെ കോൺഗ്രസ്സ്. തിരുവിതാംകൂറിൽ പ്രായപൂത്തി വോട്ടവകാശമനുസരിച്ചു നടന്ന ആദ്യത്തെ പൊതുതെരഞ്ഞെടുപ്പിൽ, സി. പി. വിദ്വേഷത്തേയും, അദ്ദേഹത്തിൻെറ സ്വതന്ത്രതിരുവിതാംകൂർ പ്രസ്ഥാനത്തോടുള്ള ജനങ്ങളുടെ എതിർപ്പിനേയും ഇന്ത്യൻനാഷനൽ കോൺഗ്രസ്സിൻെറ തണലിൽ നിന്നുകൊണ്ടു സംഘടിപ്പിച്ച പാർട്ടിയെന്ന നിലയിലാണ് ഇവിടത്തെ കോൺഗ്രസ്സ് ബഹുഭൂരിപക്ഷത്തോടുകൂടി വിജയം പ്രാപിക്കുകയും, ആദ്യത്തെ ജനകീയഗവമ്മെൻറു രൂപീകരിക്കുകയും ചെയ്തതു്. എന്നാൽ സി. പി. വിദ്വേഷത്തേ മാത്രം ഒരു പരിപാടിയാക്കിക്കൊണ്ട്, ജനകീയഭരണക്കൂടത്തെ മുന്നോട്ടു നയിക്കാൻ കോൺഗ്രസ്സിനു കഴിഞ്ഞില്ല. ഏതു

ഭരണത്തേയും, അതാതിൻെറ ഗുണദോഷങ്ങളെ ആസ്വദമാക്കിയായിരിക്കും ജനങ്ങൾ വീക്ഷിക്കുന്നത്. രാഷ്ട്രീയ വികാരാവേശങ്ങളുടെ ആദ്യത്തെ മൂർച്ഛ വിട്ടകലുമ്പോൾ യാഥാർത്ഥ്യങ്ങളെ അവർ അഭിമുഖീകരിക്കുന്നു. സി. പി. യുടെ ഭരണം കോൺഗ്രസ്സ് മന്ത്രിമാരുടെ ഭരണത്തേക്കാൾ എത്രയോ മെച്ചവും, സുഖപ്രദവുമായിരുന്നു എന്നാണു തിരുവിതാംകൂർ വിഭാഗത്തിലെ ജനസാമാന്യം ഇന്ന് അഭിപ്രായപ്പെടുന്നത്. ഐക്യമുന്നണിക്കു വേണ്ടി ജീവൻ ബലികഴിക്കാൻ പോലും തയ്യാറായിരുന്ന ആലപ്പുഴയിലെ ഒരു തൊഴിലാളി എന്നോടു പറയുകയുണ്ടായി: "ഈ നാട്ടിൽ തൊഴിലാളിക്ക് എന്തെങ്കിലും ഗുണമുണ്ടായിട്ടുണ്ടെങ്കിൽ, അത് സി. പി-യുടെ കാലത്താണ്. കോൺഗ്രസ്സ് ഗവമ്മെൻറ് തൊഴിലാളിക്കു വേണ്ടി ഒന്നും ചെയ്തിട്ടില്ല." വർഗ്ഗബോധമുള്ള ഒരു തൊഴിലാളിയാണ് അങ്ങനെ പറഞ്ഞത്. ആ സഖാവു തുടന്നു: "വയലാർ പുന്നപ്ര സമരത്തിലേയ്ക്കു നയിച്ച തൊഴിലാളിയുടെ 22 അവകാശവാദങ്ങളിൽ ഇരുപതും സി. പി. സമ്മതിച്ചു. അദ്ദേഹം സഖാവു ടി. വി-യോടു പറഞ്ഞത്, "തോമസ്സേ, രണ്ടു കാര്യങ്ങൾ മാത്രം എന്നോട് ആവശ്യപ്പെടരുത്. ഒന്നാമത്, ഞാൻ ഇവിടെനിന്നു പോകണമെന്നു പറയരുത്. രണ്ടാമത്, അമേരിക്കൻമോഡൽ ഭരണഘടന അറബിക്കടലിൽ എറിയണമെന്ന് ആവശ്യപ്പെടരുത്" എന്നായിരുന്നു. സഖാവു ടി. വി. അതിനു മറുപടി നല്കിയത്, "സ്വാമീ, അതു മാത്രം എന്നോട് ആവശ്യപ്പെടരുത്. അങ്ങ് ഇവിടെ നിന്നു പോകയേ മതിയാവൂ. അമേരിക്കൻ മോഡൽ ഞങ്ങൾ അറബിക്കടലിൽ എറിയുകയും

ചെയ്യും" എന്നായിരുന്നു." സി. പി. പോലും ബഹുമാനിച്ചിട്ടുള്ള ഒരു നേതാവ് ഇവിടെയുണ്ടെങ്കിൽ അതു സഖാവു ടി. വി. തോമസ്സാണെന്ന് ആ തൊഴിലാളിസഖാവ് എന്നോടു പറഞ്ഞു. ഇന്ന് ആ തൊഴിലാളിസഖാവും, ആ സഖാവിനെപ്പോലെയുള്ള ലക്ഷക്കണക്കായ തൊഴിലാളികളും അന്ന് സർ സി. പി–യുടെ ഗവമ്മെൻറിനെ എത്രത്തോളം ശത്രുതയോടും വിദ്വേഷത്തോടും കൂടി വീക്ഷിച്ചിരുന്നുവോ, അതിനെക്കാൾ പതിന്മടങ്ങു ശത്രുതയോടും വിദ്വേഷത്തോടും കൂടി കോൺഗ്രസ്സിനേയും, കോൺഗ്രസ്സ് ഭരണത്തേയും അപലപിക്കുന്നു.

ചഞ്ചലവും, ക്ഷണഭംഗുരവുമായ വിദ്വേഷചിന്തകളിൽ കാലുറപ്പിക്കുന്ന ഭരണകൂടങ്ങൾ ദീർഘകാലം നിലനില്ക്കുകയില്ല. സി. പി. വിദ്വേഷത്തെ ഉപാധിയാക്കി ജനകീയഭരണം സ്ഥാപിച്ച കോൺഗ്രസ്സിൻെറ സ്ഥാനത്ത്, ഒരു വിഭാഗം ജനങ്ങളുടെ കോൺഗ്രസ്സ് വിദ്വേഷത്തിൻെറ പരിണതഫലമെന്ന നിലയിൽ ആവിർഭവിച്ചിരിക്കുന്ന ഐക്യമുന്നണിയുടെ ഗതിയെന്താകുമെന്ന് കാലം മാത്രമേ വെളിപ്പെടുത്തുകയുള്ളൂ.

KOTTAYAM PUBLIC LIBRARY
KOTTAYAM

# 4

# പ്രതിവിധിയെന്ത്?

# 4

**തെരഞ്ഞെടുപ്പിൽ** മത്സരിക്കുന്ന കക്ഷികൾ സമജോടിയിൽ പിരിയുക എന്നതു് അസാധാരണമായ ഒരു സ്ഥിതിവിശേഷമാണ്. എന്നാൽ തിരു-കൊച്ചിയിൽ അതാണു സംഭവിച്ചിരിക്കുന്നതു്.

യാതൊരു കക്ഷിക്കും ഒററയ്ക്കു ഭരിക്കാനുള്ള ഒരു രാഷ്ട്രീയബ്ലാങ്കു ചെക്കു് ജനങ്ങൾ നല്കിയിട്ടില്ല. തൃശ്ശൂർ ഡിസ്റ്റ്റിക്കിലേയും, കോട്ടയം ഡിസ്റ്റ്റിക്കിലേയും ഭൂരിപക്ഷം ജനങ്ങളും കോൺഗ്രസ്സ് ഭരിക്കണമെന്നുള്ള അഭിപ്രായക്കാരാണ്. കൊല്ലം ഡിസ്റ്റ്റിക്കിലേയും, തമിഴ് പ്രദേശങ്ങളൊഴികെയുള്ള തിരുവനന്തപുരം ഡിസ്റ്റ്റിക്കിലേയും ജനങ്ങൾ ഒരു ഇടതുപക്ഷഗവമെൻറിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നു. ഇതിലൊന്നിലും തങ്ങൾക്കു കാര്യമില്ലെന്നുള്ള നിലയിലാണു തമിഴ്പ്രദേശങ്ങളിലെ ജനങ്ങൾ വർത്തിക്കുന്നതു്.

വർഗ്ഗീയമായി നോക്കിയാൽ, ക്രിസ്ത്യാനികൾ പൊതുവേ കോൺഗ്രസ്സ് ഗവമെൻറിനു വേണ്ടി നില കൊള്ളു

ന്നു. നായർസമുദായം പി. എസ്. പി. യുടെ നേതൃത്വ ത്തിലുള്ള ഒരു ഇടതുപക്ഷഗവമ്മെൻറ് ആഗ്രഹി ക്കുന്നു. ഈഴവസമുദായം നേതാവാരായിരുന്നാലും ശ രി, മുന്നണിപ്പാർട്ടിയാണു ഭരിക്കേണ്ടതെന്ന് ആഗ്രഹിക്കു ന്നു. കൊച്ചിയിലെ ജനങ്ങൾ ഭൂരിപക്ഷവും കൊച്ചിക്കാ രെന്ന നിലയിൽ ഒരു കൊച്ചിക്കാരൻെറ നേതൃത്വത്തിൽ ഒരു കാൺഗ്രസ്സ് ഗവമ്മെൻറുണ്ടാകണമെന്ന് ആശിക്കു ന്നു. ഐക്യമുന്നണിയിലെ സജീവഘടകം ഈഴവരാണ്. തിരുവിതാംകൂർ വിഭാഗത്തിൽ, കോൺഗ്രസ്സ് ടിക്കററിൽ നിന്ന ഈഴവർ മുഴുവൻ തെരഞ്ഞെടുപ്പിൽ പരാജയപ്പെ ടുകയാണുണ്ടായതു്; ഐക്യമുന്നണി ടിക്കററിൽ നിന്ന ഈഴവരെല്ലാം ജയിക്കുകയും ചെയ്തു. കൊച്ചി വിഭാഗ ത്തിലാകട്ടെ, ഐക്യമുന്നണി ഈഴവസ്ഥാനാർത്ഥികൾ പ രാജയപ്പെടുകയും, കോൺഗ്രസ്സ് ഈഴവസ്ഥാനാർത്ഥികൾ വിജയിക്കുകയുമാണുണ്ടായതു്. ഏതായാലും ഇന്നത്തെ കോൺഗ്രസ്സ്, തിരുവിതാംകൂർ വിഭാഗത്തിലെ ഈഴവ രെ പ്രതിനിധീകരിക്കുന്നില്ലെന്നുള്ളതു വ്യക്തമായ ഒരു വസ്തുതയാണ്. അതുപോലെ ഐക്യമുന്നണി പാർട്ടികൾ ക്ക് ക്രിസ്ത്യാനികളുടെ തികഞ്ഞ പ്രാതിനിധ്യമുണ്ടെന്ന് അ വകാശപ്പെടാനും സാദ്ധ്യമല്ല.

തിരുവിതാംകൂറിലെ ഈഴവരിൽ അധികവും തൊ ഴിലാളികളാണ്. ആഭിജാത്യമുള്ള നായർ കുടുംബങ്ങൾ ഋണഭാരത്തിലകപ്പെട്ടു തകർന്നുകൊണ്ടിരിക്കുന്നു. ഇവിട ത്തെ ഭൂഉടമസമ്പ്രദായം ഈ രണ്ടു സമുദായങ്ങളുടേയും ഉ യർച്ചയ്ക്കു പ്രതിബന്ധമായി നില്ക്കുന്നു. കൃഷിക്കാർക്കു ഭൂമി യില്ല. ജന്മിമാരും അതനുഭവിക്കുന്നില്ല. ഭൂമി മിക്കവാറും

കുത്തകപ്പാട്ടമുതലാളിമാർ കൈയടക്കിവെച്ചിരിക്കുന്നു. കുലീനകുടുംബങ്ങളിലെ യുവാക്കൾ ചായക്കച്ചവടമോ ബീഡിതെറുപ്പോ കൊണ്ടു് ഉപജീവനം കഴിക്കുന്നതു് ദയനീയമായ ഒരു കാഴ്ചയാണു്. ഭ്രൂവുടമസമ്പ്രദായത്തിൽ മാററം വരുത്താൻ കോൺഗ്രസ്സ് പരാജയപ്പെട്ടതുകൊണ്ടാണു് ഈഴവർ കോൺഗ്രസ്സിനു വിരുദ്ധമായി തിരിഞ്ഞതെന്നു് ശ്രീ സി. കേശവൻ പറയുന്നു. അദ്ദേഹം ഇവിടത്തെ രാഷ്ട്രീയസ്ഥിതിഗതികളുടെ വർഗ്ഗീയമറിമായങ്ങളിൽ നിരാശനായി ഇപ്പോൾ കിഴക്കൻ മലകളിൽ അഭയംനേടി "വാർദ്ധക്യത്തിൻെറ രണ്ടാംബാല്യം" ആസ്വദിച്ചുകൊണ്ടു് ഒരു വിരക്തജീവിതം നയിക്കുകയാണു്. കൊച്ചിയിൽ ശ്രീ. കെ. അയ്യപ്പൻ കാൺഗ്രസ്സിൽ ഉറച്ചുനില്ക്കുന്നു. അദ്ദേഹത്തിൻെറ ഈ നില കൊച്ചിയിലെ ഈഴവക്ക് കോൺഗ്രസ്സിനോടു് ഒട്ടിനില്ക്കാൻ ഒരു പ്രേരണ നല്കിയിട്ടുണ്ടു്. വർഗ്ഗീയത, വ്യക്തിത്വത്തെ ഉററുനോക്കുന്നു. രാഷ്ട്രീയകാര്യങ്ങൾ വർഗ്ഗീയശക്തികൾക്കു വഴങ്ങിക്കൊടുക്കുന്നു. സാമ്പത്തികപ്രശ്നങ്ങൾ ജാതിയുടേയും മതത്തിൻേറയും നീർച്ചുഴികളിൽ കുടുങ്ങിപ്പോകുന്നു. ഇതാണു് തിരു-കൊച്ചിയിലെ നില.

സാമ്പത്തികസാഹചര്യങ്ങളുടെ സമ്മർദ്ദവും, വർഗ്ഗീയശക്തികളുടെ ആധിപത്യത്തോടുകൂടിയ എതിർപ്പും മൂലം തിരു-കൊച്ചിയിലെ ജനങ്ങൾ വിവിധഭാഗങ്ങളായിത്തിരിഞ്ഞു്, വിവിധകക്ഷികൾക്കുവേണ്ടി വോട്ടുചെയ്തിരിക്കയാണു്. കോൺഗ്രസ്സായാലും, ഐക്യമുന്നണിയായാലും ഒരു കക്ഷിയെന്ന നിലയിൽ ഭദ്രമായി ഭരണം നടത്തുന്നതിനു് അനുകൂലമായ ഒരു സാഹചര്യമല്ല ഇതു്.

"കമ്യൂണിസം ജയിക്കണമോ, അതോ, കോൺഗ്രസ്സ് ജയിക്കണമോ?" എന്ന പ്രശ്നത്തെ നേരിടാൻ കോൺഗ്രസ്സുകാർ ജനങ്ങളോട് അവശ്യപ്പെട്ടിരുന്നു. രണ്ടും ഇവിടെ ജയിക്കണ്ടാ എന്നാണ് ജനങ്ങൾ വിധിച്ചിരിക്കുന്നത്. അങ്ങനെ ആരെയെങ്കിലും ജയിപ്പിച്ചയച്ചിട്ടുള്ള ഒരു നാടല്ല തിരുവിതാംകൂർ-കൊച്ചി; വിശിഷ്യ തിരുവിതാംകൂർ വിഭാഗം. ആക്രമണകാരികളായ വിജിഗീഷുക്കളേയും, വേദാന്തകേസരികളേയും, ദുസ്സാമ്പന്നന്മാരായ ഭരണാധികാരികളേയും പരാജയപ്പെടുത്തിയിട്ടുള്ള ഒരു സമര പാരമ്പര്യമാണ് ഈ നാട്ടുകാർക്കുള്ളത്.

ജനാധിപത്യത്തിൻെറ ഇന്നത്തെ പുറപ്പാടിൽ ഈ തിരു-കൊച്ചി സംസ്ഥാനത്തെ തിരു-കൊച്ചിയെന്ന നിലയിൽ ജയിപ്പിക്കണമെന്നും ഇവിടത്തെ ജനങ്ങൾ ആഗ്രഹിക്കുന്നില്ല. കൊച്ചി ജയിക്കണമെന്നും, കോട്ടയം ജയിക്കണമെന്നും, കൊല്ലം ജയിക്കണമെന്നും, തിരുവനന്തപുരം ജയിക്കണമെന്നും, തമിഴ്നാട് ജയിക്കണമെന്നുമുള്ള പ്രാദേശികാഭിലാഷമല്ലാതെ തിരു-കൊച്ചിയേയൊ ഇൻഡ്യയേയോ, നെഹ്റുവിനെയോ, കോൺഗ്രസ്സിനേയോ, മലങ്കോവിനേയോ, കമ്മ്യൂണിസത്തേയോ ജയിപ്പിക്കണമെന്നുള്ളതിൽ യാതൊരു താൽപ്പര്യവും ഈ മലനാട്ടിലെ ജനങ്ങൾക്കില്ല. ചേരിതിരിഞ്ഞിരിക്കുന്ന പ്രാദേശികവിഭാഗങ്ങൾക്കോരോന്നിനും, ഓരോ പ്രാദേശികഗവമ്മെൻ്റ് സ്ഥാപിക്കാൻ സാദ്ധ്യമാണോ? തീർച്ചയായും അല്ല. ഒരു അഖിലകക്ഷിഗവമ്മെൻറ് തിരു-കൊച്ചിയുടെ പ്രശ്നങ്ങൾ പരിഹരിക്കുമോ? അതൊരു നല്ല ആശയമാണ്. പക്ഷേ, കക്ഷിവികാരങ്ങളും, വർഗ്ഗീയചിന്തകളും, ജീവി

തമത്സരവും ഏറ്റവും രൂക്ഷമായിത്തീൎന്നിട്ടുള്ള ഈ തിരു-കൊച്ചിയിൽ ഒരു അഖിലകക്ഷിഗവൺമെൻറ് വിജയിക്കണമെങ്കിൽ അതിനൊരൊററ മാർഗ്ഗമേയുള്ളു. കോൺഗ്രസ്സാണ് ഇവിട്ടത്തെ കക്ഷിമാത്സര്യങ്ങൾക്കു മുഴുവൻ മൂലകാരണം. ആ കോൺഗ്രസ്സ് ഇവിടെ അസ്തമിക്കണം. ഒരു സംയുക്തഗവൺമെൻറിനെപ്പോലും വിജയിപ്പിക്കുവാൻ കഴിയാത്ത കോൺഗ്രസ്സിന് ഒരു ദേശീയകക്ഷിയെന്ന നിലയിൽ ഇവിടെ പ്രവൎത്തിക്കുവാൻ അവകാശമില്ല.

ഒരു അഖിലകക്ഷിഗവൺമെൻറ് അതിൻെറ വ്യാപകമായ അൎത്ഥത്തിൽ ഒരു കക്ഷിരഹിതഗവൺമെൻറായിരിക്കും. തിരു-കൊച്ചിയിലെ ഇന്നത്തെ സ്ഥിതിഗതികളിൽ, ഒരു കക്ഷിരഹിതഗവൺമെൻറ് രൂപീകരിക്കാനുള്ള അഹ്ത ആൎക്കാണുള്ളതു്? ഭരണഘടനയനുസരിച്ച്, മുഖ്യമന്ത്രിയെ രാജപ്രമുഖൻ നിയമിക്കണമെന്നും, അദ്ദേഹത്തിൻെറ ഉപദേശമനുസരിച്ച് മററു മന്ത്രിമാരെ നിയമിക്കണമെന്നുമാണ് വ്യവസ്ഥ. ഏതെങ്കിലും ഒരു കക്ഷിയുടെ നേതാവിനെ തിരുമനസ്സുകൊണ്ടു് തൻെറ പ്രധാനസചിവനായി നിയമിക്കുകയാണെങ്കിൽ, ആ ഒരൊററക്കാരണത്താൽ തന്നെ, മന്ത്രിസഭ ആ കക്ഷിയുടെ മേൽക്കോയ്മയ്ക്കു വിധേയമായിത്തീരുകയായിരിക്കും ചെയ്യുന്നതു്. മററു കക്ഷികളോ, ആ കക്ഷികൾക്കു പിൻതുണ നൽകുന്ന ജനവിഭാഗങ്ങളോ അങ്ങനെയൊരു നിലയെ സഹിഷ്ണുതയോടുകൂടി വീക്ഷിക്കുമോ എന്നു സംശയമാണ്. കക്ഷിരഹിതനായ ഒരൊററ മെമ്പറെപ്പോലും സംസ്ഥാനത്തിലെ ജനങ്ങൾ നിയമസഭയിലേയ്ക്കു തെരഞ്ഞെടുത്തയ

ച്ചിട്ടില്ല. സ്വതന്ത്രന്മാർപോലും കക്ഷിത്വത്തിന്റെ കുപ്പായമണിഞ്ഞവരാണു്. കക്ഷിരഹിതനെന്നു പറയപ്പെട്ടിരുന്ന നിയമസഭാസ്പീക്കർപോലും കോൺഗ്രസ്സ് കക്ഷിത്വത്തിന്റെ കെണിയിലകപ്പെട്ടു്, താൻ മുമ്പുൾപ്പെട്ടിരുന്ന സോഷ്യലിസ്റ്റ് കക്ഷിയുമായി മത്സരിച്ചു് തെരഞ്ഞെടുപ്പിൽ പരാജയപ്പെടുകയാണുണ്ടായതു്. നിയമസഭയുടെ അദ്ധ്യക്ഷസ്ഥാനത്തെ അലങ്കരിച്ചിട്ടുള്ള മറെറാരു മുൻസ്പീക്കർ കക്ഷിരാഷ്ട്രതന്ത്രത്തിൽ മാത്രമല്ല, ഗ്രൂപ്പുരാഷ്ട്രതന്ത്രത്തിൽ പോലും ഉൾപ്പെട്ടു്, ക്ലിക്കുകൾക്കു നേതൃത്വം നൽകുകയും, “കക്ഷിരഹിതൻ” എന്ന പദത്തെ രാഷ്ട്രീയക്ലിക്കുകാരന്റെ പര്യായമാക്കിത്തീർക്കുകയും ചെയ്തിട്ടുള്ള നാടാണിതു്. ഇതൊന്നും ആ വ്യക്തികളുടെ കുററമല്ല. രാഷ്ട്രീയമായ ഏതും കക്ഷിത്വത്തിന്റെ കണ്ണാടിയിൽ കൂടി വീക്ഷിക്കപ്പെടുന്ന ഈ തിരു-കൊച്ചിയിൽ യഥാർത്ഥകക്ഷിരഹിതന്മാർക്കു് കാഴ്ചബംഗ്ലാവിൽ മാത്രമേ സ്ഥാനമുണ്ടായിരിക്കുകയുള്ളു. കോൺഗ്രസ്സാണു് ഈ നില വരുത്തിവച്ചതു്. പ്രാദേശികത്വത്തിന്റെ മലഞ്ചെരുവുകളിൽ നിന്നു് വർഗ്ഗീയതയുടെ താഴ്വരകളിലേക്കും, ആദർശസംഹിതകളുടെ കൊടുമുടികളിലേക്കും മാറിമാറി ഇറങ്ങുകയും കയറുകയും ചെയ്യുന്ന ഈ നാട്ടിലെ രാഷ്ട്രീയമനുഷ്യശാസ്ത്രം ഇവിടുത്തെ ഭൂപ്രകൃതി പോലെ തന്നെ സങ്കീർണ്ണമായിത്തീർന്നിരിക്കുകയാണു്.

സപ്തവർണ്ണസ്ഫടികത്തിലെ വിവിധനിറങ്ങൾപോലെ പല ഛായകളോടുകൂടിനില്ക്കുന്ന ഇവിടുത്തെ രാഷ്ട്രീയപ്പാർട്ടികളെ ജനാധിപത്യസമ്പ്രദായപ്രകാരമുള്ള കക്ഷിത്വസിദ്ധാന്തങ്ങളെ ആസ്പദമാക്കി നിർവചിക്കുവാ

നോ, ആ നിലയിൽ അവയെപ്പററി വിധി കല്പിക്കുവാനൊസാദ്ധ്യമല്ല. ഇന്നലെവരെ കാൺഗ്രസ്സിനെയും കാൺഗ്രസ്സിൻെറ ആദശ്ങ്ങളേയും എതിക്കുകയും, പിൻതിരിപ്പൻ അവസരവാദങ്ങൾക്കുവേണ്ടി നിലകൊള്ളുകയുംചെയ്ത സത്യനാശകന്മാർ കാൺഗ്രസ്സിൻെറ സ്ഥാനാത്ഥികളായി രംഗപ്രവേശം ചെയ്തു. ത്രികോണമത്സരം ഒഴിവാക്കപ്പെട്ടപ്പോൾ സ്വതന്ത്രസ്ഥാനാത്ഥികൾക്കു രക്ഷയില്ലെന്നുകണ്ടു് സോഷ്യലിസ്റ്റ്സ്ഥാനാത്ഥിയായ വൻകിടമുതലാളിമാരും,കമ്യൂണിസ്റ്റ് സ്വതന്ത്രന്മാരായിത്തീന്ന വലിയജന്മിമാരും ഇവിടെയുണ്ടു്. ഈ നിലയിൽ കാൺഗ്രസ്സ് ഇവിടെ പരാജയപ്പെട്ടുവെന്നോ,കമ്യൂണിസമോ,സോഷ്യലിസമോ ജയിച്ചുവെന്നോ പറയുന്നതിൽ യാതൊരത്ഥവുമില്ല. തനി കമ്മ്യൂണിസ്റ്റ്കാരായ ചുരുക്കം ചിലരൊഴിച്ചാൽ, ഏതെങ്കിലും ഒരാദർശത്തിൽ അടിയുറച്ചു നില്ക്കുമെന്നു പ്രതീക്ഷിക്കാവുന്നവർ തിരു-കൊച്ചിയിലെ രാഷ്ട്രീയരംഗത്തു് വിരളമാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

തിരു-കൊച്ചിയിലെ ഉന്നതരായ ചില കോൺഗ്രസ് നേതാക്കന്മാരുടെ ഇടയിലിരുന്നുകൊണ്ടാണു്, തെരഞ്ഞെടുപ്പിൻെറ ആദ്യത്തെ റൗണ്ടിലെ ഫലം ഞാൻ കേട്ടതു്. ഇടതുപക്ഷകക്ഷികൾ തെരഞ്ഞെടുപ്പുഫലങ്ങളുടെ തലപ്പിലേയ്ക്കു കുതിക്കുകയായിരുന്നു. "ഹോ! കാട്ടാളന്മാർ വരികയാണു്. ഇനിനമുക്കിവിടെ രക്ഷയില്ല." എന്നു് ഒരു കോൺഗ്രസ്സ്നേതാവു് വിലപിച്ചു. ഉൾനാടുകളിലെ കോൺഗ്രസ്സ് പ്രവത്തകരെ പുതിയ രാഷ്ട്രീയഹൂണന്മാർ കശാപ്പുചെയ്തു കളയുമെന്നു് മറെറാരു നേതാവു് ഭ

യപ്പെട്ടു. "സർവത്ര തവിടുപൊടിയായി. ഇനി നാം പെപ്സുവിലോ മറേറാ അഭയം തേടണം" എന്നായിരുന്നു വേറൊരു നേതാവിൻെറ അഭിപ്രായം. (പെപ്സുവിൽ കോൺഗ്രസ് വിജയിക്കുകയായിരുന്നു.) ഇവർ എന്തിനിത്ര പരിഭ്രമിക്കുന്നു എന്നു ഞാൻ അത്ഭുതപ്പെട്ടു. ഉപ്പുതിന്നവരേ വെള്ളം കുടിക്കയുള്ളു. മനുഷ്യക്കശാപ്പുകൾ നടത്തിയിട്ടുള്ളവരെല്ലാതെ സ്വന്തം വധരംഗങ്ങളെ സ്വപ്നം കാണുകയില്ല. മട്ടാഞ്ചേരിയിലേയും, പത്തുമലയിലേയും വെടിവെപ്പിൻേറയും, ലോക്കപ്പുമർദ്ദനങ്ങളുടേയും, രാഷ്ട്രീയഗുണ്ടായിസങ്ങളുടേയും ശോകാത്മകമായ സ്മരണകൾ ആ രാഷ്ട്രീയപ്രതിസന്ധിനിമിഷത്തിൽ കോൺഗ്രസ്സുകാരെ വിരളികൊള്ളിക്കുകയായിരുന്നു.

കോൺഗ്രസ്സ് പ്രതിപക്ഷമായിത്തീരുമെന്നു കേട്ടപ്പോൾ താൻ ആഹ്ലാദംകൊണ്ടു തുള്ളിച്ചാടുകയാണുണ്ടായതെന്നും, ജീവിതത്തിൻെറ രണ്ടു വശങ്ങളും അനുഭവിച്ചാലേ ഒരു രസമുള്ളൂ എന്നും ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറയുകയുണ്ടായി. എന്നാൽ അദ്ദേഹത്തിൻെറ അനുയായികളിൽ പലരും ജീവിതത്തിൻെറ ഒരു വശം മാത്രം അനുഭവിച്ചിട്ടുള്ളവരാണ്; മരണപര്യന്തം അതനുഭവിക്കാമെന്ന് ആശിക്കുന്നവരുമാണ്. അവരാണ് ഇന്നു ഭയപ്പെടുന്നതു്. തങ്ങളുടെ എതിരാളികളുടെ നേക്ക് തങ്ങൾ നീട്ടിയ തോക്കുകൾ ഇനി തങ്ങളുടെ നേക്ക് തിരിഞ്ഞേക്കുമെന്നാണ് അവരുടെ ഭയം.

ഈ അവസരത്തിൽ തെരഞ്ഞെടുപ്പുഫലം ഈ നാട്ടിലെ പുരോഗമന ചിന്താഗതിയെയാണ് കാണിക്കുന്നതെന്ന് ഐക്യമുന്നണി അനുഭാവികൾ അവകാശപ്പെട്ടു

ന്നു. യഥാർത്ഥത്തിൽ നിയസഭാകക്ഷികളുടെ ബാഹ്യ രൂപത്തിലല്ലാതെ അവയുടെ അന്തസ്സത്തയെ സംബന്ധിച്ചിടത്തോളം യാതൊരു മാററവും ഇവിടെയുണ്ടായിട്ടില്ല. ഇടതുപക്ഷവിജയത്തിനുവേണ്ടി വീറോടെ വാദിച്ചിരുന്ന ഒരു വർഗ്ഗീയനേതാവു് തെരഞ്ഞെടുപ്പു നടന്നുകൊണ്ടിരുന്നപ്പോൾ എന്നോടു തുറന്നു പറയുകയുണ്ടായി: "കോൺഗ്രസ്സാണു് ജയിക്കുന്നതെങ്കിൽ ഞാൻ ഐക്യകക്ഷികളെ കുററപ്പെടുത്തും. ഒരു പൊതുതത്വത്തോടുകൂടി ഒരു പൊതു പ്ളാററ്ഫാറത്തിൽ യോജിച്ചുനിൽക്കണമെന്നു് ആദ്യമേ ഞാൻ അവരോടു പറഞ്ഞിരുന്നു. എന്റെ ഉപദേശം അനുസരിക്കാതിരുന്നതുകൊണ്ടാണു് അവക്കു പരാജയം സംഭവിച്ചതെന്നു് ഒററ ശ്വാസത്തിൽ പറഞ്ഞുകൊണ്ടു് ഞാൻ കോൺഗ്രസ്സിനെഅനുകൂലിക്കും. എങ്ങനെയെങ്കിലും ഇവിടെ ജീവിക്കണമല്ലോ!"

അതു പരമാർത്ഥമാണു്. എങ്ങനെയെങ്കിലും ഞെളിഞ്ഞുനില്ക്കണമെന്നു മാത്രമേ, ഇവിടത്തെ നേതാക്കൾക്കു് ഉദ്ദേശ്യമുള്ളു.

ജനകീയവികാരങ്ങളെ ഇളക്കിവിടുന്നതിലും, ക്ഷുദ്രവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിലും, ദേശീയബോധം നശിപ്പിക്കുന്നതിലും ഈ നാട്ടിലെ പത്രങ്ങൾ ഒരു വലിയ പങ്കു നിവ്വഹിക്കുന്നുണ്ടു്. അച്ചടിച്ച അക്ഷരങ്ങളെ ജനങ്ങൾ കണ്ണുമടച്ചു വിശ്വസിക്കുമെന്നു് പത്രനടത്തിപ്പുകാക്കറിയാം. സ്വന്തം താല്പര്യങ്ങളെ ജനകീയ താല്പര്യങ്ങളാക്കിക്കാണിക്കുന്നതിന്നു് അവക്കു നിഷ്പ്രയാസം കഴിയും. എസ്റ്റേററ് ബാരൺമാരും, വ്യവസായ രാജാക്കന്മാരും, ബസ്പ്രഭുക്കന്മാരും, വ്യക്തിരാഷ്ട്രീയക്കാരും,

ജന്മിമാരും മററുമാണ് ഇവിടത്തെ പത്രമുടമകൾ. ഒരു പത്രം നടത്തുന്ന ജന്മിപ്പത്രാധിപർ പുതുവൽ പതിക്കാനോ, കണ്ട്റാക്ററു പിടിക്കാനോ നടത്തുന്ന ശ്രമം ഏതെങ്കിലും ഒരു മന്ത്രിയുടെ ഇടപെടൽമൂലം പരാജയപ്പെട്ടുകയാണെങ്കിൽ അന്നുവരെ ഗവർമ്മേൻറിനേയും, മന്ത്രിയേയും അനുകൂലിച്ചിരുന്ന ആ പത്രമുടമസ്ഥൻ അടുത്ത ദിവസം മുതൽ പ്രതിപക്ഷത്തിലേയ്ക്കു ചായുന്നു. അമിതമായ യാത്രക്കൂലി ചുമത്തി പ്രൈവററ് ബസ്സുകൾ ഓടിക്കാനുള്ള സ്വാതന്ത്ര്യം ഗവർമ്മേൻറ് ട്രാൻസ്പോർട്ടിൻെറ പ്രവർത്തനംമൂലം നിഹനിക്കപ്പെട്ടുമ്പോൾ ബസ്സ്‌രാജാവ് ക്ഷോഭിച്ചിളകുകയും, അതിനുത്തരവാദിയായ ട്രാൻസ്പോർട്ട് മന്ത്രിയെ സമുദായദ്രോഹിയായി സ്വന്തം പത്രത്തിൽ ചിത്രീകരിക്കുകയും ചെയ്യുന്നു. ഏതെങ്കിലും സ്ഥാനാർത്ഥിയോടുള്ള വ്യക്തിവിദ്വേഷത്തേയോ, കക്ഷിവിദ്വേഷത്തേയോ ആസ്പദമാക്കി ആ സ്ഥാനാർത്ഥിയെ നിശിതമായ ഭാഷയിൽ അധിക്ഷേപിച്ചുകൊണ്ടുള്ള ലേഖനങ്ങളടങ്ങിയ പത്രത്തിൻെറ പ്രതികൾ ആയിരക്കണക്കിന് സൗജന്യമായി വിതരണം ചെയ്യാൻ പത്രമുടമകൾക്കു ഒരു ക്രൂസല്യമില്ല. "എനിക്കു ഈ രാഷ്ട്രീയത്തിൽ ഒരു പിടിവേണം. അതിനു വേണ്ടിയാണ് ഞാൻ പത്രം നടത്തുന്നത്." എന്ന് ഒരു പത്രമുതലാളി എന്നോടു തുറന്നു പറഞ്ഞിട്ടുണ്ട്. തെരഞ്ഞെടുപ്പു നടക്കുമ്പോൾ വോട്ടെടുപ്പിൻെറ പാവനരഹസ്യത്തെ ധിക്കരിക്കുന്നതും, വായനക്കാരെ വഴിപിഴപ്പിക്കുന്നതും സ്വന്തം രാഷ്ട്രീയാഭിപ്രായങ്ങൾക്കനുകൂലമായി ജനങ്ങളെ ഇളക്കിവിടുന്നതുമായ പ്രവചനങ്ങൾ നടത്തുന്നതിന് വലതുപക്ഷപത്രങ്ങളും

ഇടതുപക്ഷപത്രങ്ങളും അഹമഹമികയാ മത്സരിക്കുക ഇവിടെസർവ്വസാധാരണമാണ്. "കോൺഗ്രസ്സ് കോട്ടകൾപൊളിയുന്നു;" "കോൺഗ്രസ്സ് വത്തിക്കാൻ തകരുന്നു," "മന്ത്രിമാർ മലന്നുവീഴുന്നു" എന്നും മററുമുള്ള ആകർഷകങ്ങളായ തലക്കെട്ടുകളിൽ ഇടതുപക്ഷപത്രങ്ങൾ വെണ്ടയ്ക്കാവെച്ചു കാച്ചുമ്പോൾ, "ഐ. മു. കോട്ടകൾപൊടിയുന്നു;" "കോൺഗ്രസ്സിൻെറജൈത്രയാത്ര;" "കാളപ്പെട്ടികൾ വിജയത്തിൽനിന്നു വിജയത്തിലേക്ക്" എന്നും മററുമുള്ള ശീർഷകങ്ങളിൽ വലതുപക്ഷപത്രങ്ങൾ മത്തങ്ങാ നിരത്തുന്നു. തെരഞ്ഞെടുപ്പു ഫലങ്ങൾ മുഴുവൻ കോൺഗ്രസ്സിന് അനുകൂലമായിട്ടാണെന്ന് വലതുപക്ഷപത്രങ്ങളും, എല്ലാം ഐക്യമുന്നണിക്കാണെന്ന് ഇടതുപക്ഷപത്രങ്ങളും അവകാശപ്പെടുന്നു. ഇടതുപക്ഷപത്രങ്ങളുടെ വിദ്വേഷപ്രചരണങ്ങളെക്കാൾ വലതുപക്ഷപത്രങ്ങളുടെ നുണ പ്രചരണങ്ങൾ കൂടുതൽ ജുഗുപ്സാവഹമാണ്. മതത്തിൻെറയും, ജാതിയുടേയും ചെളിക്കുണ്ടുകളിൽ നിന്ന് ഉയന്നു ചിന്തിക്കാൻ കഴിയാത്ത ഒരു മാനസികരോഗമാണ് അവയെ ബാധിച്ചിരിക്കുന്നത്. ഒരു കോൺഗ്രസ്സ് സ്ഥാനാത്ഥി തനിക്കു ക്രിസ്ത്യാനികൾ മാത്രമേ വോട്ടു ചെയ്യുകയുള്ളൂ എന്നും, ഹിന്ദുക്കളാരും കോൺഗ്രസ്സിൻെറ പിന്നിലില്ലെന്നുമുള്ള മുൻവിധിയോടുകൂടി പ്രവത്തിച്ചതായി പറയപ്പെടുന്നു. എന്നാൽ ക്രിസ്ത്യാനികളിൽ ഒരു വിഭാഗം മാത്രമേ അദ്ദേഹത്തിനു വോട്ടുചെയ്തുള്ളൂ. കാരണം, അദ്ദേഹം ഉൾപ്പെട്ടുനില്ക്കുന്ന ക്രിസ്ത്യൻ സമുദായത്തിലെ രണ്ടു വിഭാഗങ്ങൾ തമ്മിൽ ഒരു സമുദായ ക്കേസിൽ വാദികളും പ്രതികളുമായതാണ്. കത്തോലി

ക്കാപത്രങ്ങളുടേയും, കമ്യൂണിസ്റ്റ്വിരുദ്ധമുന്നണിക്കാരുടേയും പ്രചരണരീതിയും പ്രകടനങ്ങളുമാണു് അസഹ്യമായിത്തീൎന്നിരിക്കുന്നതു്. രാഷ്ട്രീയകാൎയ്യങ്ങളെ ഒരു പള്ളിക്കാൎയ്യമായി അവർ അധഃപതിപ്പിച്ചിരിക്കുന്നു. കോൺഗ്രസ്സിന്റെ ദേശീയസ്വഭാവത്തെ വ്യഭിചരിപ്പിക്കുന്നതിൽ കത്തോലിക്കാപ്പത്രങ്ങളാണു് ഏററവും വലിയ പങ്കു നിൎവ്വഹിച്ചിട്ടുള്ളതു്. മതവെറി പിടിച്ച രാഷ്ട്രീയം വരുത്തിവയ്ക്കുന്ന നാശങ്ങളാണിവയെല്ലാം. പെട്ടി പൊളിക്കുമ്പോൾ തങ്ങൾക്കു ലജ്ജിക്കേണ്ടിവരുമെന്നും ജനങ്ങളുടെ വെറുപ്പിനു തങ്ങൾ പാത്രമാകുമെന്നും, തങ്ങളുടെ നുണകൾ വായിക്കാൻ ആളുകളെ കിട്ടുകയില്ലെന്നും ഈ നാട്ടിലെ പത്രങ്ങൾക്കു ഭയപ്പെടേണ്ട കാൎയ്യമില്ല. കാരണം, പത്രത്തിലെഴുതുന്നതെല്ലാം നുണയാണെന്നുള്ള വിശ്വാസത്തോടുകൂടിത്തന്നെയാണു് ഈ നാട്ടിലെ ജനങ്ങൾ പത്രങ്ങൾ വാങ്ങി വായിക്കുന്നതെന്നു് പത്രമുടമകൾക്കറിയാം. സത്യമെഴുതുന്ന പത്രങ്ങൾ ഇവിടെയെങ്ങും ഇല്ലാത്തതുകൊണ്ടു് നുണപ്പത്രങ്ങളെങ്കിലും വായിച്ചു ജിജ്ഞാസയടക്കാൻ ജനങ്ങൾ നിർബന്ധിതരായിത്തീരുന്നു. പത്രങ്ങളെ ഒരുതരം ഓന്തുകളായിട്ടാണു് നാട്ടുകാർ പരിഗണിക്കുന്നതു്. ഓന്തുകടിച്ചാൽ ഓതിയിറക്കാൻ കഴിയുമെന്നും അവർ വിശ്വസിക്കുന്നു.

പൊതുജീവിതത്തിൽ ധാൎമ്മികമൂല്യങ്ങൾക്കു് ഈ നാട്ടിൽ യാതൊരു സ്ഥാനവുമില്ലെന്നായിരിക്കുന്നു. അവസരസേവകന്മാരുടെ അഴിഞ്ഞാട്ടമാണു് ഇവിടത്തെ രാഷ്ട്രീയകാൎയ്യങ്ങളിൽ സൎവ്വത്ര കാണുന്നതു്. സൎക്കാർ സ്ഥാപനങ്ങളിൽ സത്യസന്ധതയും, കൃത്യബോധവും, സേവന

35745

മനോഭാവവും അധഃപതിച്ചിരിക്കുന്നു. പ്രസംഗമണ്ഡപങ്ങൾ വായാടികളുടെയും, വിടുവായന്മാരുടെയും, നുണയന്മാരുടെയും, പിത്തലാട്ടക്കാരുടെയും വിഹാരരംഗങ്ങളാണ്. പരസ്പരനിന്ദയും, പരദൂഷണവും, സംഭ്രമജനകങ്ങളായ ആരോപണങ്ങളും, വിദ്വേഷജനകങ്ങളായ പ്രചരണങ്ങളുംകൊണ്ട് മനുഷ്യഹൃദയങ്ങൾക്കു വേലികെട്ടുകയും, ബുദ്ധിശക്തിക്ക് ആണിതറയ്ക്കുകയും ചെയ്യുന്ന രാഷ്ട്രീയമാണിവിടെയുള്ളത്. പ്രാദേശികചിന്തകളും, കക്ഷിഭിന്നതകളും, വർഗ്ഗീയസ്പർദ്ധകളും കൊട്ടമ്പിരിക്കൊണ്ടു മുറുകി, കരകൾ കരകളോടും, വില്ലേജുകൾ വില്ലേജുകളോടും, താലൂക്കുകൾ താലൂക്കുകളോടും സമരനിലയിൽ വർത്തിക്കുന്ന ചിത്രമാണ് തെരഞ്ഞെടുപ്പുകാലങ്ങളിൽ കാണുന്നതു്. മുനിസിപ്പൽ തെരഞ്ഞെടുപ്പുകളിലും, പഞ്ചായത്തു തെരഞ്ഞെടുപ്പുകളിലും ഈ കിടമത്സരം അതിൻെറ നഗ്നമായ രൂപത്തിൽ പ്രകടമായിരുന്നു.

നാടിൻെറ വിജയത്തിനുവേണ്ടി വോട്ടുചെയ്യുവാനാണ് എല്ലാ പാർട്ടികളും നാട്ടുകാരോട് ആവശ്യപ്പെടുന്നതു്. അവരുടെ ഭാവനയിലുള്ള നാട്ട് തിരു-കൊച്ചിയോ, ഇൻഡ്യയോ അല്ല. ഒരു വിശാലസങ്കല്പത്തോടുകൂടി ഗ്രാമങ്ങളുടെ ഐക്യത്തെപ്പോലും അവർ വിവക്ഷിക്കുന്നില്ല. എല്ലാ പാർട്ടികളുടേയും ലക്ഷ്യം, കക്ഷിതാല്പര്യങ്ങളെ ജയിപ്പിക്കുക എന്നതുമാത്രമാണ്. ഗ്രാമങ്ങളിലെ പ്രശാന്ത ജീവിതത്തിൽപോലും, കക്ഷിമാത്സര്യവും, ശിഥില ചിന്താഗതികളും ഇന്നു രൂക്ഷതരമായിത്തീർന്നിട്ടുണ്ട്. കുടുംബസൌഭാഗ്യത്തെപ്പോലും രാഷ്ട്രീയവികാരങ്ങൾ വ്രണപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

35745

ബാധാവിഷ്ടമായ ഒരു ഭവനം പോലെ ഭയാനകമായിത്തീൎന്നിരിക്കുന്നു, ഇന്നത്തെ തിരു-കൊച്ചി. രാഷ്ട്രീയ മന്ത്രവാദികൾ നടത്തുന്ന കളകൎമ്മങ്ങളാണ് ഇവിടത്തെ തെരഞ്ഞെടുപ്പുകൾ. ആദർശപരമായ അന്ധവിശ്വാസത്തിലും, ആശയപരമായ അരാജകത്വത്തിലും, സാംസ്കാരികമായ ശൈഥില്യത്തിലും ജനാധിപത്യം എങ്ങനെ വളരും, ദേശീയവികാരങ്ങൾ എങ്ങനെ പുലരും?

തിരു-കൊച്ചിയുടെ രാഷ്ട്രീയരോഗത്തിന്, അതിന്റെ ഇന്നത്തെ നിലയിൽ കക്ഷിരാഷ്ട്രീയം ഒരു പ്രതിവിധിയാവുകയില്ല. ശിഥിലവാസനകളെ കൂടുതൽ കൂടുതൽ ഇളക്കിവിടാൻ മാത്രമേ അതു പ്രയോജകീഭവിക്കുകയുള്ളു. കോൺഗ്രസ്സ് ഇവിടെ നിലനില്ക്കുന്നിടത്തോളംകാലം ഒരു അഖിലകക്ഷിഗവൺമെൻറിനെ ഇതരകക്ഷികളോ, ജനവിഭാഗങ്ങളോ അനുകൂലിക്കുമെന്നും തോന്നുന്നില്ല.

ജനങ്ങളും, ഗവൺമെൻറും തമ്മിലുള്ള ഒരു സമരമായിരുന്നു ഇവിടെ നടന്ന തെരഞ്ഞെടുപ്പ്. ഭരണകക്ഷിയായ കോൺഗ്രസ്സിന്റെ ദുർഭരണവാഴ്ചയ്ക്ക് അറുതിവരുത്താനുള്ള ശ്രമത്തിൽ നിയമസഭയേയും, നിയമസഭയ്ക്കു വിധേയമായ ഉത്തരവാദഭരണത്തേയും അവയുടെ കരചരണങ്ങൾ ബന്ധിച്ചു ജനങ്ങൾ തടവിലാക്കുകയാണു് ചെയ്തിരിക്കുന്നതു്. കോൺഗ്രസ്സ് ഗവൺമെൻറിനെ അവർ പരാജയപ്പെടുത്തി.

"ഈ നിയമസഭയെ ഞങ്ങൾ ധിക്കരിക്കുന്നു. ഈ നിയമസഭയുടെ വിധിക്കെതിരായി ജനങ്ങളുടെ മുമ്പിൽ ഞങ്ങൾ അപ്പീൽ ബോധിപ്പിക്കും." എന്നു സത്യവാങ്

മൂലം, ചൊല്ലിക്കൊണ്ടു് കോൺഗ്രസ്സ്സക്കാർ പൊതുജനകോടതിയിൽ ആവലാതി ബോധിപ്പിച്ച കേസിൽ, "നിങ്ങൾക്കോ, നിങ്ങളെ തോല്പിച്ചവക്കോ ഞങ്ങളെ ഭരിക്കാൻ അർഹതയില്ല. അപ്പീൽ ചെലവുസഹിതം തള്ളിയിരിക്കുന്നു" എന്നാണു് ജനങ്ങൾ വിധിയെഴുതിയതു്.

യഥാത്ഥത്തിൽ, അരഡസൻ കക്ഷികളായി വിവിധചേരികളിൽ നില്ക്കുന്ന ഇവിടത്തെ വർഗ്ഗീയജന്മിമുതലാളിരാഷ്ട്രീയകക്ഷികൾക്ക് തിരു-കൊച്ചിയിലെ ജനങ്ങളെ ഭരിക്കാൻ അവകാശമില്ല; അർഹതയില്ല; അധികാരവുമില്ല. "ഈ കക്ഷിഭരണം മതിയായി; ഇനിയും അതു് ഒരടികൂടി മുന്നോട്ടുവയ്ക്കാൻ പാടില്ല." എന്ന അഭിപ്രായമാണു് വിവിധസ്വരങ്ങളിൽക്കൂടി ജനങ്ങൾ പ്രകടിപ്പിച്ചിരിക്കുന്നതു്.

ഏതായാലും തിരു-കൊച്ചി സംസ്ഥാനം കോൺഗ്രസ്സിനു നഷ്ടപ്പെട്ടുകഴിഞ്ഞു, കോൺഗ്രസ്സിനോടു് ഇവിടത്തെ ജനങ്ങൾ വിഭാഗീയമായിട്ടാണെങ്കിലും യാത്രപറഞ്ഞുകഴിഞ്ഞു. അഭിമാനത്തോടുകൂടി പിരിഞ്ഞുപോയാൽ, സൽക്കാരപ്രിയരും, സൗഹാർദ്ദശീലരുമായ ഈ നാട്ടുകാർ അതിഥികളെന്നനിലയിലെങ്കിലും നാളേയും അവരെ ഇവിടെ സ്വീകരിക്കും. കീഴ്പഴക്കങ്ങളും, പാരമ്പര്യങ്ങളും പറഞ്ഞുകൊണ്ടു് വീണ്ടും അധികാരസ്ഥാനങ്ങളിൽ നുഴഞ്ഞുകയറാനും, ദുർഭരണത്തിന്റെ പട്ടികകൾ വലിച്ചുനീട്ടാനുമാണു് ഇനിയും അവർ ശ്രമിക്കുന്നതെങ്കിൽ അതു് ഈ നാട്ടുകാരുടെ ക്ഷമയേയും സഹിഷ്ണുതയേയും സമരപാരമ്പര്യത്തേയും പരീക്ഷിക്കുന്ന ഒരു രാഷ്ട്രീയകയ്യേറ്റമായിരിക്കും.

സ്വാതന്ത്ര്യലബ്ധിയോടു കൂടി കോൺഗ്രസ്സ് സംഘടനയെ പിരിച്ചുവിടണമെന്ന് രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ആവശ്യപ്പെട്ടിരുന്നു. ഗാന്ധിജിയുടെ അനുയായികളെന്നഭിമാനിക്കുന്ന കോൺഗ്രസ്സുകാർ തന്നെയാണ് അദ്ദേഹത്തിൻെറ ആ ഉപദേശത്തെ ധിക്കരിച്ചതു്. തിരു-കൊച്ചിയിലെ ജനങ്ങൾ നല്കിയ പ്രതികൂലവിധിയുടെ പശ്ചാത്തലത്തിൽ, കോൺഗ്രസ്സ് സംഘടനയുടെ പ്രവൎത്തനം ഈ നാട്ടിൽ അവസാനിപ്പിക്കുകയും, ഇവിടത്തെ പ്രദേശ്കോൺഗ്രസ്സ് കമ്മററിയേയും, കോൺഗ്രസ്സ് നിയമസഭാകക്ഷിയേയും പിരിച്ചു വിടുകയും ചെയ്യേണ്ടതു് ഇന്ന് അവരുടെ ധാൎമ്മികമായ ഒരു കടമയായിത്തീൎന്നിരിക്കുന്നു. അങ്ങനെ ചെയ്താൽ ഇവിടത്തെ രാഷ്ട്രീയജീവിതത്തിനു താല്ക്കാലികമായിട്ടെങ്കിലും ഒരു പരിശുദ്ധിയുണ്ടാവുകയും, കോൺഗ്രസ്സ് വിദ്വേഷത്തിന് ഒരു ശമനമുണ്ടാവുകയും, കക്ഷിരഹിതമായ ഒരു ഗവൎമ്മെൻറുണ്ടാകുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ നിയമസഭയ്ക്കകത്തും പുറത്തും സംജാതമാവുകയും ചെയ്യുന്നതാണ്. കക്ഷിരാഷ്ട്രതന്ത്രത്തിൽ മുഴുകിയിരിക്കുന്ന കോൺഗ്രസ്സ നേതാക്കളിൽ അല്പമെങ്കിലും ധൎമ്മബോധം അവശേഷിച്ചിട്ടുണ്ടെങ്കിൽ അഭിമാനകരമായ ഈ കൎത്തവ്യത്തിൽ നിന്ന് അവർ പിന്മാറുകയില്ല.

ഒരു കക്ഷിരഹിതഗവൎമ്മെൻറു നാട്ടിലെ തൊഴിലില്ലായ്മയ്ക്കു ശമനമുണ്ടാക്കുന്നതിനും, അല്പശമ്പളക്കാരായ അദ്ധ്യാപകന്മാരുടേയും ഉദ്യോഗസ്ഥന്മാരുടേയും അവശതകൾ പരിഹരിക്കുന്നതിനും, മിനിമം വേജസ് ആക്ട് തുടങ്ങിയ തൊഴിൽനിയമങ്ങൾ കർശനമായി നടപ്പിൽ

വരുത്തുന്നതിനും, കൃഷിക്കാർ, വ്യാപാരികൾ, ഇടത്തരക്കാർ, ബുദ്ധിജീവികൾ തുടങ്ങി അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്നതിനും പര്യാപ്തമായ സത്വരനടപടികൾ കക്ഷിചിന്തകൾ കൂടാതെ കൈക്കൊള്ളേണ്ടതാണ്. വിദ്യാഭ്യാസം, ഗതാഗതം, ജലസേചനം, ഗ്രാമോദ്ധാരണം, പൊതുജനാരോഗ്യം ആദിയായ രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളിലും ഒരു സഹകരണബുദ്ധിയോടുകൂടി എല്ലാ കക്ഷികളും പ്രവർത്തിക്കണം. പഞ്ചവത്സരപദ്ധതിയെ കക്ഷിചിന്തകൾക്കതീതമായി വീക്ഷിക്കുകയും, ആ പദ്ധതി നടപ്പിൽ വരുത്തുന്നതിൽ പരമാവധി സഹകരിക്കുകയും ചെയ്യേണ്ടതാണ്. ഭൂഉടമസമ്പ്രദായം പരിഷ്കരിച്ച്, കൃഷിക്കാരനു ഭൂമി നൽകാനുള്ള ധീരമായ നടപടികൾ കൈക്കൊള്ളുകയെന്നതും അടിയന്തിരമായ ഒരു കർത്തവ്യമാണ്. ദേശീയബോധം മണ്ണിൽ നിന്നാണു വളരുന്നതെന്നും നാട്ടിലെ മണ്ണിൽ ഉറച്ചു നില്ക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടവൻെറ ഹൃദയത്തിൽ ദേശീയത കുത്തിവെയ്ക്കാൻ സാദ്ധ്യമല്ലെന്നും പ്രസക്തകക്ഷികളെല്ലാം ഓർമ്മിക്കണം.

സാമൂഹ്യവും, സാംസ്കാരികവുമായ രംഗങ്ങളിൽ ഒരു ദേശീയപുനരുദ്ധാരണപദ്ധതിയനുസരിച്ച് ഫലപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തുകയും, ഒരു ഐക്യകേരളസംസ്ഥാനം രൂപീകരിച്ച്, കേരളീയരുടെ ദേശാഭിമാനത്തെ പുനഃസംഘടിപ്പിക്കുവാൻ ഇന്ത്യാഗവർമ്മെൻറു നിയമിച്ചിട്ടുള്ള അതിർത്തി കമ്മീഷന മുമ്പാകെ ഏക സ്വരത്തിൽ ആവശ്യപ്പെടുകയും, അതിനുവേണ്ടി രാജ്യവ്യാപകമായ പ്രചരണം നടത്തുന്ന

തിൽ സംസ്കാരസമ്പന്നന്മാരുടേയും, ചരിത്രപണ്ഡിതന്മാരുടേയും, പത്രപ്രവർത്തകരുടേയും, സാഹിത്യകാരന്മാരുടേയും സഹകരണം പരമാവധി നേടുകയും ചെയ്യേണ്ടതു് കക്ഷിരഹിതഗവർമ്മെൻറിൻെറ സർവ്വപ്രധാനമായ ചുമതലയായിരിക്കണം.

തിരു-കൊച്ചിയുടെ രാഷ്ട്രീയരോഗത്തിനു ശാശ്വതമായ പ്രതിവിധി ഒരു കേരളസംസ്ഥാനരൂപീകരണവും, കേരളത്തിൻെറ ദേശീയതയിൽ അടിയുറച്ചു നില്ക്കുന്ന ഒരു പുതിയ ദേശീയകക്ഷിയുടെ പ്രവർത്തനവുമാണു്. കേരളാസോഷ്യലിസ്റ്റ്പാർട്ടി ഒരു കേരളാറിപ്പബ്ലിക്കിനുവേണ്ടിയാണു നിലകൊള്ളുന്നതു്. ഇന്ത്യൻഭരണഘടനയുടെ നാലതിരുകൾക്കുള്ളിൽ അപ്രകാരമൊരു റിപ്പബ്ലിക്കു രൂപവൽക്കരിക്കാൻ സാദ്ധ്യമല്ലെന്നു മാത്രമല്ല; അങ്ങനെയൊരു റിപ്പബ്ലിക്കുണ്ടായാൽ തന്നെയും, സാർവ്വദേശീയസ്ഥിതിഗതികളിൽ ആവിർഭവിച്ചിരിക്കുന്ന അക്രമവാസനകളുടേയും, സാമ്രാജ്യതൃഷ്ണകളുടേയും; സർവ്വാധിപത്യാശയങ്ങളുടേയും ഇന്നത്തെ ക്രൂരമായ ചുററുപാടുകളിൽ കേരളത്തെ രാജ്യരക്ഷാപരമായും, സാമ്പത്തികമായും അരക്ഷിതമാക്കിത്തീർക്കുന്ന സാഹസികമായ ഒരു പരീക്ഷണമായിരിക്കും അതു്. ഭാഗ്യവശാൽ ഇന്ത്യയിൽ ഉറച്ച ഒരു ദേശീയഗവർമ്മെൻറു് ഇന്നുണ്ടു്; ജനാധിപത്യപരമായ ഒരു ഭരണഘടനയും നമുക്കുണ്ടു്. ആ ഭരണഘടനയ്ക്കുള്ളിൽ ഒരു കേരളസംസ്ഥാനത്തിൻെറ ആവിർഭാവം സർവ്വഥാ സമുചിതവും ശ്രേയസ്കരവുമായിരിക്കും.

കേരളസംസ്ഥാനത്തിൻെറ രൂപവല്ക്കരണത്തിനോ, ആ സംസ്ഥാനത്തിൻെറ ഭരണനടത്തിപ്പിനോ നേതൃത്വം

നല്കാൻ കോൺഗ്രസ്സ് ഒരു കക്ഷിയെന്ന നിലയിൽ സ്വാഭാവികമായി തന്നെ അനർഹമായിത്തീർന്നിരിക്കുകയാണ്. തിരു-കൊച്ചി സംയോജനം ഐക്യകേരളത്തിന്റെ മുന്നോടിയാണെന്ന് പ്രചരണം നടത്തിയ കോൺഗ്രസ്സുകാർ കേരളീയരുടെ പ്രിയതരമായ ആശകളേയും, വിശ്വാസങ്ങളേയും ഇതുവരെ വഞ്ചിക്കുകയും, തിരു-കൊച്ചിയിൽ അങ്ങോളമിങ്ങോളം ദേശീയചൈതന്യത്തേയും, ജനങ്ങളുടെ ഐക്യബോധത്തേയും ശിഥിലീകരിച്ച കക്ഷിരാഷ്ട്രീയത്തിൽ അടിമുടി മുഴുകുകയും, ജനങ്ങളാൽ ശപിക്കപ്പെട്ട് രാഷ്ട്രീയതയുടെ പാതാളഗർത്തങ്ങളിലേയ്ക്കു ചവിട്ടിത്താഴ്ത്തപ്പെടുകയും ചെയ്തിരിക്കുകയാണ്.

സാർവ്വദേശീയകമ്യൂണിസത്തിനു വേണ്ടി നിലകൊള്ളുന്ന കമ്യൂണിസ്റ്റ് പാർട്ടിയും കേരളീയക്ക് ഒരു പുതിയ ദേശീയ ചൈതന്യം നൽകുവാനോ, കേരളത്തിന്റെ വിജയത്തിനു വേണ്ടി ഉററു ശ്രമിക്കുവാനോ കഴിവില്ലാത്തതായിത്തീർന്നിരിക്കുന്നു. ഐക്യകേരളത്തിനെതിരായി 500 വാക്കുകളടങ്ങിയ സന്തപ്തസന്ദേശം രചിച്ച ശ്രീ പട്ടത്തിന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് പാർട്ടിയും കേരളീയരുടെ ചിരാഭിലാഷം നിറവേററുകയില്ല. ഇക്കാര്യത്തിൽ ആർ. എസ്. പി-യുടെ നിലയും പരുങ്ങലിലാണ്. കേരളത്തിന്റെ മണ്ണിൽ ഉറച്ചു നില്ക്കുന്ന ഒരു പുതിയ ദേശീയബഹുജനപ്രസ്ഥാനമാണ് ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നതു്. രാഷ്ട്രീയസഹാറാകളിൽ വിഹരിക്കുകയും, മരുമരീചികകളിലേയ്ക്കു ജനങ്ങളെ നയിക്കുകയും ചെയ്യുന്ന ഇവിടത്തെ രാഷ്ട്രീയകക്ഷികൾ അവരുടെ പാപ്പരത്തം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു.

കേരളം ഒന്നാകണം; മലയാളികൾക്ക് അവരുടേതായ ഒരു നാട്ടുണ്ടാകണം; മലനാടിൻെറ മണ്ണിൽ ഉറച്ചു നിന്നുകൊണ്ടു് ഹിമാലയത്തിൻെറ ഉന്നതശൃംഗങ്ങളിലേയ്ക്കു ശിരസ്സുയർത്തുന്ന ഒരു കേരളീയജനത മാത്രമേ ഇന്ത്യൻയൂണിയൻെറ വിറയ്ക്കുന്ന പാദമായിത്തീർന്നിരിക്കുന്ന ഇന്നത്തെ തിരു-കൊച്ചിയുടെ രാഷ്ട്രീയരോഗത്തിനു ശാശ്വതമായ പ്രതിവിധി നൽകുകയുള്ളൂ.

KOTTAYAM PUBLIC LIBRARY
KOTTAYAM

# 5

# പട്ടാഭിഷേകം!

# 5

പ്രതീക്ഷിച്ചതു സംഭവിച്ചു; പക്ഷേ പ്രതീക്ഷിച്ച രീതിയിലല്ല അതു സംഭവിച്ചതു്.

1954 മാർച്ചു് 16-ാംനു- തിരു-കൊച്ചിയിൽ ഒരു "പട്ടാഭിഷേകം" തന്നെ നടന്നു. ശ്രീ പട്ടം താണുപിള്ള വീണ്ടും മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. തിരു-കൊച്ചിയിൽ ഒരു തനി പി. എസ്. പി. മന്ത്രിസഭ രൂപീകരിക്കുവാൻ വേണ്ടി പട്ടം മുന്നോട്ടു വന്നതായുള്ള വാർത്ത കാട്ടുതീ പോലെയാണു നാട്ടിൽ പരന്നതു്. ജനങ്ങൾ അമ്പരന്നുപോയി.

ആറു കൊല്ലങ്ങൾക്കു മുമ്പു് ഈ നേതാവു തന്നെ ഒരു മൂന്നംഗമന്ത്രിസഭയെ ഭരണമണ്ഡപത്തിലേയ്ക്കു നയിച്ച അഭിമാനോജ്ജ്വലമായ രംഗം ജനങ്ങൾ സ്മരിച്ചു. "ആ ചിത്രവും, ഈ ചിത്രവും! കഷ്ടം! കഷ്ടം!" ഇത്തരത്തിലുള്ള ഒരു പട്ടാഭിഷേകം നടന്നു കാണണമെന്നു് അവർ ആഗ്രഹിച്ചതല്ല. ശ്രീ പട്ടവും ആഗ്രഹിച്ചിരുന്നതല്ല. എന്നാൽ, അതു സംഭവിക്കുക തന്നെ ചെയ്തു.

ശ്രീ പട്ടം, ഒരു ഡിക്ടേററാണെന്ന നിലയിൽ ഭരണം നടത്തിയാൽ തന്നെയും, അദ്ദേഹത്തിൻെറ പല്ലക്കു ചുമക്കുവാൻ കഴുത്തു കാണിച്ചുകൊടുക്കുന്നതു് അഭിമാനകരമായ ഒരവകാശവും, ധാർമ്മികമായ ഒരു ചുമതലയുമാണെന്നു കരുതുന്ന പൗരന്മാർ ഈ നാട്ടിലുണ്ടു്. അവക്കു പോലും, തങ്ങളുടെ അഭിവന്ദ്യനേതാവിൻെറ പുതിയ മുഖ്യമന്ത്രിപദത്തെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യാൻ കഴിയുമോ?

മൂന്നു ദിവസമെങ്കിലും ശ്രീ പട്ടം മുഖ്യമന്ത്രിയായിരുന്നു കാണാൻ കൊതിച്ചിരുന്ന ലക്ഷക്കണക്കായ ജനങ്ങൾ, തങ്ങളുടെ ആരാധനാമൂർത്തിയുടെ വ്യക്തിത്വം ഇത്തരത്തിലുള്ള ഒരു മുഖ്യമന്ത്രിയെ ആവിഷ്കരിക്കുമെന്നു്, സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല.

ദശമുഖരാവണനെ നിഗ്രഹിച്ചു്, രാക്ഷസകുലത്തിൻെറ വംശവിച്ഛേദം വരുത്തി, അയോദ്ധ്യാപുരിയിലേയ്ക്കു ജൈത്രയാത്ര ചെയ്യുമെന്നു പ്രതീക്ഷിക്കപ്പെട്ട ശ്രീരാമചന്ദ്രൻ ഒരു സുപ്രഭാതത്തിൽ, രാവണകുംഭകർണ്ണന്മാരുടെ സഹകരണവും, രാക്ഷസപ്പടയുടെ പിൻതുണയും ആർജ്ജിച്ചുകൊണ്ടു, തൻെറ പട്ടാഭിഷേകം നടത്തിയിരുന്നുവെങ്കിൽ, ആ കഥാപുരുഷൻ പൊതുജനദൃഷ്ടിയിൽ എത്രമാത്രം അധഃപ്പതിക്കുമായിരുന്നുവോ, അത്രമാത്രം ശ്രീ പട്ടവും അദ്ദേഹത്തിൻെറ ഒരു വിഭാഗം ആരാധകരുടെ മുമ്പിൽ അധഃപ്പതിക്കുവാൻ ഇടയായതു് രാഷ്ട്രീയകാര്യങ്ങളിലും 'ന്യൂട്ടൻെറ സിദ്ധാന്തം' പ്രവർത്തിക്കുന്നുവെന്നുള്ളതിനു് അസന്ദിഗ്ദ്ധമായ ഒരു തെളിവാണു്.

യാതൊരു കക്ഷിക്കും ഒററയ്ക്കു ഭരിക്കാനുള്ള അവ

കാശം 1954 ഫെബ്രുവരിയിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ജനങ്ങൾ നല്കിയിരുന്നില്ല. എന്നാൽ 118 അംഗങ്ങളുള്ള നിയമസഭയിൽ 19 പേരുടെ പ്രാതിനിധ്യം മാത്രമുള്ള പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാവ്, ആ നിലയിൽ ഒരു കക്ഷിമന്ത്രിസഭ രൂപീകരിക്കാൻ ഒരുങ്ങിയപ്പോൾ സ്വന്തം വ്യക്തിതാല്പര്യങ്ങൾക്കും, കക്ഷിതാല്പര്യങ്ങൾക്കും വേണ്ടി ജനാഭിലാഷത്തെ ധിക്കരിച്ച ഒരു ന്യൂനപക്ഷത്തലവനെയാണ് ജനങ്ങൾ ദർശിച്ചത്. 45 അംഗങ്ങളുള്ള കോൺഗ്രസ്സ് പാർട്ടിയുടെ നേതാവായ ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ പി. എസ്. പി. മന്ത്രിസഭയ്ക്കു് "പൊതുവായും, ഓരോ സന്ദർഭത്തിൽ യുക്തമായ പരസ്പരധാരണകളുടേയും ചർച്ചകളുടേയും അടിസ്ഥാനത്തിലും" ഉള്ള സഹകരണം നല്കുന്നതാണെന്നു പരസ്യമായി പ്രഖ്യാപിച്ചു. അങ്ങനെ, കോൺഗ്രസ്സിൻെറ പിൻതുണയോടു കൂടി "ഭദ്രമായ ഭരണം" നടത്താമെന്നു് ആശിച്ചു കൊണ്ടാണ് ശ്രീ പട്ടം അധികാരമേറെറടുത്തതു്.

"കോൺഗ്രസ്സിനെ എതിർത്തു തോല്പിക്കുക" എന്ന അടിസ്ഥാനത്തിൽ ഐക്യമുന്നണിക്കക്ഷികളുമായി ചേൎന്നു് നിയമസഭയിൽ ജോൺമന്ത്രിസഭയുടെ വിശ്വാസപ്രമേയത്തിനെതിരായി വോട്ടു ചെയ്യുകയും, അതിനുശേഷം നടന്ന പൊതുതെരഞ്ഞെടുപ്പിൽ മുന്നണിക്കക്ഷികളുമായി ഒരു പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ ത്രികോണമത്സരം ഒഴിവാക്കിക്കൊണ്ടു് കോൺഗ്രസ്സിനെതിരായി സമരം നടത്തുകയും ചെയ്ത പി. എസ്. പി-യും, അതിൻെറ നേതാവും തെരഞ്ഞെടുപ്പിനു ശേഷം, മുന്നണിയിൽ നിന്നു തെററിപ്പിരിഞ്ഞു് കോൺഗ്രസ്സ് യജമാന

ന്മാരുടെ രാഷ്ട്രീയശേവുകവൃത്തി സ്വീകരിക്കുവാൻ എങ്ങനെ തയ്യാറായി എന്നു നാട്ടുകാർ ചോദിച്ചു. "കോൺഗ്രസ്സിനിഷ്ടമില്ലാത്ത എന്തെങ്കിലും പരിപാടി ശ്രീ പട്ടത്തിന്റെ നേതൃത്വത്തിലുള്ള പി. എസ്. പി. മന്ത്രിസഭയ്ക്കു നടപ്പിൽ വരുത്താൻ കഴിയുമോ? പി. എസ്. പി. പിൻതുണ നല്കുന്ന സർവ്വോദയപരിപാടിയുടെ അടിസ്ഥാനത്തിൽ ഒരു ബില്ലെങ്കിലും നിയമസഭയിൽ അവതരിപ്പിക്കാൻ അവക്കു സാധിക്കുമോ? ഭൂനയപ്രശ്നത്തിൽ ഒന്നു സ്പർശിക്കാൻപോലും കോൺഗ്രസ്സ് ജെയ്ലർമാർ പി. എസ്. പി. തടവുപുള്ളികളെ അനുവദിക്കുമോ? ശ്രീ പനമ്പിള്ളിയുടെ വിദ്യാഭ്യാസപദ്ധതിയെങ്കിലും മുന്നോട്ടു കൊണ്ടു പോകാൻ കോൺഗ്രസ്സിലെ പിൻതിരിപ്പന്മാർ പ്രതിബന്ധമായി നില്ക്കുകയില്ലേ? ഒരു തരത്തിൽ, കോൺഗ്രസ്സ് നേരിട്ടു ഭരിക്കുന്നതിനെക്കാറം പി. എസ്. പി-യെക്കൊണ്ടു ഭരിപ്പിക്കുന്ന ഏർപ്പാട് കൂടുതൽ ഭീകരമല്ലേ? പനമ്പിള്ളി ഒരു വര വരച്ചിട്ട് അതിനപ്പുറം കടക്കരുതെന്നു വരുതി കൊടുത്താൽ, ആ കല്പന അക്ഷരം പ്രതി അനുസരിക്കാനല്ലാതെ പി. എസ്. പി. നേതാവിനു കഴിയുമോ? എന്തൊരു ഗതികേടാണിതു്!" ജനാധിപത്യത്തിന്റേയും, കക്ഷിഭരണത്തിന്റേയും സവ്വനാഡികളേയും തളത്തി മരവിപ്പിക്കുന്ന "പനമ്പിള്ളിപ്ലാനാണു" പട്ടം മന്ത്രിസഭയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടതു്.

പി. എസ്. പി-യുടെ നാഷനൽ എക്സിക്യൂട്ടീവ് മദ്രാസിൽ സമ്മേളിച്ച് ദീർഘമായ ആലോചനകറക്കു ശേഷം കൂട്ടു ചേരാത്ത ഒരു തനി പി. എസ്. പി. മന്ത്രിസഭ രൂപീകരിക്കാൻ ശ്രീ പട്ടത്തിന് അനുവാദം നല്കി.

നാഷനൽ എക്സിക്യൂട്ടിവിൻെറ ആ തീരുമാനത്തെപ്പററിയുള്ള പ്രത്യാഘാതമെന്താണെന്ന് അന്നു രാത്രി തന്നെ ഒരു സൗഹാർദ്ദസദസ്സിൽ വെച്ച് ശ്രീ പനമ്പിള്ളി ഒരു പൊതുചോദ്യം ഉന്നയിക്കയുണ്ടായി. "ഇതെല്ലാം പനമ്പിള്ളിയുടെ വേലയാണെന്നാണ് ജനങ്ങൾ പറയുന്നതു്" എന്നു അവിടെയുണ്ടായിരുന്ന ഒരാൾ അദ്ദേഹത്തെ അറിയിച്ചപ്പോൾ; ആന മദം പൊട്ടി എതിരേ വന്നാലും ക്ഷോഭിക്കാത്ത പനമ്പിള്ളിയുടെ ആ കട്ടത്ത മുഖത്തു് പെട്ടെന്ന് ഒരു ഭാവഭേദം നിഴലിച്ചു. "ആരു് എന്തു ചെയ്താലും അതിൻെറ ഖ്യാതി മുഴുവൻ നിങ്ങൾക്കാണല്ലോ" എന്ന് അവിടെയുണ്ടായിരുന്ന ശ്രീ കളത്തിൽ വേലായുധൻനായർ വിമർശിച്ചു. ശ്രീ ടി. എം. വർഗ്ഗീസും കളത്തിലിൻെറ അഭിപ്രായത്തോടു മിക്കവാറും യോജിച്ചു. "പി. എസ്. പി. മന്ത്രിസഭയെ കാൺഗ്രസ്സ് പിന്താങ്ങുമോ?" എന്ന് അവിടെയുണ്ടായിരുന്ന സുപ്രസിദ്ധനായ ഒരു കലാകാരൻ പനമ്പിള്ളിയോടു ചോദിച്ചു. "കാമത്തിനു കണ്ണില്ലല്ലോ" എന്നായിരുന്നു കോൺഗ്രസ്സ് നേതാവിൻെറ മറുപടി. നാഷനൽ എക്സിക്യൂട്ടിവ് എടുത്ത തീരുമാനത്തിൻെറ പശ്ചാത്തലത്തിൽ ഭാവിപരിപാടിയെപ്പററി ആലോചിക്കാൻ ശ്രീ കെ. പി. മാധവൻനായർ, ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ, ശ്രീ എ. ജെ. ജോൺ എന്നിവർ ഉൾപ്പെട്ട ഒരു മൂന്നംഗക്കമ്മററി അന്നു രാത്രി സമ്മേളിക്കാൻ വെച്ചിരുന്നു. അതിനു മുമ്പ് വർഗ്ഗീസ്, പനമ്പിള്ളി, കളത്തിൽമാരുടെ ഒരു രഹസ്യാലോചന നടന്നു. മൂന്നംഗക്കമ്മററിയുടെ ചർച്ചകളിൽ വർഗ്ഗീസിനു പങ്കുകൊള്ളണമെന്നു നിർബന്ധമായിരുന്നു. അദ്ദേഹം കള

ത്തിലിനേയും വിളിച്ചു. "ഞാൻ സാറിൻെറ വലത്തേ പോക്കററിലുണ്ട്." എന്നായിരുന്നത്രേ കളത്തിലിൻെറ മറുപടി. (ടി. എം. വർഗ്ഗീസിൻെറ കൊട്ടുവടി മന്ത്രിയെന്നും, പാക്കററുമന്ത്രിയെന്നുമാണ് കളത്തിൽ അറിയപ്പെട്ടുന്നത്.) മൂന്നംഗക്കമ്മെററിയിൽ വർഗ്ഗീസ് നാലാമത്തെ അംഗമെന്ന നിലയിൽ ,പങ്കുകൊള്ളുകയുണ്ടായി. എവിടെ കുഴപ്പമുണ്ടോ അവിടെ വർഗ്ഗീസിനേയും കാണുകയെന്നതു് തിരു-കൊച്ചിയിലെ രാഷ്ട്രീയകാര്യങ്ങളിൽ ഒരു പതിവായിത്തീൎന്നിട്ടുണ്ട്. കർട്ടന്റെ പുറകിൽ നിന്നുകൊണ്ടാണ് അദ്ദേഹം കാര്യങ്ങൾ ഒപ്പിക്കുന്നതെന്നു മാത്രം. അങ്ങനെ മൂന്നംഗക്കമ്മെററി യഥാൎത്ഥത്തിൽ നാലംഗക്കമ്മെററിയായിരുന്നു. ശ്രീ പട്ടം വീണ്ടും മുഖ്യമന്ത്രിയായി വരാൻ കോൺഗ്രസ്സ് ഒരിക്കലും സമ്മതിക്കരുതെന്ന് വർഗ്ഗീസും, ഏ. ജെ. ജോണും ശക്തിയായി വാദിച്ചു. കെ. പി. മാധവൻ നായരും, പനമ്പിള്ളിയും പട്ടത്തിൻെറ നേതൃത്വത്തിലുള്ള ഒരു മന്ത്രിസഭയെ കോൺഗ്രസ്സ് പിൻതാങ്ങണമെന്നുള്ള അഭിപ്രായക്കാരായിരുന്നു. പട്ടത്തിനെ മുഖ്യമന്ത്രിപദത്തിൽ ഇരുത്തിയശേഷം അദ്ദേഹത്തെ നിർവീൎയ്യനാക്കിത്തീൎക്കാനുള്ള "പനമ്പിള്ളിപ്ലാൻ" പൊതുവേ അംഗീകരിച്ചുകൊണ്ടാണ് അന്നത്തെ യോഗം പിരിഞ്ഞതു്. ശ്രീ പട്ടം മുഖ്യമന്ത്രിയായാൽ അദ്ദേഹം തന്നോട്ടു പക വീട്ടുമെന്നായിരുന്നു വർഗ്ഗീസിൻെറ ഭയം. ആരു കൊല്ലം മുമ്പു് പട്ടത്തിനെതിരായി നടന്ന "ഒപ്പിയാൻരാഷ്ട്രീയ"ത്തിൻെറ സൂത്രധാരൻ തൻെറ വലത്തേ പോക്കററിൽ മറെറാരു പദ്ധതി സൂക്ഷിച്ചിരുന്നു. കോൺഗ്രസ്സു തന്നെ മന്ത്രിസഭ രൂപീകരിക്കണമെന്നും, പി. എസ്. പി-യിൽ

നിന്ന് ഏതാനുംപേരെ "ആദായ"പ്പെടുത്തി മാർഗ്ഗം ക്ലട്ടാൻ കഴിയുമെന്നും നിർദ്ദേശിക്കുന്ന ഒരു പദ്ധതിയായിരുന്നു അതു്. ഏ. ജെ.ജോണും അതിനെ അനുകൂലിച്ചു. പക്ഷെ, ഇത്ര ഹീനമായ ഒരു രാഷ്ട്രീയത്തട്ടിപ്പിന് നെഹ്റുവിൻെറ സമ്മതം ലഭിക്കുകയില്ല എന്ന് മാധവൻനായർ തീർത്തുപറയുകയും, ജാൺ-വർഗ്ഗീസ് തന്ത്രത്തെ നിരുത്സാഹപ്പെടുത്തുകയുമാണുണ്ടായതു്. ഏതായാലും ഒരു കാര്യം വ്യക്തമായിരുന്നു. കോൺഗ്രസ്സ് പി. എസ്. പി. ക്കു നൽകുമെന്ന് പനമ്പിള്ളി പിന്നീട്ട വാഗ്ദാനംചെയ്ത "പൊതുവായ പിൻതുണ" ശ്രീ പട്ടത്തിനേയും, അദ്ദേഹത്തിൻെറ പി. എസ്. പി. മന്ത്രിസഭയേയും തേജോവധം ചെയ്യുന്നതിനുള്ള ഒരു ഉറപ്പുമാത്രമായിരുന്നു. ഭയങ്കരമായ ഒരു ചതിയും സംഭ്രമജനകമായ ഒരു ഗൂഢാലോചനയും തൻെറ പുറകിൽ രൂപം പ്രാപിക്കുകയാണെന്നറിയാതെയാണ് ശ്രീ പട്ടം വസ്തുവിനെ വിട്ട് നിഴലിൽ പിടികൂടുകയും, 19 അംഗങ്ങളുടെ പ്രാതിനിധ്യം മാത്രമുള്ള പി. എസ്. പി. മന്ത്രിസഭയുമായി 118 അംഗങ്ങളുള്ള നിയമസഭയിൽ ഒരു രാഷ്ട്രീയയോഗാഭ്യാസത്തിനു തയ്യാറാവുകയും ചെയ്തതു്.

തിരു-കൊച്ചിയിലെ രാഷ്ട്രീയകാര്യങ്ങൾ മിക്കപ്പോഴും യദൃച്ഛാസംഭവങ്ങളെ ആശ്രയിച്ചിരിക്കുന്നു. "ഞാൻ ഒരു രാഷ്ട്രീയപ്രവർത്തകനായതുതന്നെയും യാദൃച്ഛികമായിട്ടാണു്" എന്ന് ഒരു ഉയർന്ന നേതാവു് എന്നോടു് ഒരിക്കൽ പറയുകയുണ്ടായി. ഒരു ശാസ്ത്രജ്ഞനായിത്തീരണമെന്നാണു് അദ്ദേഹം ആഗ്രഹിച്ചതു്. അദ്ദേഹം നല്ല ഒരു

സാഹിത്യരസികനുമാണ്. പക്ഷേ, പരിതസ്ഥിതികൾ അദ്ദേഹത്തെ ഒരു രാഷ്ട്രീയപ്രവർത്തകനാക്കിത്തീർക്കുകയാണുണ്ടായത്. ഓരോ കാര്യവും, ഓരോ അവസരത്തിൽ ഓരോ തരത്തിൽ വന്നു ഭവിക്കുന്നു എന്നല്ലാതെ എന്തെങ്കിലും കാര്യം എങ്ങനെ വരുമെന്നോ, എപ്പോൾ വരുമെന്നോ സകലതും ആകസ്മികത്തെ ആശ്രയിച്ചിരിക്കുന്ന തിരു-കൊച്ചിയിൽ ആർക്കും ഊഹിക്കാവുന്നതല്ല. തത്വദീക്ഷയുടേയോ, ആദർശനിഷ്ഠയുടേയോ അടിസ്ഥാനത്തിലല്ല ഇവിടെ രാഷ്ട്രീയകാര്യങ്ങൾ പുരോഗമിക്കുന്നത്. സകലതും ഒരു "എങ്കിലിന്റെ" അടിസ്ഥാനത്തിലാണ്. ഈ "എങ്കിൽ രാഷ്ട്രീയ"ത്തിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ ഒരു പൊതുതെരഞ്ഞെടുപ്പുതന്നെയും നടന്നത്. ഏ. ജെ. ജോൺ വിശ്വാസപ്രമേയം അവതരിപ്പിച്ചപ്പോൾ പി. എസ്. പി. പിൻതുണ നൽകിയിരുന്നുവെങ്കിൽ ജോൺമന്ത്രിസഭ തുടർന്നു ഭരിക്കുമായിരുന്നു. വിശ്വാസപ്രമേയം പരാജയപ്പെടുകയാണെങ്കിൽ മററാരെയും ഭരിക്കാൻ അനുവദിക്കാതെ ജനങ്ങളുടെ മുമ്പിൽ അപ്പീൽ ബോധിപ്പിക്കേണ്ടതു് കോൺഗ്രസ്സിന്റെ ആവശ്യമായിരുന്നു. പൊതുതെരഞ്ഞെടുപ്പിൽ ജനങ്ങളുടെ വിധി കോൺഗ്രസ്സിന് അനുകൂലമല്ലാതാവുകയാണെങ്കിൽ പി. എസ്. പി. യെക്കൊണ്ട് മന്ത്രിസഭ രൂപീകരിപ്പിച്ച് കോൺഗ്രസ്സിന്റെ ഇഷ്ടംപോലെ ഭരണകാര്യങ്ങൾ നടത്തേണ്ടതും അവരുടെ ആവശ്യമായിരുന്നു. ഈ "എങ്കിൽ രാഷ്ട്രീയ"ത്തിനുവേണ്ടി ജനങ്ങളെ ഏതു വിധത്തിലും ഉപയോഗിക്കാൻ കഴിയുമെന്നാണ് കോൺഗ്രസ്സുകാർ കരു

ുന്നതു്. യഥാൎത്ഥത്തിൽ ഒരു പി. എസ്. പി. മന്ത്രിസഭ ഭരിക്കുകയും, കോൺഗ്രസ്സ് അതിനെ പിൻതാങ്ങുകയും ചെയ്യുക എന്ന ഉദ്ദേശ്യം കോൺഗ്രസ്സുകാൎക്കോ, പി. എസ്. പി.ക്കോ നേരത്തെ ഉണ്ടായിരുന്നു എങ്കിൽ ഈ പൊതുതെരഞ്ഞെടുപ്പൊന്നും ആവശ്യമില്ലായിരുന്നു. ജനങ്ങളുടെ മുമ്പിൽ അപ്പീലും ആവലാതിയുമൊന്നും ബോധിപ്പിക്കാതെ തന്നെ പി. എസ്. പി. നേതാവിനെക്കൊണ്ടു് മന്ത്രിസഭ രൂപീകരിപ്പിച്ചു് ഭരണം നടത്തിക്കാൻ ഏ. ജെ. ജോണിനും കൂട്ടൎക്കും കഴിയുമായിരുന്നില്ലേ? "പിണങ്ങെസ്പി"യെന്നുള്ള പനമ്പള്ളിയുടെ പരിഹാസത്തിനു പാത്രമായ പ്രജാ സോഷ്യലിസ്റ്റ് പാൎട്ടിയെ ഇണങ്ങെസ്പിയാക്കി മെരുക്കിയെടുക്കാൻ നാട്ടുകാരന്റെ വോട്ടെന്തിനായിരുന്നു? ജോണിന്റെ വിശ്വാസപ്രമേയത്തെ പി. എസ്. പി. അനുകൂലിക്കണമെന്നു് ശ്രീ. പി. എസ്. നടരാജപിള്ള ശ്രീ പട്ടത്തിനെ നേരത്തെ ഉപദേശിക്കുകയുണ്ടായി. ആ ഉപദേശം സ്വീകരിക്കാതെ ശ്രീ പട്ടം ഐക്യമുന്നണിയുമായി ചേൎന്നു് ജോൺമന്ത്രിസഭയെ പരാജയപ്പെടുത്തുകയാണു ചെയ്തതു്. അതും ഒരു വലിയ 'എങ്കിൽ രാഷ്ട്രീയ'മാണു്. പൊതുതെരഞ്ഞെടുപ്പിൽ ത്രികോണമത്സരം ഒഴിവാക്കുകയാണെങ്കിൽ— അങ്ങനെ കൂടുതൽ സീററുകൾ പി. എസ്. പി. ക്കു കിട്ടുകയാണെങ്കിൽ— ഐക്യമുന്നണിയുമായി സഹകരിക്കേണ്ടിവന്നാൽ അങ്ങനെ; അതല്ല, കോൺഗ്രസ്സുമായി സഹകരിക്കേണ്ടിവന്നാൽ അങ്ങനെ—എങ്ങനെയെങ്കിലും ഭരണകൂടത്തിൽ കയറിപ്പററണമെന്നുള്ള ഒരൊററ നോട്ടമ

ല്ലാതെ നയപരമോ, തത്വപരമോ ആദർശപരമോ ആയ യാതൊരു പരിഗണനയും ആ രാഷ്ട്രീയതയുടെ കുടിലമായ ഗതിവിഗതികളിൽ അന്തർഭവിച്ചിരുന്നില്ല. "കൂടുതൽ സീററുകിട്ടാനും, കാശു മിച്ചപ്പെടുത്താനും" ഉള്ള ഒരു തന്ത്രമായിരുന്ന ത്രികോണമത്സരനിവാരണമെന്നും, ആരു പിൻതുണ നല്കിയാലും "ദക്ഷിണ" കൈപ്പററുന്നതു പോലെ അതു് സ്വീകാര്യമാണെന്നുമാണു് പി. എസ്. പി. വിശ്വസിച്ചതു്. പക്ഷെ, തെരഞ്ഞെടുപ്പിൻെറ സമരരംഗങ്ങളിൽവച്ചു് അക്കാര്യം തുറന്നു പറയാൻ ആ ഭീരുക്കൾക്കു സാദ്ധ്യമായില്ലെന്നു മാത്രമേയുള്ളു. അതും ഒരു "എങ്കിൽരാഷ്ട്രീയ"മായിരുന്നു. കമ്യൂണിസ്ററുകാരുമായി തങ്ങൾക്കു യാതൊരു വേഴ്ചയുമില്ലെന്നും, അവരുമായി ചേർന്നു് ഒരു മന്ത്രിസഭ രൂപീകരിക്കുകയില്ലെന്നും പറഞ്ഞിരുന്നുവെങ്കിൽ, ഗ്രാമ്യഭാഷയിൽ പറഞ്ഞാൽ പി. എസ്. പിക്കു കൈനീട്ടം പോലും തെരഞ്ഞെടുപ്പിൽ ഇവിടെ നൽകുകയില്ലായിരുന്നു. സത്യസന്ധനും, ഈശ്വരഭക്തനും, മാന്യൻമായ ശ്രീ പട്ടം തൻെറ തെരഞ്ഞെടുപ്പുപ്രചരണപ്രസംഗങ്ങളിലൊന്നിലും ഐക്യമുന്നണിയോടു് അയിത്തമാചരിക്കുമെന്നു് വ്യക്തമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടില്ല. തെരഞ്ഞെടുപ്പിനുശേഷം ഐക്യമുന്നണിയിലെ നാല്പതംഗങ്ങളും, പി. എസ്. പിയിലെ 19 അംഗങ്ങളും ഉൾപ്പെടെ 59 അംഗങ്ങളുടെ പിൻതുണ തനിക്കുണ്ടെന്നു് രാജപ്രമുഖനെ അറിയിക്കുകയും, മന്ത്രിസഭ രൂപീകരിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്ത അവസരത്തിലും മുന്നണിയിൽ നിന്നു് ഒററപ്പെട്ട ഒരു നില താൻ സ്വീകരിക്കുമെന്നു് അദ്ദേഹം പ്രസ്താവിച്ചില്ല.

തന്നെ 59 അംഗങ്ങളുടെ ലീഡറായി തെരഞ്ഞെടുത്തതായുള്ള രേഖ കമ്യൂണിസ്ററുകാർ പതുക്കിവച്ചുകളഞ്ഞുവെന്നും, മന്ത്രിസഭയിൽ ചേരാൻ കമ്യൂണിസ്ററുകാർ വിലപേശിയെന്നും അങ്ങനെയൊന്നും ഉണ്ടാകാതിരുന്നുവെങ്കിൽ താൻ 59 അംഗങ്ങളുടെ നേതാവെന്ന നിലയിൽ മന്ത്രിസഭ രൂപീകരിക്കുമായിരുന്നുവെന്നും അദ്ദേഹം സൂചിപ്പിച്ചതുതന്നെയും കോൺഗ്രസ്സിൻെറ പിൻതുണയെപ്പററി അസന്നിഗ്ദ്ധമായ ഉറപ്പു ലഭിച്ചശേഷമാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ കോൺഗ്രസ്സിൻെറ പിൻതുണ വാഗ്ദാനം ചെയ്യുന്നതുവരെ ശ്രീ. പട്ടത്തിൻെറ "മനഃശാസ്ത്രം "എങ്കിൽ" രാഷ്ട്രീയത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ഐക്യമുന്നണി മന്ത്രിസഭ രൂപീകരിക്കുകയാണെങ്കിൽ അതിനെ പിൻതാങ്ങാമെന്ന് പി. എസ്. പിയുടെ സ്റ്റേററ്കമ്മിററി അവസാനനിമിഷത്തിലും പ്രഖ്യാപിച്ചു. ഇതിലെല്ലാം തത്വദീക്ഷയും, സത്യനിഷ്ഠയും എവിടെയാണെന്നു കണ്ടുപിടിക്കാൻ വിഷമമായിരിക്കുന്നു.

ഐക്യമുന്നണിയിലെ 59 അംഗങ്ങളുടെ നേതാവായി ശ്രീ. പട്ടത്തിനെ തെരഞ്ഞെടുത്തതായുള്ള ഒരു രേഖ തീർച്ചയായും ഉണ്ടു്; അല്ലെങ്കിൽ ഉണ്ടായിരുന്നു. പി. എസ്. പി. യുടെ നാഷനൽ എക്സിക്യൂട്ടീവ് മദ്രാസിൽ സമ്മേളിച്ചു്, തിരു-കൊച്ചിയിലെ മന്ത്രിസഭാകാര്യത്തെപ്പററി ആലോചന നടത്തിവരവേ, കമ്യൂണിസ്റ്റ് പോളിററ്ബ്യൂറോ മെമ്പർ സഖാവു് രാമമൂർത്തി തിരുവനന്തപു

രം പഴവങ്ങാടി മൈതാനത്തുവച്ച് "ആണഗുണ്ടയ്യാ"* മോഡലിൽ ഒരു പ്രസംഗം ചെയ്തു.

പി. എസ്. പി. യിലെ ഒരു നേതാവായ സഖാവ് വി. ഗംഗാധരനും, ആർ. എസ്. പി.യുടെ അനിഷേധ്യ നേതാവായ സഖാവു ശ്രീകണ്ഠൻനായരും രാമമൂത്തിയുടെ പ്രസംഗം കേട്ട് ക്ഷോഭിച്ചു. പി. എസ്. പി.യെപ്പററിയുള്ള ഒരു പൂരപ്പാട്ടായിരുന്നു രാമമൂത്തിയുടെ പ്രസംഗം. (അനവസരത്തിലുണ്ടായ അനാവശ്യം എന്നാണ് ആ പ്രസംഗത്തെപ്പററി സഖാവ് ശ്രീകണ്ഠൻ അഭിപ്രായപ്പെട്ടതു്.) "തെറിക്കുത്തരം മുറിപ്പത്തൽ" എന്നതാണ് സഖാവ് ശ്രീകണ്ഠൻെറ രാഷ്ട്രീയസിദ്ധാന്തം. ഏതു സാഹസത്തിനും മുന്നിട്ടിറങ്ങാൻ ആ സഖാവിനോളം ചങ്കുറപ്പുള്ളവർ ഈ നാട്ടിലില്ല. രാമമൂത്തിയുടെ പ്രസംഗം കേട്ടപാതി കേൾക്കാത്തപാതി ശ്രീകണ്ഠൻ മുണ്ടുമടക്കിയുടുത്തു് തലയിൽ വട്ടക്കെട്ടും കെട്ടി നേരെ കമ്മ്യൂണിസ്റ്റ്പാർട്ടി ആഫീസിലേയ്ക്കാണു യാത്രയായതു്. അവിടെ പാർട്ടി സിക്രട്ടറി സഖാവ് എം. എൻ. ഗോവിന്ദൻനായർ തൻെറ ഔദ്യോഗികജോലിയിൽ വ്യാപൃതനായിരിക്കുകയാ

* തിരുവനന്തപുരത്തു് കോൺഗ്രസ്സ്സ്ഥാനാത്ഥിയായി നിന്നു മത്സരിച്ച് പരാജയമടഞ്ഞ ശ്രീ. കെ. ആർ. ഇലങ്കത്തിൻെറ ഒരു തെരഞ്ഞെടുപ്പുപ്രവത്തകനായിരുന്നു അണ്ടഗുണ്ടയ്യാ. കമ്യൂണിസത്തെ ചുട്ടു ഭസ്മമാക്കുന്ന ആററംബാംബ് എന്ന അർത്ഥത്തിൽ അണ്ടഗുണ്ടയ്യാ എന്ന അപരനാമം അയാൾ സ്വയം സ്വീകരിച്ചതാണത്രേ. പഴവങ്ങാടിയിൽവച്ച് അണ്ടഗുണ്ടയ്യാ ഒരു പ്രസംഗം ചെയ്തിട്ടുണ്ട്. അശ്ലീലവും ആഭാസമയവും ആയ ആ പ്രസംഗം യോഗത്തിൽ ഒരു വലിയ കോളിളക്കത്തിനു കാരണമാവുകയും അടികൊള്ളാതെ ഓടി രക്ഷപെടാൻ അണ്ടഗുണ്ടയ്യാ നിർബന്ധിതനാവുകയുംചെയ്ത വാത്തയാണ് ഇവിടെ സൂചിപ്പിക്കുന്നതു്.

യിരുന്നു. "എട്ടക്കു ആ കടലാസ്—ഉം വേഗം" എന്നു് ശ്രീകണ്ഠൻനായർ ഉച്ചത്തിൽ അലറി. "ഏതു കടലാസ്!" എന്നു്. എം. എൻ. അമ്പരന്നു. പട്ടത്തിനെ പാർട്ടി ലീഡറായി തെരഞ്ഞെടുത്തുകൊണ്ടു് 59 അംഗങ്ങൾ ഒപ്പിട്ട കടലാസ് ഉടൻ തൻെറ കൈയിൽ ഏല്പിക്കാൻ ശ്രീകണ്ഠൻ ആവശ്യപ്പെട്ടു. ഇതെല്ലാം കണ്ടു് എം. എൻ. പുഞ്ചിരിതൂകി. "നിൻെറ ചിരിയും കളിയും! ചിരിച്ചു കഴത്തറക്കുന്ന രാഷ്ട്രീയമൊന്നും ശ്രീകണ്ഠനോടു് എടുക്കരുതു്." എന്നു് ആ ക്രോധാകുലൻ ഗജ്ജിച്ചു.

"പത്തൽരാഷ്ട്രീയത്തിൻെറ പ്രണേതാവേ! അങ്ങു ക്ഷോഭിക്കാതിരിക്കുക. കാര്യമെന്താണെന്നു കേൾക്കട്ടെ." എന്നു് മന്ദഗതിയിൽ സംഗതികൾ തിരിച്ചുവിടാൻ എം. എൻ. ഒരു ശ്രമം നടത്തി. പക്ഷേ, ശ്രീകണ്ഠൻനായരുണ്ടോ വിടുന്നു! എം. എൻ.ൻെറ മമ്മത്തിൽ പിടിമുറുക്കിക്കൊണ്ടാണു് ശ്രീകണ്ഠൻ രാഷ്ട്രീയം സംസാരിച്ചതു്. കമ്യൂണിസ്റ്റ്നേതാവിൻെറ യുക്തിവാദമെല്ലാം വിഫലമായി. തുടന്നു് ഒരു ഗുസ്തിതന്നെ അവിടെ നടന്നു. ഒടുവിൽ "കൂടുതൽ ബലവാനായ" ആർ. എസ്. പി. നേതാവു് എം. എൻെറ കൈയിൽനിന്നു് ആ കടലാസ് പിടിച്ചുവാങ്ങി തുണ്ടുതുണ്ടായി കീറി എറിഞ്ഞശേഷമേ സ്ഥലം വിട്ടുള്ളു. ഒരുപക്ഷേ, അതു് ആ രേഖയുടെ പകപ്പായിരിക്കാം. ഏതായാലും അങ്ങനെയൊരു രേഖയുണ്ടായിരുന്നു എന്നുള്ളതു പരമാത്ഥമാണു്.

59 പേരുടെ നേതാവെന്ന നിലയിൽ രാജപ്രമുഖനെ ആദ്യം സന്ദർശിച്ച ശ്രീ. പട്ടം ഒടുവിൽ 19 അംഗങ്ങളുടെ നേതാവായിട്ടാണു് മന്ത്രിസഭ രൂപീകരിക്കാനു

ള്ള അനുമതി രാജപ്രമുഖനിൽനിന്ന വാങ്ങിയതു്. ശ്രീ. പട്ടം നാഷനൽ എക്സിക്യൂട്ടീവു് യോഗത്തിൽ സംബന്ധിക്കാനായി പോകുമ്പോഴും താൻ 59 അംഗങ്ങളുടെ നേതാവാണെന്ന് അഭിമാനിച്ചിരുന്നു. ആ നിലയിൽ ഒരു മന്ത്രിസഭ രൂപീകരിക്കാൻ നാഷനൽ എക്സിക്യൂട്ടീവു് തനിക്കു് അനുമതി നൽകിയില്ലെങ്കിൽ, അവരുടെ തീരുമാനത്തെ ലംഘിക്കുവാൻപോലും താൻ മടിക്കുകയില്ലെന്നു് അദ്ദേഹം സ്വയം ധരിക്കുകയും, അന്യരെ ധരിപ്പിക്കുകയും ചെയ്തിരുന്നു. രാമമൂൎത്തിയുടെ പ്രസംഗത്തിൻെറ പൂൎണ്ണരൂപം അന്നുരാത്രിതന്നെ കമ്പിമൂലം മദ്രാസിൽ അറിയിച്ചതിൻെറ പശ്ചാത്തലത്തിലാണു് നാഷനൽ എക്സിക്യൂട്ടിവിൻെറ ആലോചനകൾ പുരോഗമിച്ചതു്. ഇതിനിടയിൽ ശ്രീ. പനമ്പിള്ളിയും, പി. എസ്. പി. ജനറൽ സിക്രട്ടറി അശോകമേത്തായും തമ്മിലും, നെഹ്റുവും ആചാൎയ്യകൃപലാനിയും തമ്മിലും മററും ഉയൎന്നനിലയിലുള്ള ചില ആലോചനകൾ നടന്നിരുന്നു. നാഷനൽ എക്സിക്യൂട്ടിവിൽ ശ്രീ. പട്ടത്തിനു് അദ്ദേഹത്തിൻെറ നില സാധൂകരിക്കുവാൻ കഴിഞ്ഞില്ല. തെരഞ്ഞെടുപ്പു കാലത്തു് ഐക്യമുന്നണിപ്രവൎത്തകരുടെ ഇടയിലും, ജനങ്ങളുടെ ഇടയിലും താൻ ചില ധാരണകളും, പ്രതീക്ഷകളും പരത്തിയിട്ടുണ്ടെന്നും, അതെല്ലാം വിസ്മരിച്ചു് ഒററപ്പെട്ട ഒരു നില സ്വീകരിക്കാൻ തനിക്കു് എളുപ്പമല്ലെന്നും അദ്ദേഹം നാഷനൽ എക്സിക്യൂട്ടിവിനെ അറിയിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. "നിങ്ങൾ ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾക്കു് നാഷനൽ എക്സിക്യൂട്ടിവു് ഉത്തരവാദിയല്ല." എന്ന നിരാശാജനകമായ മറുപടിയാണു് ആ

യോഗത്തിൽവെച്ച് ശ്രീ. പട്ടത്തിനു കേൾക്കേണ്ടിവന്നത്. അഭിമാനിയായ ആ തിരുവിതാംകൂറുകാരൻ അവരുടെ വിധി ശിരസാ വഹിച്ചു.

തിരു-കൊച്ചിയുടെ കാര്യങ്ങൾ തീരുമാനിക്കാൻ തിരു-കൊച്ചിയിലെ നേതാക്കൾക്കോ, ഈ സംസ്ഥാനത്തിലെ ജനങ്ങൾക്കോ അവകാശമില്ലാത്ത നിസ്സഹായമായ നിലയിലാണ് ഇവിടത്തെ രാഷ്ട്രീയകാര്യങ്ങൾ എത്തിയിരിക്കുന്നത്. പൊതുതെരഞ്ഞെടുപ്പിൽ ജനങ്ങൾ നൽകിയ വിധിയെപ്പോലും മാററിമറിക്കാൻ ഡെൽഹിയിലോ, ബോംബെയിലോ, മദ്രാസിലോ ഉള്ള അംഗുലീപരിമിതരായ ഒരുകൂട്ടം ആളുകൾക്കു കഴിയും. ഇവിടത്തെ രാഷ്ട്രീയപാർട്ടികളായി നില്ക്കുന്ന യാതൊരു കക്ഷിക്കും തിരു-കൊച്ചിയോട് നിരുപാധികമായ ഉത്തരവാദിത്വം വഹിക്കാൻ കഴിയുന്നതല്ല. കോൺഗ്രസ്സിന്റെ തീരുമാനങ്ങൾ അവരുടെ ഹൈകമാൻഡിന്റെ ഹിതാഹിതങ്ങൾക്കു വിധേയമായിരിക്കും. പി. എസ്. പി. നാഷനൽ എക്സിക്യൂട്ടിവിന്റെ തീരുമാനങ്ങൾ പട്ടത്തിന്റെ പാർട്ടി ശിരസാ വഹിക്കണം. കമ്യൂണിസ്റ്റ്പാർട്ടി, പോളിററ്ബ്യൂറോവിന്റെ ദാസന്മാരെന്ന നിലയിലാണ് പെരുമാറുന്നത്. ആർ. എസ്. പി. മാർക്സിസത്തിന്റെ വ്യാഖ്യാനത്തിനാണ്, നാടിന്റെ താല്പര്യങ്ങളേക്കാൾ മുൻഗണന നൽകുന്നത്. കേരളാ സോഷ്യലിസ്റ്റ്പാർട്ടി അതിന്റെ പേരുകൊണ്ട് കേരളീയമാണെങ്കിലും പ്രായോഗികമായ യാതൊരു കേരളപരിപാടിയും അവക്കില്ല. തമിഴ്നാട്ടുകോൺഗ്രസ്സ് തിരു-കൊച്ചിയുടെ ഒരു ഭാഗത്തെയ്ക്കുമാത്രമേ ഉത്തരവാദിത്വം വഹിക്കുന്നുള്ളൂ. കമ്യൂണി

KOTTAYAM PUBLIC LIBRARY KOTTAYAM

സ്റ്റ്വിരുദ്ധമുന്നണി അമേരിക്കൻ ഡോളർ റോം വഴിക്ക് വാങ്ങി യുദ്ധകുതുകികളായ അമേരിക്കാക്കാരുടെ സാമ്രാജ്യതാല്പര്യങ്ങൾ നിലനിർത്തുന്നതിനുവേണ്ടി ഗുണ്ടാരാഷ്ട്രീയം തൊഴിലാക്കിയിരിക്കുന്ന ഒരു പാർട്ടിയാണ്. തിരു-കൊച്ചിയോടും, കേരളത്തിന്റെ മണ്ണിനോടും നിരുപാധികമായ ഉത്തരവാദിത്വം വഹിക്കുന്ന ഒരൊററ ദേശീയ പാർട്ടിപോലും ഇവിടെയില്ല. സ്വന്തം നാടിന്റെ താല്പര്യങ്ങളെല്ലാം ബലികഴിച്ച് അഖിലേന്ത്യാദേശീയതയ്ക്കുവേണ്ടിയും, സാർവ്വദേശീയതയ്ക്കുവേണ്ടിയും കണ്ഠക്ഷോഭം ചെയ്യുന്ന നിരുത്തരവാദപരമായ ചാപല്യമാണ് ഇവിടത്തെ പാർട്ടികൾ പ്രദർശിപ്പിക്കുന്നത്. ഇക്കാരണത്താൽ ജനങ്ങളുടെ വിഭാഗീയമായ പിൻതുണയല്ലാതെ, പൊതുവായ ഒരു പിൻതുണ ഈ നാട്ടിൽ നേടാൻ ഒരൊററ പാർട്ടിക്കും കഴിയാതെ പോയത് അത്ഭുതമല്ല. കേരളത്തിന്റെ മണ്ണിൽ വേരുറച്ചതും, നാട്ടുകാരുടെ ഹൃദയത്തിൽ വളർന്ന് പന്തലിച്ചുനില്ക്കുന്നതുമായ ഒരു ദേശീയ പാർട്ടിയുടെ അഭാവത്തിൽ നാട്ടുകാർ ഭിന്നചേരികളിൽ അണിനിരത്തുവാനും, അങ്ങനെ സ്വന്തം കക്ഷിതാല്പര്യങ്ങൾ പുലർത്തുവാനുംവേണ്ടി രാഷ്ട്രീയകാര്യങ്ങളേയും ഭരണകാര്യങ്ങളേയും കക്ഷിപ്രവർത്തകന്മാർ വളയ്ക്കുകയും, തിരിക്കുകയും താറുമാറാക്കുകയും ചെയ്യുന്നു.

അഖിലേന്ത്യാപരവും, സാർവ്വദേശീയവുമായ ഒരു വിശാലചിന്താഗതി ഈ നാട്ടുകാരിൽ ഉണ്ടാകുന്നതിനുതന്നെയും ഇത്തരം പാർട്ടികളുടെ പ്രവർത്തനം ഒരു പ്രതിബന്ധമായത്തീർന്നിരിക്കുകയാണ്. മൗലികവും, അടിസ്ഥാനപരവുമായ ഒരു ദേശീയസങ്കല്പം ജനഹൃദയങ്ങ

ളിൽ രൂഢമൂലമായിരുന്നാൽ മാത്രമേ, വിശാലമായ ദേശീയതയിലേയ്ക്കുള്ള രാജപാത അവക്ക് തുറന്നുകിട്ടുകയുള്ളു. തിരുവിതാംകൂർ, തിരുവിതാംകൂറായും കൊച്ചി, കൊച്ചിയായും നിലനിന്നിരുന്ന കാലത്തു്, നൂററാണ്ടുകാലത്തെ പഴക്കമുള്ള ഒരു ദേശീയപാരമ്പര്യം ഇവിടത്തെ ജനങ്ങളെ ആവേശം കൊള്ളിച്ചിരുന്നു. തിരുവിതാംകൂർ-കൊച്ചി സംയോജനത്തോടുകൂടി ആ പാരമ്പര്യത്തിൻെറ നാരായവേരുപോലും അററുപോവുകയാണുണ്ടായതു്.

തിരു-കൊച്ചിയെന്ന പൊതുസങ്കല്പം യാതൊരു പുതിയ പ്രത്യാശകളും ജനഹൃദയങ്ങളിൽ ഉളവാക്കുന്നില്ലെന്നുള്ളതു് ഒരു പരമാത്ഥം മാത്രമാണു്. ഈ മലനാട്ടിലെ ജനങ്ങൾക്കിടയിൽ ഇനി ഒരു പുതിയ ദേശീയചിന്താഗതി വളരണമെങ്കിൽ മലയാളികൾ എന്ന ഏകഭാവനയിൽ അവരെ ഇണക്കി ബന്ധിപ്പിക്കുന്ന രാഷ്ട്രീയസാഹചര്യങ്ങൾ സംജാതമായേ മതിയാവൂ. കന്യാകുമാരി മുതൽ കാസ്രകോടുവരെയുള്ള മലയാളികൾ മുഴവൻ അവരുടെ ഭാവിഭാഗധേയങ്ങൾ ഒരൊററ ജനതയെന്ന നിലയിൽ രൂപീകരിക്കുവാൻ ഐക്യകേരളം ഒഴിച്ചുകൂടാത്ത ആവശ്യവും, തിരു-കൊച്ചിയുടെ കുഴപ്പം പിടിച്ച രാഷ്ട്രീയപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ഉറച്ച ഉപാധിയുമായിരിക്കും. ഇക്കാര്യത്തിൽ ഏററവും വലിയ തടസ്സമായി നിൽക്കുന്നതു് ഇവിടത്തെ കോൺഗ്രസ്സ് പാർട്ടിയാണു്. ഈ പാർട്ടിയുടെ പ്രവത്തനം ഇവിടെ അവസാനിച്ചാൽ മാത്രമേ രാഷ്ട്രീയജീവിതം ശുദ്ധമാവുകയുള്ളു. അത്രയധികം മാലിന്യങ്ങളാണു് ഈ പാർട്ടിയുടെ പ്രവത്തനങ്ങൾ മൂലം രാഷ്ട്രീയരംഗത്തു കുമിഞ്ഞുകൂ

ടിക്കിടക്കുന്നതു്. കോൺഗ്രസ്സിനോടുള്ള വിദ്വേഷം കൊണ്ടു മാത്രം ശക്തിപ്പെട്ടിട്ടുള്ള ഇവിടത്തെ ഇടതുപക്ഷപാർട്ടികൾ പൊതുശത്രുവിൻെറ അന്തർദ്ധാനത്തോടു കൂടി ഒരു പുതിയ ചൈതന്യം പ്രദർശിപ്പിക്കാൻ നിർബന്ധിതരാകും. കേരളത്തെ മുഴുവൻ പ്രതിനിധീകരിക്കുന്നതും, കേരളത്തിൻെറ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ വിശാലമായ ദേശീയതാല്പര്യങ്ങൾക്കു വേണ്ടി നിലകൊള്ളുന്നതുമായ ഒരു ദേശീയകക്ഷി ഉടലെടുത്തു വളരാൻ സഹായകമായ ഒരു രാഷ്ട്രീയകാലാവസ്ഥ തെളിയണമെങ്കിൽ കോൺഗ്രസ്സിൻെറ കാർമ്മേഘപടലങ്ങൾ അന്തരീക്ഷത്തിൽ നിന്നു വിട്ടകലണം.

ഇന്ത്യൻ യൂണിയൻെറ രാഷ്ട്രീയഭൂപടത്തിൽ കേരളത്തിനും, കാഷ്മീറിനും തുല്യപ്രാധാന്യമുണ്ടു്. സമരതന്ത്രപരമായ പശ്ചാത്തലത്തിലാണു് ഈ രണ്ടു പ്രദേശങ്ങളുടേയും പരമമായ പ്രാധാന്യം സ്ഥിതിചെയ്യുന്നതു്. കാഷ്മീറിലെ നാഷനൽ കോൺഫറൻസ് ആ സംസ്ഥാനത്തിൻെറ രാഷ്ട്രീയജീവനാഡിയായിട്ടാണു് ഇന്നും നിലനിൽക്കുന്നതു്. കാരണം, കാഷ്മീറിലെ മണ്ണിൽ അടിയുറച്ചു നിൽക്കുന്ന പാർട്ടിയാണതു്. ആ ദേശീയസംഘടന കോൺഗ്രസ്സിൽ ലയിച്ചിട്ടില്ല. തിരുവിതാംകൂറിലേയും കൊച്ചിയിലേയും ദേശീയസംഘടനകൾ കോൺഗ്രസ്സിൽ ലയിപ്പിച്ചതിൻെറ ദുരന്തഫലങ്ങളാണു് ഇന്നിവിടെ കാണുന്നതു്. ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ പ്രാഥമികദേശീയബോധത്തെപ്പോലും നാമാവശേഷമാക്കിയ പിന്തിരിപ്പൻ സംഘടനയാണു് ഇവിടത്തെ കോൺഗ്രസ്സ്. സാക്ഷരത്വത്തിലും, സംസ്കാരസമ്പത്തിലും, രാഷ്ട്രീയപ്ര

ബുദ്ധതയിലും ഇന്ത്യയിലെ മററേതൊരു ഭാഗത്തോടും കിടപിടിക്കുന്ന ഒരു ജനത ഭദ്രമായ ഒരു ഗവമ്മെൻറു രൂപീകരിച്ച് സ്വയം ശക്തിപ്പെടാനും, മാതൃഭൂമിയെ ശക്തിപ്പെടുത്താനും കഴിയാതെ വിഷമിക്കുന്ന ഒരു നിലപാടിൽ സ്ഥിതിഗതികളെ എത്തിച്ചതു് ഈ കോൺഗ്രസ്സല്ലാതെ മററാരുമല്ല. മൈസൂരും തിരു-കൊച്ചിയെപ്പോലെ പുരോഗമിച്ചിട്ടുള്ള ഒരു സംസ്ഥാനമാണു്. പക്ഷേ, അഭിമാനമുള്ള മൈസൂറുകാർ അവരുടെ ദേശീയബോധത്തെ പട്ടേലിൻെറ മുമ്പിൽ അടിയറ വെച്ച് സ്വയം നശിക്കാൻ തയ്യാറായില്ല. കേരളത്തിനും അതിൻെറ ജന്മസിദ്ധമായ അവകാശം ഇൻഡ്യൻ രാഷ്ട്രീയഭൂപടത്തിൽ സിദ്ധിക്കത്തക്ക വിധം ഇവിടത്തെ കോൺഗ്രസ്സ നേതാക്കന്മാർ ബുദ്ധിപൂർവ്വം പ്രവർത്തിക്കുകയും, ഒരു ദേശീയപാർട്ടിയെന്ന നിലയിൽ ഭരണം നടത്തുകയും ചെയ്തിരുന്നുവെങ്കിൽ ഈ അധഃപ്പതനം അവക്കോ, ഈ സംസ്ഥാനത്തിനോ ഉണ്ടാകുമായിരുന്നില്ല. മററു നാട്ടുരാജ്യങ്ങളുടെ പട്ടികയിൽ പൊരുത്തപ്പെട്ടു നിൽക്കത്തക്ക വിധം നമുക്കുള്ള പലതും വെട്ടിമുറിക്കാനും, കുറക്കാനും, നീട്ടാനും, വേറെ ചിലതു കൂട്ടിച്ചേക്കാനും നമ്മുടെ ഭരണാധികാരികൾ തയ്യാറായി. ഒരു നിയമസഭ പോലും ഇല്ലാതിരുന്ന പല നാട്ടുരാജ്യങ്ങളിലും കോൺഗ്രസ്സ് വളരുകയും ശക്തിപ്പെടുകയും ചെയ്തതിനു വിപരീതമായി ഇവിടെ ഇങ്ങനെയൊക്കെ സംഭവിച്ചതു്, ജനങ്ങളുടെ ബോധക്കൂടുതൽകൊണ്ടും നേതാക്കളുടെ ബോധക്കുറവുകൊണ്ടും മാത്രമായിരുന്നു. ബ്രിട്ടീഷ് ഇന്ത്യൻ പ്രോവിൻസുകളിൽ ജനസേവനത്തിൻെറ ഒരു പാരമ്പര്യമെങ്കിലും നാട്ടുകാരു

ടെ മുമ്പിൽ എടുത്തു കാണിക്കാൻ കോൺഗ്രസ്സിനു കഴിഞ്ഞിരുന്നു. തിരു-കൊച്ചിയിലെ നില ഇതിൽ നിന്നെല്ലാം ഭിന്നമാണു്.

കോൺഗ്രസ്സിൻെറ പിൻതുണയോടു കൂടി ഇവിടെ ആവിർഭവിച്ചിരിക്കുന്ന സോഷ്യലിസ്റ്റ് മന്ത്രിസഭ അതിൻെറ പ്രായോഗികമായ അംശങ്ങളിൽ ഒരു കോൺഗ്രസ്സ് മന്ത്രിസഭ തന്നെയായിരിക്കുമെന്നു മാത്രമല്ല, പല കാര്യങ്ങളിലും കോൺഗ്രസ്സിനെക്കാൾ പിൻതിരിപ്പനുമായിരിക്കും. ഭദ്രമായ ഒരു ഗവമ്മെൻറും, പ്രസിഡണ്ടുഭരണം ഒഴിവാക്കലും മാത്രമല്ല നാട്ടുകാരുടെ ആവശ്യം. പുരോഗമനപരമായ ഒരു ഭരണമാണു് അവർ ആവശ്യപ്പെടുന്നതു്. ജനാഭിലാഷങ്ങളെല്ലാം, ശ്രീ പട്ടത്തിൻെറ മന്ത്രിസഭയെ നിലനിർത്താൻ വേണ്ടി മരവിപ്പിക്കുന്ന ഗൂഢാലോചനയ്ക്കു നാട്ടുകാരുടെ സഹകരണം ലഭിക്കുകയില്ല. നിയമസഭയിൽ കോൺഗ്രസ്സും, സോഷ്യലിസ്റ്റ് പാർട്ടിയും, തമിഴ്നാടുകോൺഗ്രസ്സും (ഒരു പക്ഷേ, ആർ. എസ്. പി-യും, കെ. എസ്. പി-യും പോലും) ഈ മരവിപ്പിക്കൽ രാഷ്ട്രീയത്തെ പിൻതാങ്ങിക്കൊണ്ടു ഭരണത്തെ ഭദ്രമാക്കാനും, തങ്ങളുടെ നിയമസഭാസ്ഥാനങ്ങൾ അഷ്ടബന്ധമിട്ടുറപ്പിക്കാനും, മന്ത്രിസഭാസങ്കീർത്തനം പാടാനും തുനിഞ്ഞേക്കാം. "എങ്കിൽ രാഷ്ട്രീയ"ത്തിൻെറ പശ്ചാത്തലത്തിൽ അങ്ങനെയൊക്കെ വരികയാണെങ്കിൽ നാട്ടുകാരൻെറ ഏക പാർട്ടിയെന്ന നിലയിൽ കമ്യൂണിസ്റ്റ് പാർട്ടിയെയായിരിക്കും ബഹുജനങ്ങൾ ഉററു നോക്കുന്നതു്. കമ്യൂണിസ്റ്റ് പാർട്ടിയെ ഒററപ്പെടുത്താനുള്ള വ്യാപകമായ ഗൂഢാലോചനയിൽ നിന്നായിരിക്കാം പട്ടം മന്ത്രിസഭയു

ടെ ഉത്ഭവം. പക്ഷേ, ആ ഒരൊററ കാരണത്താൽ തന്നെ, കമ്യൂണിസ്റ്റ് പാർട്ടി ജനങ്ങളുടെ പാർട്ടിയെന്ന നിലയിൽ ഉയരാനും, വളരാനും, അന്തിമവിജയം നേടാനുമുള്ള സാദ്ധ്യതകൾ വർദ്ധിച്ചിട്ടുമുണ്ട്. ജനങ്ങളുടെ ശബ്ദം ദൈവത്തിൻെറ ശബ്ദമാണ്. ഉപജാപകന്മാർ അതു കേൾക്കുകയില്ല. അവസരസേവകന്മാൎക്ക് അതു കേൾക്കുവാൻ സമയമോ, സൗകര്യമോ, സാവകാശമോ ലഭിച്ചില്ലെന്നു വന്നേക്കാം. പൊതുജനങ്ങൾ കഴുതകളാണെന്നും, അവർ ആരുടെ വിഴുപ്പും ചുമന്നുകൊള്ളുമെന്നും പിൻതിരിപ്പന്മാർ സങ്കല്പിച്ചേക്കാം. നാട്ടിലാകമാനം ഒരു രാഷ്ട്രീയവെള്ളപ്പൊക്കമുണ്ടായാൽ വോട്ടുകൾ ആ ജലപ്രളയത്തിൽ ഒഴുകി വരുമെന്നും, ആ തക്കം നോക്കി വലവീശാമെന്നും വ്യാമോഹിക്കുന്നവരും കണ്ടേക്കാം. എന്നാൽ, ഐക്യമുന്നണിയുടെ നേതാവെന്ന നിലയിൽ—കോൺഗ്രസ്സിൻെറ ശത്രുവെന്ന നിലയിൽ—ജനങ്ങളുടെ ആശയാഭിലാഷങ്ങളുടെ പ്രതിരൂപമെന്ന നിലയിൽ—ഒരു ജനകീയമുഖ്യമന്ത്രിയെന്ന നിലയിൽ—ശ്രീ പട്ടം ഭരണഭാരമേറെറടുക്കുമെന്ന പ്രതീക്ഷ വഞ്ചിക്കപ്പെടുകയും, ജനങ്ങളുടെ അംഗീകാരമില്ലാതേയും, ജനങ്ങൾ നിന്ദിച്ചുതള്ളിയ കോൺഗ്രസ്സിൻെറ പിൻതുണയോടുകൂടിയും ഒരു പി. എസ്. പി. മന്ത്രിസഭയുടെ തലവനെന്ന നിലയിൽ പ്രിയതരനായ ആ നേതാവ് പരിതാപകരമായ സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടുകയും ചെയ്തതോടുകൂടി ഹരിശ്ചന്ദ്രനെപ്പോലും വിശ്വസിച്ചുകൂടാ എന്ന പാഠം തിരു-കൊച്ചിയിലെ ജനങ്ങൾ പഠിച്ചിരിക്കുന്നു. ജനാധിപത്യം ദുഷിച്ചാൽ അതു് എത്രമാത്രം ദുഷിക്കുമെന്നുള്ള

തിന് ഒരതിരില്ല. ശ്രീ പട്ടത്തിൻെറ നില വ്യത്യസ്തമാണ്. ആ ശുദ്ധഹൃദയനിൽ നിന്ന് ഈ കടുംകൈ ആരും പ്രതീക്ഷിച്ചതല്ല. യഥാത്ഥത്തിൽ തിരു-കൊച്ചിയിലെ ജനങ്ങളുടെ മുതുകിൽ ഇത്ര നിർദ്ദയമായ ഒരു പ്രഹരമേല്പിക്കാൻ ആക്കും കഴിഞ്ഞിട്ടില്ല. "താണുപിള്ളസ്സാറേ, കടുപ്പം! കടുപ്പം!" എന്ന് ആലപ്പുഴയിലെ നാവികത്തൊഴിലാളികൾ ഉറക്കെ നിലവിളിച്ചതു്, മാർച്ച 16-ാംതീയതിയിലെ പട്ടാഭിഷേകത്തിൻെറ നേക്ക ബഹുജനങ്ങൾക്കുണ്ടായ ധമ്മരോഷത്തിൻെറ കഠോരമായ ഒരു പ്രതിദ്ധ്വനിയായിരുന്നു.

★